# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.5, August 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


## നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ
### So run that you may obtain

5



പാസ്റ്റർ റ്റി.റ്റി. തോമസ്

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

ഓട്ടക്കളത്തിൽ ഓടുമ്പോൾ തടസങ്ങൾ പലതും ഉണ്ടാകും. എന്നാൽ അതൊക്കെ ഗണ്യമാക്കാതെ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന വിരുതിനെ ലക്ഷ്യമാക്കി പ്രതിബന്ധങ്ങളെ, മാർഗ്ഗ തടസങ്ങളെ അതിജീവിച്ച് നമ്മുടെ ഓരോ ചുവടും സൂഷ്മതയോടെ വെച്ച് മുന്നേറുവാൻ നമുക്ക് ഉത്സാഹിക്കാം. ഓട്ടം തികച്ച കർത്താവായിരിക്കണം നമ്മുടെ ലക്ഷ്യം.

നമ്മുടെ ഓട്ടത്തെ തടസപ്പെടുത്തുന്ന ആന്തരികവും വ്യക്തിപരമായതുമായ കാര്യങ്ങൾ എബ്രാ. 12:1-4 കാണുവാൻ കഴിയും. 'ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക'...... പൗലോസ് ഇവിടെ പറയുന്നത് ലോകപ്രകാരം ഉള്ള ഏതെങ്കിലും ഭാരത്തെക്കുറിച്ചല്ല. ക്രിസ്തീയ ജീവിതത്തിന്റെ പുരോഗതിയെ തടസപ്പെടുത്തുന്ന വസ്തുക്കളെക്കുറിച്ചാണ്. ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയെക്കാൾ നാം മുൻതൂക്കം കൊടുക്കുന്ന എന്ത് തന്നെയായാലും ഈ ഭാരത്തിന്റെ കൂട്ടത്തിൽ വരും.

മറ്റൊന്ന് മുറുകെ പറ്റുന്ന പാപമാണ്. ഇവിടെ പാപത്തിന് ഗ്രീക്കിൽ 'ഹമാർട്ടിയ' എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ലക്ഷ്യം തെറ്റിക്കുന്ന പാപം എന്നാണിതിനർത്ഥം. ധാർമികമായി നമ്മെ തെറ്റിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പാണ് ഇവിടെ കാണുന്നത്. സാധാരണയായി നാം പാപം ചെയ്യുന്ന 3 വിധത്തിലൂടെയാണ്, ചിന്തകളിലൂടെ വാക്കുകളിലൂടെ പ്രവൃത്തിയിലൂടെ. മനുഷ്യൻ മുൻതൂക്കം കൊടുക്കുന്നത് പ്രവൃത്തിയിൽക്കൂടി വരുന്ന പാപത്തിനാണ്. എന്നാൽ കർത്താവ് നമുക്ക് മുന്നറിയിപ്പ് തരുന്നത് മത്തായി 5:27-30 വരെയുള്ള വാക്യങ്ങൾ കാണാവുന്നതാണ്. 'ഞാനോ നിങ്ങളോടു പറയുന്നതു: സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു അവളോടു പാപം ചെയ്തുപോയി'(മത്താ.5:28).

വാക്കുകളിലൂടെയുള്ള പാപത്തെക്കുറിച്ച് സങ്കീർത്തനം 39:1 -ൽ 'നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു'.

.....ശേഷം 17 -ാം പേജിൽ



*ഹലോ ഹോപ്പിന്റെ മാനേജിംഗ് എഡിറ്ററും ഡയറക്ടറുമായ ഡോ. ചെറിയാൻ മാത്യൂസ് കുടുംബമായി ദീപ്തി സ്പെഷ്യൽ സ്ക്കൂൾ, മണക്കാല, അടൂർ സന്ദർശിച്ചപ്പോൾ മുമ്പുള്ളതിനേക്കാളും പ്രാർത്ഥനയും സഹായവും ദീപ്തി സ്പെഷ്യൽ സ്ക്കൂളിന് അത്യന്താപേക്ഷിതമാണെ് മനസിലാക്കുകയും ഡോ. മാത്യു സി. വർഗീസിനോടും ഡോ. സൂസൻ മാത്യുവിനോടും അവിടെയുള്ള കുഞ്ഞുങ്ങളോടും മാതാപിതാക്കളോടും മറ്റു സ്റ്റാഫ് അംഗങ്ങളോടും സമയം ചിലവഴിക്കാനും ദൈവം അവസരം ഒരുക്കി.*

## ദൈവം തന്ന മക്കളും, ദീപ്തിയും...

ഡോ. മാത്യു സി. വർഗീസിനും ഡോ.സൂസൻ മാത്യുവിനും ദൈവം നൽകിയ നാലാമത്തെ മകനായ ജ്യോതിഷിലുടെ നൽകിയ ഒരു ശുശ്രൂഷയാണ് ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളുടെ പരിചരണം എന്നത്. ഓട്ടിസം, സെറിബ്രൽ പാൾസി, ഡൗൺ സിൻഡ്രോം തുടങ്ങിയ മാനസിക വെല്ലുവിളികൾ നേരിടുന്ന കുഞ്ഞുങ്ങളുടെ കളിചിരികളുടെ ലോകമാണ് ദീപ്തി സ്പെഷ്യൽ സ്ക്കൂൾ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ.

തങ്ങളുടെ മകൻ ജ്യോതിഷിന്റെ ശാരീരിക ബുദ്ധിമുട്ടുകൾ മനസിലാക്കിയ ഡോ. മാത്യു വർഗീസും ഡോ.സൂസൻ മാത്യുവും ദീപ്തി സ്പെഷ്യൽ സ്ക്കൂളിലൂടെ അതുപോലുള്ള അനേകം കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളായി മാറുകയായിരുന്നു. ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളെ മാറ്റിനിർത്തരുതെന്നും പകരം ഏതൊക്കെ വഴികളിലൂടെ പിന്തുണയ്ക്കാൻ കഴിയുമോ ആ പിന്തുണ നൽകണം എന്ന് ജീവിതത്തിലൂടെ സമൂഹത്തോട് പറയുകയാണിവർ. ഈ വിധത്തിലുള്ള കുഞ്ഞുങ്ങളുടെ മാതാപിതാക്കളോട് പറയുന്നതോ ദൈവം നമുക്ക് നൽകിയിരിക്കുന്ന ദാനങ്ങളെ, ഉദരഫലമാകുന്ന പ്രതിഫലങ്ങളെ ഒരു നിയോഗമായി ഏറ്റെടുക്കണം എന്നാണ്.


.....ശേഷം 16 -ാം പേജിൽ

## *HH* കുഞ്ഞാപ്പി & ഇന്നാമ്മ





*Few Copies*
*Now available in Bahrain*




*A wonderfully crafted book which reveals a set of simple yet potential ideas which will improve quality of anyone's life.*

**Please Contact:**
**39336575**
**38383399**
*(More details and review on Page 25)*




*HH Family wishes a blessed married life to*

SATHYAJITH & SARANYA

# EDITORIAL അത് കർത്താവ് ആകുന്നു...



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

കർത്താവിന്റെ പരസ്യ ശുശ്രൂഷ അത്ഭുതങ്ങളുടെ ഘോഷയാത്രയായിരുന്നു. സകലഭൂചരജന്തുക്കളുടെ മേലും നിയന്ത്രണമുണ്ടായിരുന്ന കർത്താവ് തന്റെ പ്രവൃത്തികൾക്കായി സകലത്തേയും ഉപയോഗിച്ചു.അത്ഭുതങ്ങളുടെ സ്പർശമേൽക്കാത്തതായി ഒന്നും തന്നെ ഉണ്ടായിരുന്നില്ല.കർത്താവ് ശിഷ്യന്മാരോടുള്ള ബന്ധത്തിൽ അനേക അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്കുവേണ്ടി അത്ഭുതങ്ങൾ ചെയ്യുന്നതിനും ശിഷ്യന്മാർ സാക്ഷിയായിട്ടുണ്ട്.

അത്ഭുതങ്ങൾ ചെയ്യാൻ കർത്താവ് ബുദ്ധിമുട്ടുകയായിരുന്നില്ല. എല്ലായിടത്തും ഓടിനടന്ന് അത്ഭുതങ്ങളും കർത്താവ് ചെയ്തില്ല. ദിനംപ്രതി നടത്തുന്ന പ്രഭാഷണങ്ങളിലൂടേയും പ്രവൃത്തികളിലൂടേയും അത് സംഭവിച്ചുകൊണ്ടിരുന്നു.മറ്റുള്ളവരെ അത്ഭുതപ്പെടുത്താനായി ഒരു അത്ഭുതംപോലും ചെയ്യാൻ കർത്താവ് തുനിഞ്ഞില്ല എന്നുള്ളതായിരുന്നു യഥാർത്ഥ അത്ഭുതം.

കർത്താവ് ഓരോ കാര്യങ്ങളും ചെയ്യുന്നതിനൊടുവിൽ ശിഷ്യന്മാരും ജനവും കൂടുതലായി തന്നോടടുത്തു. ഏതു കാര്യവും ചെയ്തു തുടങ്ങുന്ന സമയം ഒരുപാട് സംശയത്തിനും ചോദ്യങ്ങൾക്കും വിധേയനായിട്ടുണ്ട് നമ്മുടെ കർത്താവ്. എന്നാൽ അതിന്റെ പര്യവസാനം ഇവൻ ആർ എന്നു ചോദിച്ചുകൊണ്ട് ശിഷ്യന്മാരും ജനങ്ങളും അവനിൽ വിശ്വസിക്കുന്നതായിട്ടാണ് നാം കാണുന്നത്. അതുതന്നെയാണ് കർത്താവും ആഗ്രഹിച്ചത് ഞാൻ ഇവരെ അറിയുന്നതുപോലെ ഇവർ എന്നെ അറിയണം.

കർത്താവിന്റെ മരണത്തിനു മുമ്പും ഉയിർത്തെഴുന്നേൽപ്പിനു ശേഷവും കടലുമായി ബന്ധപ്പെട്ട് ശിഷ്യന്മാരെ കർത്താവ് അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ആദ്യം അവർക്ക് കർത്താവാണ് അത് ചെയ്യുന്നത് എന്ന് ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിലും അന്ത്യത്തിൽ അതു മനസ്സിലാകുകയും അവർ ഒരുമിച്ച് പറയുകയും ചെയ്യുന്നത് അത് കർത്താവ് ആകുന്നു എന്നായിരിക്കും.

കടലിളകുമ്പോഴും കാറ്റടിക്കുമ്പോഴും താണുപോകുമ്പോഴും അവരുടെ വായിൽ നിന്ന് വരുന്ന പദങ്ങൾ നാഥാ, ഗുരോ, റബ്ബൂനീ എന്നിങ്ങനെയുള്ളതായിരിന്നു. കാരണം ഏതൊക്കെ ശക്തികൾ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചാലും ഇതിനെയൊക്കെ നിയന്ത്രിക്കുന്ന ശക്തി കർത്താവ് ആകുന്നു എന്നു അവർ ആഴത്തിൽ ഗ്രഹിച്ചിരുന്നു.

**അതു കർത്താവ് ആകുന്നു എന്ന ഈ വാചകം അതിന്റെ പൊരുൾ പൂർണ്ണമായി മനസ്സിലാക്കി നമുക്കും എല്ലാ സാഹചര്യങ്ങളിലും ഏറ്റുപറയാൻ കഴിഞ്ഞാൽ വലിയൊരു ആത്മീയ മുന്നേറ്റം നമ്മളിൽ ഉണ്ടാക്കാൻ കഴിയും.**

എന്നാൽ ഉയിർത്തെഴുന്നേൽപ്പിനു ശേഷം മൂന്നാം പ്രാവിശ്യം തിബെര്യാസ് കടൽക്കരയിൽ വെച്ച് 7 ശിഷ്യന്മാർക്ക് കർത്താവ് പ്രത്യക്ഷനായി. കൂട്ടം കൂടിയിരുന്ന് തിരിച്ചു കടലിൽ പോകാൻ തീരുമാനമെടുത്തവരെ പുലർച്ചെ കർത്താവ് സന്ദർശിക്കുന്നതായി യോഹന്നാൻ 21-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. മറ്റുള്ളവർക്ക് മനസിലാകാതെ ഇരുന്നപ്പോൾ യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോടു പറഞ്ഞു 'അതു കർത്താവ് ആകുന്നു' എന്ന്.

അതു കർത്താവ് ആകുന്നു എന്ന ഈ വാചകം അതിന്റെ പൊരുൾ പൂർണ്ണമായി മനസ്സിലാക്കി നമുക്കും എല്ലാ സാഹചര്യങ്ങളിലും ഏറ്റുപറയാൻ കഴിഞ്ഞാൽ വലിയൊരു ആത്മീയ മുന്നേറ്റം നമ്മളിൽ ഉണ്ടാക്കാൻ കഴിയും. ജീവിതത്തിൽ സംഭവിക്കുന്ന എല്ലാകാര്യങ്ങളുടേയും പിന്നിൽ കർത്താവാകുന്നു എന്ന് വിശ്വസിക്കാൻ മനസിനെ പാകപ്പെടുത്തിയെടുക്കാം നമുക്ക്. കർത്താവ് അറിയാതെ നമുക്ക് ഒന്നും സംഭവിക്കുകയില്ലല്ലോ. നമ്മുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ദൈവം അറിയാതെ ഒരു രോമംപോലും നശിച്ചുപോകയില്ലായെന്ന് വചനം സാക്ഷിക്കുന്നു.

എന്നാൽ ഇന്ന് ദൈവത്തേക്കാൾ ഏറെ മനുഷ്യൻ ഭയപ്പെടുന്നത് പിശാചിനെയാണ്. എന്ത് കാര്യം സംഭവിച്ചാലും അതിന്റെ പിന്നിൽ പിശാചോ മറ്റുള്ളവരോ ആരെന്നുള്ള ചിന്ത ഇന്ന് ആത്മീയരായ അനേകരെ വലയ്ക്കുന്നു. ആയതിനാൽ ബന്ധങ്ങൾ പോലും അകന്നുപോകുന്നു. സംശയ ദൃഷ്ടിയോടെ മറ്റുള്ളവരെ കാണുന്നു. തടസപ്പെടുത്തുന്നതും മുടക്കുന്നതും പിശാചും മറ്റുള്ളവരുമാണ് എന്ന് ചിന്തിച്ച് വിഷാദരോഗങ്ങൾക്കടിമകളാകുന്നു.

എന്നാൽ യേശു സ്നേഹിച്ച ശിഷ്യൻ പറഞ്ഞതുപോലെ നമുക്കും പറയാം അത് കർത്താവ് ആകുന്നു. ജയപരാജയങ്ങളോ ഉയർച്ച താഴ്ചകളോ സുഖദുഃഖങ്ങളോ എല്ലാം തരുന്നതും തിരിച്ചെടുക്കുന്നതും കർത്താവാകുന്നു എന്ന് മനസിലാക്കിയാൽ മറ്റൊരു അധികാരത്തിനും നമ്മുടെമേൽ വാഴുവാൻ കഴിയുകയില്ല എന്നുറയ്ക്കുവാൻ കഴിയും. അതേ നമ്മുടെ ജീവിതത്തിൽ സംഭവിച്ചതിന്റേയും സംഭവിക്കുന്നതിന്റേയും സംഭവിക്കാനുള്ളതിന്റേയും എല്ലാം പിന്നിൽ പ്രവർത്തിച്ചത് ദൈവത്തിന്റെ വീര്യമുള്ള കരമാണെന്ന് മനസിലാക്കി നമുക്കും പറയാം...അത് കർത്താവ് ആകുന്നു.


## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell

0973 3838 3399

0973 1787 71 71

hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.



"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം എഴുത്തുകാർക്ക് മാത്രമാണ്.
-എഡിറ്റർ-

Views and opinions expressed in various articles and features in "Hello Hope" are only of the writers and not necessarily of the publishers.
-Editor-



നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
17877171






## "ഹലോ ഹോപ്പ്" ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

# Conflicts and Quarrels: James 4:1-5

Part 1

Seeing the unhealthy interpersonal relationships among the Jewish expatriate believers of first century, James is addressing the issue of conflicts and quarrels prevailed among them. He analyses the cause of conflicts, identify the consequences of conflict and prescribes the cure for conflicts.

Conflicts are inevitable because of man's fallen nature. Conflict initiated by Lucifer with Almighty God in pre-historic times, conflict in the Garden of Eden, conflict in the first family that ended up with Cain murdering his brother Abel, etc. are some of the snap shots of conflicts. Conflicts can happen when 2 or 3 are gathered together: In families, societies, churches, nations, between nations, in politics etc.

Conflicts on earth are to stay until the sin problem is ultimately resolved with the advent of the New Earth and new Heaven. Even after the Millennial rule of Christ on earth we read the Gog Magog war waged against Christ and the godly. Christ directly fights the enemy and puts a permanent end to the rebellion orchestrated by Satan. Rev 20:8,9

In the meantime, if we can identify the root cause of conflicts, we can either manage them or try to avoid them or at least minimize them.

## 1.The genesis of conflicts

Essence of sin is selfishness. Human life was distorted to a different set of belief system, values and priorities with the Fall. Man believed in Satan's lie rather than trusting in God's word. Sin caused fear that they became afraid of their hitherto loving God. Fear caused Shame. They were ashamed of themselves. They began to cover up. That was the beginning of the Image Management Industry.

Shame caused insecurity that they hid themselves. Then the blame culture set in for the first time, by the sinner refusing to accept responsibility. Man's attempts ever since became corrupted: To put the other down in order for him to feel good. Fights and quarrels ensued. First, the inner murdering of relationship, fellowship, love, peace, joy started and later ended up in physical cold blood murder.

## 2.The Flow path of conflicts and quarrels among believers

James 4:1-5. The scripture identifies that the origin of external conflict is internal conflict. It then flows down through the river bed of varied human responses and behaviors, the flow becoming deeper and wider downstream.

1. Wrongly placed desires battle within us with a consuming passion for self- gratification. Addictive self-love for pleasure is deep rooted. "ME first"philosophy in life creates disharmony in community living when someone encroached into another's private space.

Man is controlled by his three pronged Ego needs: Desire to possess,Desire for pleasure, Desire to grab power. Unless these are kept under check or replaced with spiritual desires that please God, the believer in Christ may end up in spiritual ship wreck. Caught up in a spiritual hallucination, he attaches high values to the symbols of significance defined by the world system: What you own, where you live, what you wear, how you look, whom you know etc. This leads to lusting after the world and what it claims to provide.




> Conflicts on earth are to stay until the sin problem is ultimately resolved with the advent of the New Earth and new Heaven. if we can identify the root cause of conflicts, we can either manage them or try to avoid them or at least minimize them.

2. Lust (Strong, intensified and misplaced love) prompts action. Sinful craving to eat the forbidden fruit at any cost. His hedonistic pursuit of life declares that pleasure is the chief end of man. Mistaken by the glamorous images and neon illumination man is on detour and misguided for the wrong destination. In contrast, the third century Church father Augustine of Hippo announced that the chief end of man is to worship God and to enjoy Him forever. Alas,oh man of God, you are mesmerized by the Evil One!

3. Covet to possess what belongs to another often become the life style of such. Driven by emotion and not by reason,this often ends up in frustration due to not obtaining the hotly pursued desires. This results in sowing the seed bed of conflicts in human relationships and in rupturing the intimacy and fellowship with God.

4. Reaction from the affected party leads to rebuttals, quarrels and conflicts.

5. Message of the Bible is that God is the ultimate source of pleasure. Only he can fully satisfy our needs- not any human beings. So it is better to ask him to meet our needs. But man is proud not to ask God. Instead, he makes a mess of his life by mellowing in quarrels and conflicts. Trying to get out, he may stuck himself in sinking sand and miry pit of deception.

6. May be in frustration he will ask God to intervene, but may ask amiss. Asking with wrong motives. Asking God to sign on the dotted line to satisfy his self-promoting desires instead of seeking God's will and making it his own.



Dr. P.C. Abraham

7. Because of man's pride, he is not willing to change. He insists on seeking after worldly pleasures, leaving behind his spiritual heritage. He may succeed and eventually he may become a friend of the world which is enmity with God. Flirting with God's enemy hurts God. His friendship with God is severed. This makes him to freely move away from the zone of God's privileges and favors unknowingly. The pleasure he is gulping may intoxicate him for a season at a great cost of he becoming vulnerable to spiritual ailments, due to the absence of God's hand of protection in his life. Spiritual viruses debilitate his inner man. The joy of salvation departed. God cannot tolerate the situation any more. Man's adulterous behavior prompts God to put on battle gear against him. He wants to win him back because he is a jealous God. He will not allow his blood bought child to be mauled by the devil.

8. God's love will not let him go. God pursues the runaway believer. In his frantic attempts to escape the chasing God he may receive a few cuts and bruises and pains and losses. God will not stop until he is brought to his side. God is a persistent chaser like the hunting hound. Therefore, it is always wise for man to change gear, slow down, turn around and run back to God who is always ready with open hands to welcome him home.

## യാത്ര അയപ്പ് നൽകി

HH Studio



12 വർഷത്തെ ബഹ്റിൻ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് കടന്നുപോകുന്ന ലീലാമ്മ ജോണിന് 'സുവാർത്ത ചർച്ച് ബഹറിൻ' ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് വി. മാത്യു മെമന്റോ നൽകുന്നു.

# പുനരുത്ഥാനം



പാസ്റ്റർ പി.എം. ജോയി

ദൈവവചനത്തിൽ വളരെ പെട്ടെന്ന് മനസിലാകുന്ന അനവധി ഭാഗങ്ങളുണ്ട്. അപ്പോൾ തന്നെ മനസിലാക്കാൻ ബുദ്ധിമുട്ടുള്ളതും സംശയങ്ങൾ ജനിപ്പിക്കുന്നതുമായ വിഷയങ്ങളുമുണ്ട്. എന്നാൽ ഈ കാലത്തിൽ കടന്നുവരുവാൻ പോകുന്ന ദുർഘട സമയങ്ങൾ ഓർത്താൽ ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞത നമ്മെ വിശ്വാസത്യാഗത്തിലേക്ക് നയിക്കും. കാരണം ദൈവവചനം നന്നായി കൈകാര്യം ചെയ്തുകൊണ്ടിരുന്ന കർത്തൃദാസന്മാരിൽ പലരും വ്യത്യസ്തമായ ഉപദേശങ്ങളിലൂടെ വഞ്ചനയുടെ ആത്മാവിനാൽ അനേകരെ തെറ്റിക്കുന്നത് ആത്മീയ തലങ്ങളിൽ നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ.

ഈ കാലയളവിൽ വളരെ ചുരുക്കമായി കേൾക്കുന്നതും എന്നാൽ നമ്മിൽ വളരെ പ്രത്യാശ ജനിപ്പിക്കുന്നതുമായ പുനരുത്ഥാനം എന്ന വിഷയത്തെക്കുറിച്ച് പരിശുദ്ധാത്മാവാം ദൈവം ഹൃദയത്തിൽ നൽകിയ പ്രേരണയുടെ അടിസ്ഥാനത്തിൽ ചില ദൈവവചന സത്യങ്ങൾ ദൈവജനത്തിന്റെ ആത്മീയ അഭിവൃദ്ധിക്കായി കുറിക്കുന്നു.

പുനരുത്ഥാനം എന്നത് ദൈവവചനത്തിലെ അതിപ്രധാനമായ വിഷയമാണ്. അപ്പോസ്തൊലന്മാരുടെ ശുശ്രൂഷയിൽ ക്രിസ്തുവിന്റെ മരണത്തേക്കാൾ അധികമായി ഊന്നൽ ഉയിർത്തെഴുന്നേൽപ്പ് എന്ന വിഷയത്തിന് കൊടുത്തിരുന്നു. എന്നാൽ സങ്കടത്തോടെ എഴുതട്ടെ അന്നത്തെപ്പോലെതന്നെ ഇന്നും ഈ വിഷയത്തെ ഗൗരവമായി എടുക്കാതെ ലാഘവത്തോടെ തള്ളികളയുന്ന അനേകരുണ്ട്. എന്നാൽ നമ്മുടെ വിശ്വാസത്തിന് ആരോഗ്യം പകരുന്നതും ആക്കംകൂട്ടുന്നതുമായ പുനരുത്ഥാനം എന്ന വിഷയം ദൈവജനത്തിന് പ്രയോജനമായിത്തീരും എന്ന് കർത്താവിൽ പ്രത്യാശിച്ചുകൊണ്ട് പൗലോസിന്റെ ഒരു പ്രസ്താവന ഉദ്ധരിക്കട്ടെ(ഫിലി. 3:10,11) ' അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനേയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു'.

***'പുരുഷനോ മരിച്ചാൽ ദ്രവിച്ചു പോകുന്നു; മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?' 'മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?'-ഇയ്യോബ് 14:10,14***

അതിപുരാതനമായ ഒരു ചോദ്യമാണ് ഇയ്യോബിലൂടെ ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യുഗങ്ങളായി ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാൻ മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി വ്യത്യസ്തമായ ചിന്താഗതികളും തത്വങ്ങളും കണ്ടുപിടുത്തങ്ങളൊക്കെ ഉണ്ടായിട്ടുണ്ട് എന്നുള്ളത് ചരിത്രം സാക്ഷിക്കുന്നു. ശാസ്ത്രം അതിന്റെ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു എങ്കിലും കൂടുതൽ നിഗൂഢതകളിലേക്ക് പോകുന്നു എന്നതാണ് ദുഃഖകരമായ വസ്തുത. എന്നാൽ ശാസ്ത്രവും ചിന്തകന്മാരും

*പുനരുത്ഥാനം എന്നത് ദൈവവചനത്തിലെ അതിപ്രധാനമായ വിഷയമാണ്. അപ്പോസ്തൊലന്മാരുടെ ശുശ്രൂഷയിൽ ക്രിസ്തുവിന്റെ മരണത്തേക്കാൾ അധികമായി ഊന്നൽ ഉയിർത്തെഴുന്നേൽപ്പ് എന്ന വിഷയത്തിന് കൊടുത്തിരുന്നു*

തത്വസംഹിതകളും പരാജയപ്പെട്ട സ്ഥലത്ത് ദൈവവചനം നമുക്ക് മുമ്പിൽ മറനീക്കി പൊരുളുകൾ വെളിപ്പെടുത്തിതരുന്നു. മരണം എന്നുള്ളത് ദൈവമക്കളായ നാം ഓരോരുത്തരും ദിനംപ്രതി ഓർക്കേണ്ട യാഥാർത്ഥ്യമാണ്. മരണം നമ്മെ ഭയപ്പെടുത്തുന്ന ഒന്നല്ല. അയ്യോ എന്ന വിളിയോടെ അഭിമുഖീകരിക്കേണ്ട ഒരു വസ്തുതയുമല്ല മരണം. പൗലോസിന്റെ വാക്കുകൾ കടമെടുത്ത് പറഞ്ഞാൽ ഇതൊരു ലാഭകച്ചവടമാണ്. ഈ ലോക ജീവിതത്തിൽനിന്ന് നിത്യതയിലേക്കുള്ള ഒരു വാതിലായി മരണത്തെ കാണണമെന്നുള്ള വെളിപ്പാട് ദൈവവചനം നമുക്ക് നൽകുന്നുണ്ടല്ലോ. അതുകൊണ്ട് മരണം അങ്ങനെ ആയിരിക്കുമോ ഇങ്ങനെ ആയിരിക്കുമോ എന്നൊന്നും ആലോചിച്ച് ദൈവമക്കളായ നാം സമയം കളയുവാൻ തുനിയരുത്.

ഈ ചോദ്യം ചോദിച്ച ഇയ്യോബ് തന്നെ മറുപടിയും അതിലൂടെ ഒരു പ്രത്യാശയും തരുന്നുണ്ട്. 'എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും' ( ഇയ്യോ.19:26). പഴയനിയമ വിശുദ്ധന്മാർ സഹിച്ച യാതനകളും കഷ്ടതകളും പീഡനങ്ങളുമെല്ലാം എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ഇതെല്ലാം എന്തിനാണ് സഹിച്ചതെന്ന് അവരോട് ചോദിച്ചാൽ അവർ എല്ലാവരും ഒരുപോലെ പറയും ഒരു നല്ല പുനരുത്ഥാനം അന്ത്യനാളിൽ ഉണ്ടാകേണ്ടതിനാണെന്ന്.' ഇവർ എല്ലാവരും വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന് അതു കണ്ടു അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യ രും പരദേശികളും എന്നു ഏറ്റുപറഞ്ഞുകൊണ്ടു വിശ്വാസത്തിൽ മരിച്ചു. ഇങ്ങനെ പറയുന്നവർ ഒരു പിതൃദേശം അന്വേഷിക്കുന്നു എന്നു കാണിക്കുന്നു. അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലോ. അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നെ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ'- (എബ്രാ.11:13-16).

എന്നാൽ ദൈവമക്കൾ നിശ്ചയമായും വേദപുസ്തകം പുനരുത്ഥാനം എന്ന വിഷയം സംബന്ധിച്ച് എന്ത് പറയുന്നു എന്നറിയേണ്ടതിന്റെ ആവിശ്യകത മനസിലാക്കി, നമ്മുടെ പ്രത്യാശ വർദ്ധിപ്പിക്കുവാനും കൂടുതൽ കർത്താവിന്റെ വേലയിൽ പ്രയോജനപ്പെടുവാനും ഈ ലോകത്തിൽ ജീവനോടെ ഇരിക്കുമ്പോൾ വിശുദ്ധമായി ജീവിച്ച് നല്ലതു ചെയ്യുവാനും ഉതകത്തക്കവിധത്തിൽ വരും ലക്കങ്ങളിൽ നമുക്ക് ഒരുമിച്ച് പഠിക്കാം എന്നാശംസിച്ചുകൊണ്ട് തൽക്കാലം നിറുത്തുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

(......തുടരും)

# മാറയെ മധുരമാക്കുന്ന ദൈവീക കരുതൽ

മാറ എന്ന വാക്കിന്റെ അർത്ഥം കയ്പ്പ് എന്നാണ്. പുറപ്പാട് 15:23 - ൽ അത് എഴുതിയിരിക്കുന്നു. ജീവിതത്തിൽ അഥവാ കഷ്ടതയുടെ അനു ഭവം ഇല്ലാത്തവരായി ആരും തന്നെ ഇല്ല. ദൈവത്തിന്റെ സ്വന്തം ജനം ആയിരുന്നിട്ടും ദൈവം അവരെ കയ്പ്പിന്റെ അനുഭവത്തിലൂടെയാണ് നടത്തിയത്. അത് അവരെ തകർക്കുവാനല്ല മറിച്ച് അവരെ പണിത് പുതിയൊരു തിളങ്ങുന്ന മുത്താക്കി മാറ്റുവാൻ ആയിരുന്നു. പലപ്പോഴും നമ്മുടെ കഷ്ടതകളും അതിനായിട്ടാണ്. ഇതെല്ലാം സാരമില്ല എന്ന് നാം എണ്ണണം. അതാണ് ഒരു ദൈവപൈതലിന്റെ പ്രതീക്ഷയും പ്രത്യാശയും.

കഷ്ടതയിലും പാടുന്നത് കൃപയാണ്, അതിനായി നാം നിരന്തരം യാചിക്കണം. ചെങ്കടൽ പിളർന്നതും മിര്യാമിന്റെ രോഗം മാറുന്നതുമായ വലിയ അത്ഭുതങ്ങൾ കണ്ട് മുമ്പോട്ട് വന്ന ഇസ്രായേൽ ജനത, വെള്ളത്തിനായി ദൈവത്തോടു പിറുപിറുത്തു. അവരുടെ ആവിശ്യം വെള്ളം തന്നെയായിരുന്നു അത് അവരുടെ മുമ്പിൽ ഉണ്ട്. എന്നാൽ പല കയ്പ്പ് അനുഭവം നിമിത്തം അത് അനുഭവിക്കുവാൻ സാധിക്കുന്നില്ല.

*നമ്മുടെ വിശ്വാസത്തിന്റെ അളവ് അറിയണമെങ്കിൽ മാറയുടെ അനുഭവത്തിലൂടെ കടന്നുപോകണം. അപ്പോൾ മാത്രമേ വിശ്വാസികൾ എന്ന പേരിന് നാം യോഗ്യരാകുകയുള്ളൂ.*

ഇത് പോലയാ ചിലരുടെ അനുഗ്രഹങ്ങൾ, മുമ്പിലുണ്ട് പക്ഷേ അനുഭവിക്കുവാൻ സാധിക്കുന്നില്ല. ചില മാറായുടെ അനുഭവം ജീവിതത്തിൽ ഉള്ളതുകൊണ്ട് ഇത്രേയും അത്ഭുതങ്ങൾ കണ്ടിട്ടും പിറുപിറുക്കുന്ന അവസ്ഥയാണ്. ഇതിന് പ്രധാന കാരണം ദൈവത്തിലുള്ള വിശ്വാസക്കുറവാണ്. എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ അളവ് അറിയണമെങ്കിൽ മാറയുടെ അനുഭവത്തിലൂടെ കടന്നുപോകണം. അപ്പോൾ മാത്രമേ വിശ്വാസികൾ എന്ന പേരിന് നാം യോഗ്യരാകുകയുള്ളൂ. അങ്ങനെ വെള്ളം ലഭിക്കേണ്ടതിന് മോശെ ദൈവത്തോട് അപേക്ഷിച്ചു. ദൈവം അവനൊരു വൃക്ഷം കാണിച്ചുകൊടുത്തു. അങ്ങനെ മോശെ ദൈവത്തിന്റെ നിർബന്ധപ്രകാരം വൃക്ഷത്തിലെ ഒരു കൊമ്പ് ഒടിച്ച് വെള്ളത്തിലിട്ടപ്പോൾ, മാറ മധുരമായി മാറി.

ഇതുപോലെ ചില കൊമ്പുകൾ നമ്മുടെ ജീവിതത്തിൽ വരുമ്പോൾ നമ്മളും മധുരമായി മാറുന്നു. ഒരാൾക്ക് ഡയബറ്റിക് വന്നു കഴിയുമ്പോൾ മധുരത്തോട് അതീവ താൽപ്പര്യം ആണ് എന്ന് ചിലർ പറയാറുള്ളതുപോലെ, കഷ്ടത വരുമ്പോൾ ഒരു ദൈവപൈതലിന് ദൈവത്തിലുള്ള ആശ്രയബോധം കൂടുന്നു. ഈ കഷ്ടത നമ്മെ പുതിയ പൊന്നാക്കി പുറത്തെടുക്കുവാനാണ്. നമ്മുടെ ജീവിതത്തിലെ



ജിൻസ് കെ മാത്യു
ക്രൈസ്തവ എഴുത്തുപുര

കയ്പ്പിന്റെ അനുഭവം മാറുമ്പോൾ നമുക്കായി നല്ലൊരവകാശം ഒരുക്കിവെച്ചിരിപ്പുണ്ടാകും. ആ അവകാശം കിട്ടണമെങ്കിൽ ലഭ്യമാകുന്ന നാൾവരേയും കർത്താവായ യേശുവിൽ ആശ്രയിച്ചു മുന്നോട്ട് ജീവിക്കാം.

പാട്ടുകാരനോട് ചേർന്ന് നമുക്കും പാടാൻ കഴിയട്ടെ 'കഷ്ടതയിലും പാടുവാൻ... നഷ്ടമതിൽ കൊണ്ടാടുവാൻ...'. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

# ദർപ്പണ ദർശനം



ജിജോ അങ്കമാലി

ചൈനീസ് ഭക്ഷണത്തെപ്പോലെ തന്നെ രുചികരമായൊരു ചൈനീസ് കഥയുണ്ട്. ഒരു രാജാവിന്റെ കഥ. ഔദ്യോഗിക വേഷങ്ങളണിഞ്ഞ് ശയനമുറിയിലെ കണ്ണാടിക്കുമുന്നിലൂടെ മണിക്കൂറുകളോളം അങ്ങോട്ടുമിങ്ങോട്ടും നടന്ന് തന്റെ നിലയും വിലയും ആസ്വദിച്ച് തൃപ്തിപ്പെട്ടിരുന്ന രാജാവ്. അതേസമയം പ്രജകൾ ക്ഷാമത്താൽ മരണത്തോടടുത്തു. രാജ്യഭരണ കാര്യങ്ങളിലെ അശ്രദ്ധയും അവഗണനയും മൂലം രാജ്യം ശിഥിലീകരണത്തിന്റെ വക്കോളമെത്തി. എന്തു ചെയ്യും?

ഒരു ദിവസം കൊട്ടാരത്തിലെ ബുദ്ധിമാനായ ഒരു രാജസഭാംഗം കൊട്ടാരസേവകരിൽ ചിലരെ സംഘടിപ്പിച്ചു. എന്നിട്ട് രാജാവ് ഉറങ്ങുന്ന നേരം രാജാവിന്റെ മുറിയിൽ കണ്ണാടി തൂങ്ങികിടന്ന സ്ഥാനത്ത് ഒരു ജാലകം പണിതു.

പിറ്റേന്ന് പ്രഭാതത്തിൽ ഉറക്കമുണർന്ന രാജാവ് തന്റെ പ്രൗഢ വസ്ത്രങ്ങളെല്ലാമണിഞ്ഞ് സ്ഥാനമുദ്രകൾ പതിപ്പിച്ച് സാധാരണ ചെന്ന് നിൽക്കാറുള്ള കണ്ണാടിക്കരികിലേക്ക് ചെന്നു. കണ്ണാടിയിരുന്നിടത്തേക്ക് നോക്കിയ രാജാവ് സ്തബ്ദനായി. കണ്ണാടിക്കു പകരം ഒരു ജാലകം! ആ ജാലക പാളിയിലൂടെ താൻ നോക്കിയപ്പോൾ തന്റെ പ്രജകൾ തെരുവിലൂടെ നടന്ന് നീങ്ങുന്നത് താൻ കണ്ടു. വിശന്ന് പൊ രിഞ്ഞ കുഞ്ഞുങ്ങൾ ഒരിറ്റ് ആഹാരത്തിനായ് എച്ചിൽ കൂനകളിൽ തിരയുന്നത് താൻ കണ്ടു. രോഗാർത്തരായ പുരുഷാരത്തേയും അവശരായ സ്ത്രീകളേയും അവരുടെ കഷ്ടതകളേയും ബുദ്ധിമുട്ടുകളേയും താൻ നേരിൽ കണ്ടു. തനിക്കിതുവരേയും അജ്ഞാതമായിരുന്ന പുറം ലോകത്തിലേക്കായ് തുറക്കപ്പെട്ട ജാലകം തന്നെ അത്ഭുതപ്പെടുത്തി!

ഈ നേർകാഴ്ചകണ്ട് മനസ്സുരുകിയ താൻ തന്റെ സ്ഥാനമുദ്രകൾ വലിച്ചെറിഞ്ഞു. പ്രൗഢവസ്ത്രങ്ങൾക്കു പകരം ലളിത വസ്ത്രങ്ങൾ ധരിച്ച് ജനങ്ങൾക്കിടയിലേക്ക് ഓടിയിറങ്ങി. അവരുമായ് ഇടപഴകി. സാധാരണക്കാരിയായ ഒരു സുന്ദരിയെ തന്റെ രാജ്ഞിയാക്കി. അതിശയമാർന്ന രൂപാന്തരം! താൻ തന്നെത്തന്നെയും, തന്നെ മാത്രവും കാണുന്നത് മതിയാക്കിയതോടെ ജീവിതത്തെക്കുറിച്ചുള്ള തന്റെ വീക്ഷണം പൊളിച്ചടുക്കപ്പെട്ടു.

ഇന്ന് നാമും ഈ രാജാവിനെപ്പോലെ വേഷഭൂഷാദികളണിഞ്ഞ് ഉലാത്തുകയാണ്. നമ്മേക്കാൾ നീളമുള്ള കണ്ണാടികളിൽ നമ്മുടെ ആകാരസൗഷ്ടവം കണ്ടാസ്വദിക്കുകയാണ്. പാരമ്പര്യത്തിന്റെയും, പദവികളുടേയും, കഴിവുകളുടേയും സ്ഥാനമുദ്രകളണിഞ്ഞാണ് നടത്തം. നമ്മുടെ പ്രതാപം പ്രതിഫലിപ്പിച്ച് കാണുന്ന സ്ഥാനങ്ങളിൽ നിന്ന് നാം അണുയിട മാറികൊടുക്കില്ല. നാം ആരാണന്നല്ല നാം എന്തായി അണിഞ്ഞൊരുങ്ങിയിരിക്കുന്നുവോ അതു മാത്രമല്ലേ നമുക്ക് കാണാനാകുന്നുള്ളൂ? ഈവക പ്രതാപ പ്രതിഫലന കണ്ണാടികളെല്ലാം എറിഞ്ഞുടക്കേണ്ട കാലം അതിക്രമിച്ചു. നമ്മുടേയും നമ്മുടെ ജനത്തിന്റേയും യഥാർത്ഥ അവസ്ഥ കാണത്തക്ക വലിയ ജാലകങ്ങൾ നമ്മുടെ ചുവരുകളിൽ വരണം. ആ ജാലക ദർശനമുണ്ടാകാത്തിടത്തോളം കാലം പുറലോകം നമുക്കെന്നും ഇരുളടഞ്ഞതായി തോന്നും.

സഭകളുടെയും സഭകളിലുള്ളവരുടേയും, സുവിശേഷകനന്മാരുടേയും സുവിശേഷ വേലയിലേയും വയലിലേയും ആവശ്യങ്ങളും അത്യാവശ്യങ്ങളും തിരിച്ചറിയത്തക്ക വീക്ഷണ ബോധം ഉൾജനിക്കത്തക്ക ജാലകം ഇന്ന് അത്യാവശ്യം. അല്ലേൽ, നാം നമ്മെയും നമുക്കുള്ളതിനേയും മാത്രം കണ്ടുകൊണ്ടിരിക്കും. ആവിധ അലംഭാവം അലസത വരുത്തും. അലസത നിഷ്ക്രിയത്വത്തിലേക്കും നിഷ്ക്രിയത്വം നാശത്തിലേക്കും നയിക്കും.

ദർപ്പണം തല്ലിയുടച്ച് ജാലകം പണിത മോശെയുടെ കാഴ്ചയും, കാഴ്ചപ്പാടും, തൻമൂലം തന്നിലും തന്റെ ജനത്തിലും വന്ന വലിയ വളർച്ചയും ഉയർച്ചയും നമുക്ക് പാഠമാകട്ടെ.

ഇല്ലേൽ...എന്നെങ്കിലും നമ്മുടെ ചുവരുകളിൽ വിള്ളലുകൾ വീഴും. കണ്ണാടികൾ ഉടയും. ഇല്ലേൽ ഉടയോൻ ഉടയ്ക്കും. അന്ന് നാം പുറലോകം കാണും. അപ്പോഴേക്കും ഏറേ വൈകിയേക്കാം.

ആകയാൽ... ദർപ്പണ ദർശനം ജാലക ദർശനമായ് പരിണമിക്കട്ടെ. ദർപ്പണത്തിലേക്ക് നോക്കൂ; നിന്നെ മാത്രം നീ കാണും; അതേ ദർപ്പണത്തിന്റെ രസലേപനം നീക്കിനോക്കൂ, നിന്നെ കാണില്ല; മറ്റെല്ലാവരേയും കാണും. ആ നേർകാഴ്ചയാണ് മാറ്റത്തിന്റെ കാഴ്ച.



ജീമോൻ പഴയിടം

## അനന്ത സ്നേഹം

അനർഘ്യ നിർഗ്ഗളമൊഴുകുമീ
അനന്ത സ്നേഹത്തിനുടമയാകുവാൻ
അന്യനെങ്കിലും എന്നെ-
അവകാശിയാക്കിയ എൻ പിതാവെ

അറിവിന്റെ മണിമകുട
അഹങ്കാര സീമയിൽ
അറിയാതെ ഞാൻ
ചെയ്ത
അഹങ്കാര പാപങ്ങൾ
അലിവോടെ കഴുകി നീ
അരികെ അണച്ചപ്പോൾ...

അകം കീറി മുറിയുന്നു-
മിഴികൾ നിറയുന്നു
അറിയുന്നു ഞാൻ നിന്റെ
അംബര ചുംബിത
ആർദ്രതൻ സ്പന്ദനം



HH Sisters' Outlook

# നമ്മുടെ വഴികളെ വിചാരിച്ചു നോക്കുക


ഷൈമോൾ ബിജുമോൻ

എന്റെ ഈ ലേഖനം ഒരു കർത്തൃദാസന്റെ പ്രവചന വാക്കുകളാൽ പ്രേരിതമാണ്. കർത്താവിനുവേണ്ടി ഉത്തരേന്ത്യയിൽ പ്രയത്നിക്കുന്ന ദൈവദാസൻ ഇങ്ങനെ പ്രവചിച്ചു '2017 ന്റെ അവസാന മാസങ്ങൾ ആകുമ്പോഴും ഭാരതത്തിൽ സുവിശേഷത്തിന്റെ വാതിലുകൾ അടയപ്പെടും. ദൈവജനം പീഡനത്തിലേക്ക് എറിയപ്പെടും. എന്നാൽ 2018 ന്റെ മധ്യത്തിൽ രാജ്യത്തിന്റെ വിവധ പ്രദേശങ്ങളിൽ ദൈവം തന്റെ ദാസന്മാരെ എഴുന്നേൽപ്പിക്കും. സുവിശേഷത്തിന് വേണ്ടി കഷ്ടം അനുഭവിക്കുന്ന ഓരോ ദൈവദാസന്മാരിലൂടെ ദേശത്തിൽ ഉണർവിന്റെ കാറ്റ് വീശും'.

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡനങ്ങൾ ശക്തമായി ആരംഭിച്ചു കഴിഞ്ഞു. പല മാധ്യമങ്ങളിൽ നാം ഇതിന്റെ വാർത്തകളും ദൃശ്യങ്ങളും കാണുന്നു. ഉത്തർപ്രദേശിൽ ക്രിസ്ത്യാനികൾക്ക് കുടിവെള്ളം പോലും വിലക്കിയിരിക്കുന്നു. ഗുജറാത്തിലെ പാഠപുസ്തകങ്ങളിൽ യേശുവിനെ 'ദുർദേവൻ' ആയി ചിത്രീകരിച്ചത് നാം വായിക്കുവാൻ ഇടയായി. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ പള്ളികൾ നശിപ്പിക്കപ്പെടുന്നു. തിരിച്ചു പ്രതികരിക്കുവാൻ കഴിയാത്ത നിലയിൽ അവസ്ഥകൾ മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ട് മാസങ്ങളിലായി ഉത്തർപ്രദേശിൽ ക്രിസ്ത്യാനികൾ ഏറ്റവും അധികം പീഡിപ്പിക്കപ്പെടുന്നു. എന്തിന് ഏറേ പറയുന്നു, ഏറ്റവും അധികം ക്രിസ്ത്യാനികൾ ഉള്ളതും, സുവിശേഷം കേട്ടതുമായ നമ്മുടെ കൊച്ചു കേരളത്തിന്റെ അവസ്ഥകൾ പോലും ആകെ മാറി കഴിഞ്ഞു. ദൈവസഭകളിൽ ആളുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. വിശ്വാസികൾ സ്വന്ത സമുദായങ്ങളിലേക്ക് മടങ്ങി പോകുന്നു. പുതിയ തലമുറ തെറ്റായ ഉപദേശങ്ങളിലേക്ക് വീണു പോകുന്നു.

ഈ സാഹചര്യത്തിലും ദൈവമക്കളായ നാം, കർത്താവിന്റെ മണവാട്ടി, ഉറങ്ങുന്നു. നമ്മുടെ ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ നമ്മിൽ ഒരു ചലനം പോലും സൃഷ്ടിക്കുന്നില്ല. ഈ ലോകത്തിന്റെ നന്മകൾ വെട്ടിപിടിക്കുന്ന തിരക്കിലാണ് നാം. ജോലി തിരക്ക്, കുഞ്ഞുങ്ങളുടെ ഭാവി, നാട്ടിലെ വസ്തുവകകൾ ഇവയൊക്കെയാണ് നമ്മുടെ കാഴ്ചപ്പാടുകൾ. ദൈവരാജ്യത്തെ കുറിച്ചുള്ള ഭാരം ഹൃദയത്തിൽ തോന്നുന്നില്ലെങ്കിൽ നാം മാനസാന്തരപ്പെടേണ്ട സമയം അരികിലായിരിക്കുന്നു. ക്രിസ്തുവിനുവേണ്ടി ഒരുങ്ങി ഇരിക്കുന്ന മണവാട്ടിയുടെ വിളക്കിൽ എപ്പോഴും എണ്ണ ഉണ്ടായിരിക്കണം.

ഹഗ്ഗായി പ്രവചനം ഒന്നാം അദ്ധ്യായത്തിൽ യഹൂദന്മാർ അനുഗ്രഹിക്കപ്പെടാത്തതിനുള്ള രണ്ട് കാരണങ്ങൾ പറയുന്നു:

1. *യഹോവയുടെ ആലയം ശൂന്യമായി കിടക്കുന്നതിനാലും അത് വീണ്ടും പണിയുവാൻ ശ്രമമൊന്നും നടക്കാത്തതിനാലും (വാക്യം 9)*
2. *എല്ലാവരും സ്വാർത്ഥതയോടെ അവരവരുടെ വീടുകളിൽ സന്തോഷിച്ച് ജീവിക്കുന്നു. യഹോവയുടെ ആലയത്തെക്കുറിച്ച് യാതൊരു ചിന്തയുമില്ല (വാക്യം 9)*

ഇതേ വാക്യങ്ങളാൽ ദൈവം തന്റെ ജനത്തോട് ഇന്നും സംസാരിക്കുന്നു. ദൈവത്തിന്റെ രാജ്യത്തെക്കുറിച്ചുള്ള ചിന്ത നമുക്ക് ഇല്ലായെങ്കിൽ ഹഗ്ഗായിയോടുണ്ടായ ദൈവത്തിന്റെ അരുളപ്പാട് നമ്മോടും പറയുന്നു ' നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ'. ഈ വാചകം നാല് തവണ ഹഗ്ഗായി പുസ്തകത്തിൽ കാണുന്നു. നമ്മുടെ സ്വാർത്ഥതകൾ വിട്ടകന്നു ദൈവജനത്തിന്റെ യഥാസ്ഥാപനത്തിനും, കഷ്ടത അനുഭവിക്കുന്ന ദൈവജനങ്ങൾക്കുവേണ്ടി കരയാം. നമ്മുടെ വഴികളെ വിചാരിച്ചു നോക്കുമ്പോൾ നാം എന്തിനാണ് ജീവിതത്തിൽ പ്രാമുഖ്യം കൊടുക്കുന്നത്? സ്വാർത്ഥ ചിന്തകളെങ്കിൽ, മടങ്ങി വരാം. അധികം സമയം ചിലവഴിക്കുന്നത് നമ്മുടെ ഭൗതീക ആവശ്യങ്ങൾക്കോ? കർത്തൃവേലയിൽ പങ്കാളിയാകുവാൻ സാധിക്കുന്നില്ല എങ്കിൽ ഭവനങ്ങളിൽ പ്രാർത്ഥനാശബ്ദം ഉയരട്ടെ. നമുക്ക് ലഭിക്കുന്ന സമയത്തിന്റെ ദശാംശം എങ്കിലും കർത്താവിന് നൽകുവാൻ സാധിക്കുന്നില്ല എങ്കിൽ യഥാസ്ഥാനപ്പെടുക.

സഹോദരങ്ങളെ, മണവാളന്റെ വരവ് ആസന്നമായിരിക്കുന്ന ഈ കാലഘട്ടത്തിൽ തനിക്കുള്ള മണവാട്ടിയെ ഈ പീഡനങ്ങളുടെ മദ്ധ്യേ കർത്താവ് ഉണർത്തി ഒരുക്കും. സെരുബാബേലിന്റേയും യോശുവയുടേയും മനസ് ഉണർത്തിയതുപോലെ (വാക്യം 14). കർത്താവിനുവേണ്ടി ഉണരുവാൻ മനസുള്ള വ്യക്തികളെ ദൈവം തന്റെ ആലയം പണിയുന്നതിനു വേണ്ടി ഉപയോഗിക്കും. നമ്മുടെ ചുറ്റുപാടും ദൈവമക്കൾ സഹിക്കുന്ന പീഡനം കണ്ടു നാം ഉറങ്ങരുത് !!! നമ്മുടെ വഴികളെ വിചാരിച്ചു നോക്കുക.

# രാത്രിയില്ലാത്ത ദേശം


പാസ്റ്റർ സന്തോഷ് മത്തായി

ഇഹലോകത്തിൽ നമ്മൾ ജീവിക്കുമ്പോൾ നമുക്ക് കിട്ടുന്നത് എല്ലാം താൽക്കാലികം മാത്രം. ഒരിക്കൽ നമ്മൾ ഈ ദേശം വിട്ട് പോകേണ്ടി വരും, എന്നാൽ നമുക്ക് ലഭിക്കാൻ പോകുന്ന ദേശത്തെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ?

നാം എല്ലാവരും വെളിച്ചത്തിൽ വസിക്കുന്നു എന്ന് പറയാറുണ്ട് എങ്കിലും ഇവിടെ നമുക്ക് രാത്രിയുടെ അനുഭവം ഉണ്ട്. എന്നാൽ നമുക്ക് ദൈവം തരുവാൻ പോകുന്ന ദേശത്ത് രാത്രി ഇല്ല. ഈ ദേശത്ത് നമുക്ക് വെളിച്ചം തരുന്നത് സൂര്യനും ചന്ദ്രനും ആണെങ്കിൽ സർവ്വശക്തൻ നമുക്കുവേണ്ടി ഒരുക്കിയ ദേശത്ത് ദൈവത്തിന്റെ തേജസ്സ് ആണ് പ്രകാശം തരുന്നത്. ദൈവത്തിന്റെ കുഞ്ഞാടാണ് അതിന്റെ വിളക്ക്. 'നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവിശ്യമില്ല; ദൈവതേജസ്സു അതിനെ പ്രകാശിപ്പിച്ചു; കുഞ്ഞാടു അതിന്റെ വിളക്കു ആകുന്നു. ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും; ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്ക് കൊണ്ടുവരും. അതിന്റെ ഗോപുരങ്ങൾ പകൽക്കാലത്തു അടയക്കുകയില്ല; രാത്രി അവിടെ ഇല്ലല്ലോ' (വെളി.21:23-25).

ഒരിക്കലും ഈ ലോകത്തിലെ ഇരുട്ടിനെ വെളിച്ചമാക്കാൻ ആർക്കും കഴിയുകയില്ല. എന്നാൽ എന്റെ ദൈവത്തിന്റെ രാജ്യത്ത് എപ്പോഴും വെളിച്ചം മാത്രമേ ഉള്ളു. അതുകൊണ്ട് ഈ ലോകത്തിന്റെ മോഹങ്ങളിൽ കുടുങ്ങി പോകാതെ നമ്മുടെ കർത്താവ് വസിക്കുന്നിടത്ത് പോകുവാൻ വാഞ്ചിക്കുവിൻ. ഇവിടെ നമുക്ക് വസിപ്പാൻ നിലനിൽപ്പുള്ള നഗരം ഇല്ല. കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞു പോയാൽ കൈപണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു (2 കൊരി.5:1).

കർത്താവിനോട് ശിഷ്യനായ പത്രോസ് ചോദിച്ചു ഞങ്ങൾ എല്ലാം വിട്ട് നിന്നെ അനുഗമിച്ചുവല്ലോ, ഞങ്ങൾക്ക് എന്തു കിട്ടും ? (മത്താ.19:27)

യേശു അവരോട് പറഞ്ഞത് എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു.

ഇവിടെ കർത്താവ് ആഗ്രഹിക്കുന്നത് നമ്മൾ എല്ലാവരും അവന്റെ കൂടെ വസിക്കണം എന്നുള്ളതാണ്. ആയതിനാൽ നമ്മൾ ജഡത്തെ അനുസരിച്ചു നടക്കാതെ ദൈവത്തിന്റെ ആത്മാവിനെ അനുസരിച്ച് നടക്കുക (റോമ.8:13).

> ***ഒരിക്കലും ഈ ലോകത്തിലെ ഇരുട്ടിനെ വെളിച്ചമാക്കാൻ ആർക്കും കഴിയുകയില്ല. എന്നാൽ എന്റെ ദൈവത്തിന്റെ രാജ്യത്ത് എപ്പോഴും വെളിച്ചം മാത്രമേ ഉള്ളൂ.***

നിങ്ങൾ ജഡത്തിൽ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം! ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും. ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ആയതിനാൽ ആത്മാവിൽ ജീവിച്ചാൽ മാത്രമേ നമുക്കുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള രാത്രി ഇല്ലാത്ത ദേശത്ത് ചെല്ലാൻ സാധിക്കുകയുള്ളൂ (വെളി.22:5).

ഇനി രാത്രി ഉണ്ടാകുകയില്ല ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവിശ്യമില്ല. അവർ എന്നന്നേക്കും രാജാക്കന്മാരായിരിക്കും ആയതിനാൽ ദൈവം നമക്കുവേണ്ടി ഒരുക്കിയിട്ടുള്ള വിശുദ്ധനഗരത്തിനായി ഒരുങ്ങാം (വെളി.21:2-8).

ആയതിനാൽ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും, ഭോഷ്ക്കും പ്രവർത്തിക്കുന്നവർ ആരും അതിൽ കടക്കുകയില്ല (വെളി.21:27).

ഈ ദിവസങ്ങളിൽ നമുക്ക് ഒന്നിച്ച് മുന്നേറാം. രാത്രി ഇല്ലാത്ത ദേശത്ത് ചെല്ലണം അതിനായി നമ്മെ ഏൽപ്പിക്കാം, ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ!

# ദൈവത്തിന്റെ നാമവും ശക്തിയും



സാം മാത്യു

ദൈവത്തിന്റെ നാമം സകലത്തിനും മേലായ നാമമാണ്. അവൻ മഹാശക്തനാണ്, സർവ്വശക്തനായ ദൈവം. ദൈവത്തിന്റെ നാമവും ശക്തിയും അവർണ്ണനീയവും ചിന്തകൾക്ക് ഗ്രഹിക്കുന്നതിന് അതീതവും ആണ്. സങ്കീ.106:8 – ൽ പറയുന്നു 'എന്നിട്ടും അവൻ തന്റെ മഹാശക്തി വെളിപ്പെടുത്തേണ്ടതിനു തന്റെ നാമം നിമിത്തം അവരെ രക്ഷിച്ചു'.

യാക്കോബിന്റെ ഭാര്യമാരും മക്കളും ആയി കേവലം 70 പേർ ആണ് യോസേഫിന്റെ ആഗ്രഹപ്രകാരവും രാജാവായ ഫറവോന്റെ ആജ്ഞപ്രകാരവും മിസ്രയീമിലെത്തിയത്. യിസ്രായേൽ ആഗ്രഹിച്ചതും അവർക്ക് പാർക്കുവാൻ യോജിച്ചതുമായ മനോഹരമായ ഗോശെൻ ദേശം ആണ് തിരഞ്ഞെടുത്തത്. വർഷങ്ങൾ പിന്നിട്ടു, നീണ്ട 400 ൽപരം വർഷങ്ങൾ യിസ്രായേൽ മിസ്രയീമിൽ പാർത്തു. യാക്കോബും യോസേഫും മരിച്ചു, സന്തോഷത്തിന്റെ ദിനങ്ങൾ ഒക്കെ അസ്തമിച്ചു. അവരെ അറിഞ്ഞ ജനങ്ങളും അവരോടു കരുണ കാണിച്ച ഭരണാധികാരികളും മാറിമറഞ്ഞു.

യിസ്രായേൽ ജനങ്ങൾ പെറ്റുപെരുകി, ഏകദേശം 30 ലക്ഷത്തിൽപ്പരം ജനങ്ങൾ ആയി. അവരെ ഇഷ്ടപ്പെടാത്ത പുതിയ തലമുറകളും ഭരണകർത്താക്കളും യിസ്രായേൽ ജനത്തെ ക്രൂരമായി പീഡിപ്പിച്ചു. ദൈവത്തിന്റെ സ്വന്ത ജനമായ യിസ്രായേൽ മക്കളുടെ കരച്ചിൽ ദൈവസന്നിധിയിൽ എത്തി. ദൈവം അവരെ വിടുവിക്കുവാൻ തീരുമാനിച്ചു. പഴയനിയമത്തിന്റെ മദ്ധ്യസ്ഥനായ മോശെയുടെ നേതൃത്വത്തിൽ ദൈവം യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്ന് അത്ഭുതകരമായി രക്ഷിച്ചു. പുതിയ നിയമത്തിന്റെ ഏക മദ്ധ്യസ്ഥനായ നമ്മുടെ വാഴ്ത്തപ്പെട്ടവനായ കർത്താവായ യേശുക്രിസ്തുവിന്റെ അത്രത്തോളം പ്രാധാന്യം മോശെയ്ക്ക് ദൈവം കൊടുത്തു.

പകൽ വെയിൽ തട്ടാതെ മേഘസ്തംഭത്തിലും രാത്രിയിൽ വെളിച്ചവും ചൂടും നൽകി അഗ്നിസ്തംഭത്തിലും ദൈവം യിസ്രായേലിനെ നടത്തി. അവർക്ക് ഒന്നിനും കുറവില്ലാതെ ആഹാരവും, വേണ്ടതൊക്കേയും ദൈവം കൊടുത്തു. സ്വർഗ്ഗീയ ആഹാരമായ മന്നാ കേടുപറ്റാതെ മഞ്ഞിൽ പൊതിഞ്ഞു നീണ്ടയാത്രയിൽ അവർക്കു നൽകി. അവർ ചോദിച്ച ഇറച്ചിയും, വെള്ളമില്ലാത്തിടത്ത് വെള്ളവും അങ്ങനെ അവർ ആഗ്രഹിച്ചതൊക്കേയും ദൈവം അതാത് സമയത്ത് അവർക്ക് നൽകി ക്ഷേമത്തോടെ നടത്തി.

അവരുടെ വസ്ത്രം പഴകിയില്ല, അവരുടെ ചെരുപ്പ് തേഞ്ഞതുമില്ല. അങ്ങനെ സ്വർഗ്ഗീയമായ ശ്രേഷ്ഠമായ ആഹാരം, ദൈവീക സംരക്ഷണം, ശത്രുക്കളുമായുള്ള യുദ്ധത്തിൽ ജയം, ദൈവീക കരുതൽ, ദൈവീക സാമീപ്യം ഒക്കെ വേണ്ടതുപോലെ ജനം തിരിച്ചറിഞ്ഞു. എങ്കിലും നിസാര കാര്യങ്ങൾക്ക് അവർ ദൈവത്തിനും മോശെയ്ക്കും എതിരായി പ്രവർത്തിച്ചു. മത്സരം, പിറുപിറുപ്പ്, ശാഠ്യം, കലഹം എന്നിവ അവർ കാണിച്ചു. പലപ്പോഴും ദൈവം കോപിച്ചു ഭാഗീകമായി അവരെ ശിക്ഷിച്ചു, കുറച്ചുപേരേ നശിപ്പിച്ചു കളഞ്ഞു. എങ്കിലും മഹാദയയും കരുണയും ദീർഘക്ഷമയും ഉള്ള ദൈവം അവരെ സ്നേഹിച്ചു വഴി നടത്തി.

ദൈവം കൊടുത്ത പ്രമാണങ്ങൾ പൂർണ്ണമായി അനുസരിക്കാതെ, ദൈവീക ശബ്ദത്തിനു ചെവി കൊടുക്കാതെ വീണ്ടും വീണ്ടും അവർ ദൈവത്തോടു മത്സരിച്ചു, ശാഠ്യം കാണിച്ചു, ദൈവീക വ്യവസ്ഥയിൽ നിന്നും വ്യതിചലിച്ചു. നീണ്ട 40 വർഷക്കാലം അത്ഭുതകരമായി നടത്തിയ ദൈവത്തെ അവർ വിട്ടുകളഞ്ഞു. പലപ്പോഴും അവരുടെ അനുസരണക്കേട് അവരുടെ യാത്രയിൽ ക്ലേശം വരുത്തി.

സർവ്വശക്തനായ ദൈവത്തിന്റെ മഹാശക്തിയും കരുതലും അവർ നേരിട്ടറിഞ്ഞതാണ്. എന്നിട്ടും അവർ പിന്മാറി നന്ദികെട്ടവരായി ദൈവത്തെ കോപിപ്പിച്ചു. വാഗ്ദത്തം ചെയ്ത ദൈവം വാക്കുമാറാത്തവനായ ദൈവം തന്റെ വാഗ്ദത്തം നിറവേറ്റി. അവർ ദൈവത്തെ വിട്ടുമാറിയിട്ടും അവൻ തന്റെ മാറ്റമില്ലാത്ത നാമം നിമിത്തം അവരെ വിടുവിച്ചു.

ദൈവത്തിന്റെ നാമം 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നതാണ്. ഞാൻ അല്ലാതെ മറ്റൊരു ദൈവം ഇല്ല. ദൈവം ഏകൻ അത്രേ. ഈ നാമം ഏറ്റവും ഉന്നതമായ നാമമാണ്. മാറ്റം ഭവിക്കാത്ത യഹോവ എന്ന നാമമുള്ളവൻ. അവൻ തന്റെ മഹാശക്തി അവരെ കാണിക്കേണ്ടതിന് അവരെ രക്ഷിച്ചു. പർവ്വതങ്ങൾ മാറിയാലും കുന്നുകൾ നീങ്ങിപ്പോയാലും എന്റെ ദയ നിന്നെ വിട്ടുമാറുകില്ല എന്നരുളിച്ചെയ്തവനായ നമ്മുടെ ദൈവം, അവൻ നമ്മെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല.

പ്രിയ ദൈവമക്കളേ, യിസ്രായേൽ മക്കൾക്ക് പറ്റിയ വീഴ്ച നമ്മുടെ ജീവിതത്തിൽ ഉണ്ടാകാതിരിക്കട്ടെ. ഇത് നമുക്ക് ഒരു ദൃഷ്ടാന്തമായി തീരട്ടെ. ഈ ദൈവത്തെ അറിഞ്ഞതും പിൻപറ്റുന്നതുമാണ് ഏറ്റവും വലിയ ഭാഗ്യം. നമ്മുടെ ദൈവം സർവ്വശ്ക്തനാണ്. അവന്റെ നാമം ഏറ്റവും ഉയർന്നതാണ്. അവൻ മനസ്സലിവുള്ളവൻ, ദയാലു, ദീർഘക്ഷമയുള്ളവൻ, കരുതുന്നവൻ, ഇത്യാദി അനേകം സ്വഭാവ സവിശേഷതകൾ ഉള്ള ദൈവമാണ്.

നമ്മെ രക്ഷിക്കുവാൻ, പോറ്റി പുലർത്തുവാൻ അവൻ മതിയായവൻ. നിത്യതയോളം നടത്തുവാൻ ദൈവം മാത്രമേ ഉള്ളൂ. ഏതു സമയത്തും ഏതു സാഹചര്യത്തിലും കൂടെ ഇരിക്കുന്നവൻ നമ്മുടെ ദൈവം മാത്രം. മനുഷ്യരൊക്കെ മാറിപ്പോകും. ദൈവം മാറ്റം ഭവിക്കാത്തവൻ. ദൈവത്തിന് സമയമോ, സാഹചര്യമോ, അവസ്ഥയോ ഒന്നും പ്രശ്നമല്ല.

ഈ ദൈവം എന്നുമെന്നും നമ്മുടെ ദൈവം, അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും. ഈ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു ജീവിക്കാൻ നമുക്ക് ഓരോരുത്തർക്കും ഇടയാകട്ടെ എന്നു ആത്മാർത്ഥമായി ആഗ്രഹിക്കാം, പ്രാർത്ഥിക്കാം. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

# What does Faith feel Like ?




Keziah Thomas

To me it feels like, when you look at a problem according to the world it's impossible but there is that one voice inside saying you can do it which fills me with a passion enough to get me on my feel and moving. This is what faith is about.

Faith is the centre of a Christian life. It is by faith that we believe that Christ died on the cross and it is by this faith we were saved. Knowing that we believe and being able to articulate it is important, but if there is all one faith is about, we have not gone deep enough. Authentic faith is not about trusting in the truth of a set of statement about God, it means trusting in God.

What if someone tells you to sit on a chair you couldn't see ? will you sit ? You won't sit because your sense will forbid you. Yet when it comes to God, we have to believe things that we cannot see. But then how can you believe in things you can't see ? Then answer is that you can't believe in invisible things with human faith for that you need God's supernatural faith.



That's the kind of faith we have to use to receive salvation. We have to believe in God we have not seen and believe that our sins are forgiven which we can't prove by natural means, so where do we get this supernatural faith? Romans 10:17 says "So, then faith comes by hearing, and hearing by the word of God".

The more you know about faith and now it works, the better it will work for you. People would eventually see results if they just kept trying but they give up easily because they do not believe they don't have that what it takes. This is not true. The Lord has given us everything we need including all the faith we need. We just need to acknowledge it and learn the laws that given the operation of God's faith.

# കാവൽക്കാരൻ



തോമസ് പി. ജോൺ


ഓരോ രാഷ്ട്രതലവന്മാർക്കും ദേശത്തിലെ ഉന്നതന്മാർക്കും കാവൽക്കാരെ ആക്കിവെച്ചിരിക്കുന്നതായിട്ട് മാനുഷികമായി കാണാൻ കഴിയും. ഇവരുടെ ഉത്തരവാദിത്വത്തങ്ങളെക്കുറിച്ചും നമുക്ക് നന്നായി അറിയാം. വലിയവനായ ദൈവത്തെ സ്നേഹിക്കുന്ന തന്റെ ഭക്തന്മാരായ എല്ലാ ദൈവമക്കൾക്കും ഒരുക്കിയിരിക്കുന്നതായ കാവൽക്കാരെ നമ്മുടെ മാനുഷികമായ കണ്ണുകൾകൊണ്ട് കാണുവാൻ കഴിയില്ലെങ്കിലും നമുക്ക് ഓരോരുത്തർക്കും നന്നായി അനുഭവിച്ചറിയാൻ കഴിയും.

കാവൽക്കാരുടെ ഉത്ഭവം വിശുദ്ധതിരുവചനത്തിൽ നിന്നാണ് എന്നുള്ള വസ്തുത ഒരിക്കലും നാം മറന്നു പോകരുത്. ഉൽപ്പ.3:24 -ൽ ഇങ്ങനെയാണ് നമ്മെ ഓർപ്പിക്കുന്നത്' ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കികളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻ തോട്ടത്തിനു കിഴക്ക് കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി'.

ദൈവം ഏദെനിൽ വെച്ച് മാനവരാശിക്ക് കാട്ടിതന്നിരിക്കുന്ന കാവൽക്കാരെയല്ല ഇന്ന് നമ്മുടെ ചുറ്റുപാടും കാണുവാൻ സാധിക്കുന്നത്. എന്നാൽ തന്റെ കൽപ്പനകൾ അനുസരിച്ച് ജീവിക്കുന്നതായ എല്ലാവർക്കും നൽകിയിരിക്കുന്ന കാവൽക്കാർ സ്വർഗ്ഗീയ ദൂതന്മാർ തന്നെയാണ്.

2 രാജാക്കന്മാർ 6-ാം അദ്ധ്യായം എട്ടാം വാക്യത്തിൽ ഒരു ദൈവീക കാവലിനെക്കുറിച്ച് കാണുവാൻ കഴിയും. ദൈവപുരുഷനായ എലീശാപ്രവാചകനെ കൊല്ലുവാൻ അരാം രാജാവ് അന്വേഷിച്ചു. ദോദാനിലുണ്ടെന്ന് അറിവ് കിട്ടി അവിടേക്ക് രാജാവ് ശക്തിയുള്ള ഒരു സൈന്യത്തെ അയച്ചു. ദൈവപുരുഷന്റെ ബാല്യക്കാരൻ രാവിലെ പുറത്തിറങ്ങിയപ്പോൾ ഒരു സൈന്യം കുതിരകളും രഥങ്ങളുമായി പട്ടണം മുഴുവനും വളഞ്ഞിരിക്കുന്നത് കണ്ടു. ബാല്യക്കാരൻ പ്രവാചകനോട് അയ്യോ യജമാനനെ, നാം എന്ത് ചെയ്യും എന്നു ചോദിച്ചപ്പോൾ പേടിക്കേണ്ടാ നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരേക്കാൾ അധികം എന്നു പറഞ്ഞു. പിന്നെ എലീശ പ്രാർത്ഥിച്ചു, യഹോവേ ഇവൻ കാണത്തക്കവിധം ഇവന്റെ കണ്ണ് തുറക്കണമേ എന്നു പറഞ്ഞു. യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു. എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ട് മല നിറഞ്ഞിരിക്കുന്നതായ് അവൻ കണ്ടു. ഒരു ദൈവപൈതലിനെ നശിപ്പിക്കുന്നതിനുവേണ്ടി ഏതു ശത്രുവും ഒരുങ്ങികൊള്ളട്ടെ എന്നാൽ സങ്കീർത്തനക്കാരനായ ദാവീദ് തന്റെ 23-ാം സങ്കീർത്തനം 5-ാം വാക്യത്തിലൂടെ നമ്മോട് പറയുന്നത് ' എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു' എന്നാണ്.

എലീശാ പ്രവാചകനെ നശിപ്പിക്കുന്നതിനുവേണ്ടി സൈന്യം അടുത്ത് വന്നപ്പോൾ ഈ ജാതിയെ അന്ധത പിടിക്കണമേയെന്ന് എലീശ യഹോവയോട് പ്രാർത്ഥിച്ചു. പ്രവാചകന്റെ പ്രാർത്ഥനകേട്ട് അവൻ അവരെ അന്ധത പിടിപ്പിച്ചു. എലീശയെ കൊല്ലുവാൻ വന്നതായ സൈന്യത്തിന് ദൈവപുരുഷനെ കാണുവാൻ കഴിഞ്ഞില്ല. ഈ ലോകത്തിൽ ജീവിക്കുന്നതായ നമുക്ക് ഓരോരുത്തർക്കും എതിരായ് ശത്രുക്കൾ ഏതുവിധത്തിൽ കടന്നുവന്നാലും അവരുടെ മദ്ധ്യേ നാം മുഴങ്കാൽ മടക്കുമെങ്കിൽ ഒരു വഴിയായി കടന്നുവരുന്ന ശത്രു ഏഴുവഴിയായി കടന്നു പോകും. ആയതിനാൽ ദൈവീക കാവലിനായി സമർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് മുന്നേറാം.



# തിരുവചനം

ചെറുകഥ



റോജി ഇലന്തൂർ

ചില നാളുകൾക്ക് മുൻപ് ഒരു പാവം സഞ്ചാരസുവിശേഷകൻ പകലന്തിയോളം പരസ്യയോഗങ്ങൾ നടത്തി സ്വഭവനത്തിലേക്കു തിരിച്ചു. മൈലുകൾ താണ്ടി കുന്നും മലയും ചവിട്ടി അങ്ങെത്തുമ്പോഴേക്കും അർദ്ധരാത്രിയോടടുക്കും. സുവിശേഷദീപ്തി എത്തിയിട്ടില്ലാത്ത ഇടങ്ങൾ തേടിപ്പിടിച്ച് സുവിശേഷം എത്തിക്കുന്നത് ഇന്നു തനിക്കൊരു ഹരമായിരിക്കുന്നു. വർഷങ്ങളായി തന്നോടൊപ്പം കൂടിയ 'മെഗാഫോണും' കരങ്ങളിലേന്തി തോൾസഞ്ചിയിൽ ശേഷിക്കുന്ന ലഘുലേഖകളും തിരുവചനങ്ങളുമായി ആ മലമടക്കുകൾ ഇറങ്ങിവന്നപ്പൊഴേക്കും നേരം മൂവന്തിയായി.

കൂടുതേടി പറക്കുന്ന പക്ഷിഗണങ്ങളും മലഞ്ചെരിവിലൂടെ കളകളം പാടിവരുന്ന അരുവികളുടെ ശബ്ദവും ആ ഭൂപ്രദേശത്തിനു ഭംഗി കൂട്ടി. പ്രകൃതിസൗന്ദര്യവും ആസ്വദിച്ചു മലയിറങ്ങിയപ്പൊഴേക്കും നേരം നന്നേ ഇരുട്ടി. പച്ചപ്പൈൻമരങ്ങളും പുൽമേടുകളും നിറഞ്ഞു നിൽക്കുന്ന ആ പ്രദേശത്തെങ്ങും മനുഷ്യവാസം ഉണ്ടെന്നു തോന്നുന്നില്ല. പള്ളക്കാടുകൾക്കിടയിൽ എവിടൊക്കെയോ ഒറ്റയടിപ്പാതകൾ കാണായ് വന്നു. നേരം വൈകുംതോറും ചീവീടുകളുടെ ശബ്ദം കാതുകളിൽ തുളച്ചിറങ്ങി. ഇത്രയും കുറ്റാക്കൂരിരുട്ടിൽ കൂടി താൻ ഇതുവരെയും കടന്നുവന്നിട്ടില്ലെന്നു തിരിചറിഞ്ഞു.

പ്രഭാതം പൊട്ടി വിടർന്നതും പ്രാർത്ഥിച്ച്, കട്ടനും കുടിച്ച് മെഗാഫോണുമായി ഇറങ്ങിയതാണ്. ഉച്ചയ്ക്ക് ആരോ തന്നെ ക്ഷണിച്ച് ഊണുകഴിപ്പിച്ചതിനാൽ അൽപാശ്വാസം. എങ്കിലും ഉച്ചയൂണു കഴിഞ്ഞുള്ള ശുശ്രൂഷയും നടപ്പും ശരീരത്തിനു അൽപമല്ലാത്ത ക്ഷീണം തോന്നിപ്പിച്ചു. ഇരുട്ടിന്റെയും ഘനം കൂടി വന്നപ്പോൾ ഒരു കാര്യം തനിക്കു മനസ്സിലായി ഇനി അധികദൂരം പോകാനാകില്ല. കൈയിലുള്ള മെഗാഫോണും തോൾസഞ്ചിയും ഇറക്കി വച്ചിട്ട് അൽപം ആശ്വസിക്കാമെന്നു ചിന്തിച്ചു. അതിരാവിലെ മുതൽ നടപ്പാരംഭിച്ചതിനാൽ നടുവിനു കലശലായ വേദന പോലെ തോന്നിച്ചു. ഒരു മരക്കൊമ്പിലേക്കു ധരിച്ചിരുന്ന മേൽകുപ്പായം ഊരിത്തൂക്കി. എന്നിട്ട് കരങ്ങൾ നടുവിന്മേൽ വച്ച് 'അവന്റെ അടിപ്പിണരുകളാൽ സൗഖ്യം' എന്നു പറഞ്ഞ് പ്രാർത്ഥിച്ചതും വേദന എവിടെ പോയെന്നറിഞ്ഞില്ല.
ആ മരച്ചുവട്ടിൽ തന്നെ കിടക്കയൊരുക്കി, തോൾസഞ്ചി തലയണയുമാക്കി കിടന്നു. രാത്രിയിൽ യാത്ര അത്ര പന്തിയല്ലെന്നു തോന്നിയതിനാൽ അവിടെ ഇന്നു രാത്രി കഴിച്ചുകൂട്ടാമെന്നു ചിന്തിച്ചു. സഞ്ചാരസുവിശേഷകൻ ആയതിനാൽ കാര്യമായ പ്രതിഫലമൊന്നും കിട്ടാത്തതുകൊണ്ടും കിട്ടിയ പൈസക്കു മെഗാഫോൺ വാങ്ങിയതിനാലും 'രാത്രിയിൽ യാത്രയില്ല' എന്നു വീട്ടിൽ അറിയിക്കാൻ ഒരു വഴിയുമില്ലെന്നോർത്തു. ലോകത്തിൽ താൻ ഭോഷനെങ്കിലും, ദൈവത്തിൽ ശ്രേഷ്ഠനാണെന്നു തനിക്ക് ഉത്തമബോധ്യം ഉണ്ടായിരുന്നു. ചിലയിടത്തൊക്കെ പരസ്യയോഗസമയത്ത് ചിലരെങ്കിലും ചോദിക്കുന്നതു കേട്ടിട്ടുണ്ട്, 'തനിക്കൊക്കെ നല്ല ആരോഗ്യമുണ്ടല്ലൊ, വേറെ വല്ല പണിക്കും പൊയ്ക്കൂടേ?' അവരറിയുന്നോ സർവശക്തൻ തന്നെ 'ദരിദ്രരോടു സുവിശേഷം അറിയിക്കാനായി' അഭിഷേകം ചെയ്തിരിക്കയാണെന്ന്. ആ നിയോഗവും വിളിയും തെരഞ്ഞെടുപ്പുമാണു തന്നെ ഈ വേലയിൽ ഉറപ്പിച്ചുനിർത്തിയതും. അല്ലെങ്കിലും സുവിശേഷകനായുള്ള തന്റെ വിളിക്കെന്നും വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുമുണ്ട്, വിശ്വാസികളിൽ നിന്നും ദൈവദാസന്മാരിൽ നിന്നുപോലും.

പൊടുന്നനവെ കാട്ടിനുള്ളിൽ എവിടെയൊ കാട്ടുമൃഗങ്ങളുടെ മുരൾച്ചകൾ കേൾക്കുന്നുണ്ട്. ചിന്തകൾ ചില്ലകൾ മാറി ചേക്കേറി. അപരിചിതമായ വിജനമായ പ്രദേശത്ത് ദുഷ്ടമൃഗങ്ങളുടെയോ കവർച്ചക്കാരുടെയോ സാന്നിധ്യം ഉണ്ടാകാം. ഭയവിഹ്വലനായ തന്റെയുള്ളിൽ കൂടി പല ചിന്തകളും കടന്നുപോയി.

ഒരു നിലാവെളിച്ചം തന്റെമേൽ വന്നു വീണതു അറിഞ്ഞു. ആ അരണ്ടവെളിച്ചത്തിൽ തലയണയാക്കി വച്ച തോൾസഞ്ചിയിൽ നിന്നും തിരുവചനം എടുത്തു വായിക്കാനിടയായി. സങ്കീർത്തനം നാലിന്റെ ഒന്ന് ഇങ്ങനെ പറയുന്നു, 'ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും, നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.' പിന്നീട് തൊണ്ണൂറ്റിയൊന്നാം സങ്കീർത്തനം പത്താം വാക്യം, 'ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിനു അടുക്കയില്ല.' ആ തിരുവചനം തന്നിലേക്ക് ധൈര്യം പകരുന്നതു താൻ തിരിച്ചറിഞ്ഞു. താളുകൾ മറിച്ചു, നൂറ്റിയിരുപത്തിയൊന്നാം സങ്കീർത്തനം വായിക്കാനിടയായി. അവിടെ, 'യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല.' എന്നു വായിച്ചപ്പോൾ ഉറങ്ങാതെ മയങ്ങാതെ പരിപാലിക്കുന്ന ആ ദൈവീക വിശ്വസ്തത ഉള്ളിലേക്കു കടന്നു വന്നപ്പോൾ
താൻ ഇങ്ങനെ പ്രാർത്ഥിച്ചു, 'കർത്താവേ, ഏതായാലും അങ്ങ് ഉറങ്ങാതിരിക്കുകയാണല്ലൊ അതുകൊണ്ട് നിന്റെ ദാസൻ ഉറങ്ങട്ടെ. നാം രണ്ടുപേരും കൂടെ ഉറങ്ങാതിരിക്കേണ്ട ആവശ്യമില്ലല്ലോ.' ഇങ്ങനെ പറഞ്ഞുകൊണ്ട് താൻ ആ മരച്ചുവട്ടിൽ കിടന്നുറങ്ങി.

# Storing up Treasures in Heaven




People at all times had the practice of investing in some form of securities. Today also, almost everyone invests in some sort of secure deposits or securities which they regard as their assets in times of need or emergency or even as security in the retired life. Besides this, they may hoard these assets for enjoyment and luxurious indulgence here on earth. The Bible also talks about investments but on a wholly different approach.

Jesus said, *"lay up for yourselves treasures in heaven"* (Matt. 6:20). He connected this with the actual desire of our hearts, *"For where your treasure is,* there your heart will be also" (Matt. 6:21). He instructed not to lay up treasures on earth, which are destroyed by moth, rust, and stolen by thieves (Matt. 6:19). The worldly-minded people are busy laying up treasures on this earth. Unfortunately, many of the believers also who are worldly in their thinking are so focussed on accumulating things on this earth that they miss the focus on eternity altogether.

When God and His Kingdom are our priority, we will focus and commit our resources – our time, money, talents, professions, possessions – on expanding His Kingdom in the world. Paul said in 1 Cor. 10:31, "*do all to the glory of God."* He also encourages servants of the Lord that God has an eternal reward for those who serve Christ, *"whatever you do, do it heartily, as to the Lord and not to men, knowing that from the Lord you will receive the reward of the inheritance"* (Col. 3:23-24).

When we live and give sacrificially for Jesus so as to bless the Body of Christ, we are storing up treasures in heaven (Matt. 10:41-42). Small acts of service may be unnoticed by men, but God will take note of them.

When believers are persecuted (physically, emotionally, financially, etc.) for the sake of Christ, they can be sure that their reward in heaven will be great. Jesus said, *"Blessed are you when they revile and persecute you, and say all kinds of evil against you falsely for My sake. Rejoice and be exceedingly glad, for great is your reward in heaven"* (Matt. 5:11-12). This is possible only if one has the right vision as seen in Matt. 6:21. This was seen in the life of Moses mentioned specifically in Heb. 11:24-26. Is your vision in line with the Bible?

Selfless lifestyle is a crucial element which is seriously lacking in many professing believers. Jesus said, *"love your enemies, do good, and lend, hoping for nothing in return; and your reward will be great, and you will be sons of the Most High"* (Luke 6:35). Contrast this with the selfish lifestyle about which Jesus says in Luke 12:15-21. Jesus calls the man in this passage a fool, who works and stores up wealth and treasure for himself in this world alone and not rich in the eyes of God. It would be wise to note when Jesus says that a man's life is not assessed by the things that he possesses. It is the condition of the heart that matters and the biblical perspective that makes a person rich in God's eyes.

There are those who give money, pray, fast, and do spiritual exercises coveting the praise of men rather than seeking the glory of God. Some who are blessed with spiritual gifts might be tempted to use their gifts for their own glory. Jesus says that such people have their reward in full here and now (Matt. 6:1-4, 5-6, 16-18). Our focus shouldn't be on the applause of men here on earth, but on God's glory,knowing that our heavenly Father will reward us.

Putting God number one in life is the central tenet in the Christian walk. In Matt. 19:16-30, Jesus talks about a man who loved his money more than God. The problem was not that the man was rich but that he treasured his riches more than God Himself. He loved the gifts more than the Giver. When Jesus said to the man, *"If you want to be perfect, go, sell what you have and give to the poor, and you will have treasure in heaven; and come, follow Me"* (Matt. 19:21), he went away sorrowful because he had great possessions. He gave more importance and preference for the treasures of this world rather than the treasure in heaven. He was not willing to make Jesus his treasure. The man was very religious in obeying many of the commandments (Matt. 19:18-20), but Jesus exposed his heart of greed and materialism. Is God really number one in your life?

A stern warning not to lose our full reward by following after false teachers is given in 2 John 1:7-9. This is why it is so important to be in God's Word daily (2 Tim. 2:15). This is the only way we can recognise false teaching when we hear it. The more we are acquainted with the truth in God's Word, the easier it is to discern the truth from false teachings. It is good to remember that the Lord had commanded the Israelites to obey and walk in all the ways that the Lord had commanded them, and they were not supposed to turn from them even by the slightest margin (Deut. 5:32-33). Though the Israelites initially agreed to do so, they later transgressed against the Lord's ways which resulted in God's wrath burning against them.



Honouring the Lord with our wealth through faithful stewardship is also storing up treasure in heaven. 1 Tim. 6:17-19 says, *"Command those who are rich in this present age not to be haughty, nor to trust in uncertain riches but in the living God, who gives us richly all things to enjoy. Let them do good, that they be rich in good works, ready to give, willing to share, storing up for themselves a good foundation for the time to come, that they may lay hold on eternal life."*

The heavenly treasures that await the child of God will far outweigh the earthly troubles, inconvenience, or persecution we may face (Rom. 8:18). We can serve the Lord wholeheartedly, knowing that God is the One keeping a record, and His reward will be richly gracious. Be reminded of 1 Cor. 15:58 which says, *"Be steadfast, immovable, always abounding in the work of the Lord, knowing that your labour is not in vain in the Lord."* May the Lord help us to store up lasting treasures in heaven.

## Command & Promise of the Month

### COMMAND

***യോഹന്നാൻ 14:13***

നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കേയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും.

### PROMISE

***എഫെസ്യർ 4:29***

കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മീകവർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്

## GREEK Vocabulary

**Pastor Wilson Cherian**

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | οὐρανῶν | ouranōn | Heaven | Matthew 3:2 |
| 2 | Φωνη | phōnē | Sound/voice | Matthew 3:3 |
| 3 | Κάμηλος | Kamēlos | Camel | Matthew 3:4 |
| 4 | ῾Ιεροσόλυμα | Hierosoluma (pronounced as Yerosoluma) | Jerusalem | Matthew 3: 5 |
| 5 | ᾽Ιουδαία | Ioudaia (pronounced as Youdaia) | Judea | Matthew 3:5 |

# കംപ്യൂട്ടർ യുഗത്തിലെ വിജ്ഞാനവും കുട്ടികൾക്കുള്ള സ്വാധീനവും



റ്റിന്റു വിവിൻ

ഒരു വൈജ്ഞാനിക യുഗത്തിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. ആധുനിക ഇലക്ട്രോണിക്സ് മാധ്യമങ്ങൾ ഇന്നത്തെ തലമുറകളെ വളരെ സ്വാധീനം ചെലുത്തിയിരിക്കുന്നു. വിവര സാങ്കേതിക വിദ്യ മനുഷ്യന്റെ വിജ്ഞാനത്തെ വർദ്ധിപ്പിക്കുന്നു. എന്നാൽ ഇതേ ടെക്നോളജിയുടെ ദുരുപയോഗം മനുഷ്യനെ നാശത്തിലേക്ക് തള്ളിയിടുന്നു. മനുഷ്യ ജീവിതത്തിൽ പുരോഗതിയുടെ കുതിച്ചു ചാട്ടമായിരുന്നു റേഡിയോ. ഒരു സ്ഥലത്തെ ശബ്ദത്തെ തരംഗങ്ങളാക്കി മറ്റൊരു സ്ഥലത്തേക്ക് അയയ്ക്കാൻ കഴിയുന്ന സംവിധാനം വാർത്താവിനിമയ രംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് കാരണമായി.

അതിനെ തുടർന്ന് ഇലക്ട്രോണിക്സ് മാധ്യമരംഗത്തെ വളർച്ച അതിവേഗം ആയിരുന്നു. കംപ്യൂട്ടർ ഇന്ന് ഒരു അത്യാവശ്യ വസ്തുവായി മാറിയിരിക്കുന്നു. അതിവേഗത്തിൽ ശബ്ദദൃശ്യങ്ങൾ അയയ്ക്കുവാൻ കഴിയുന്ന സംവിധാനമാണ് ഇപ്പോൾ ഉള്ളത്. ഇന്ന് എല്ലായിടത്തും 'ലൈവ് ടെലിക്കാസ്റ്റിംഗ്' എന്ന സംവിധാനം സാധാരണയായികൊണ്ടിരിക്കുകയാണ്. എന്നാൽ ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും മാധ്യമങ്ങളുടേയും ഉപയോഗത്തിൽ ഗുണവും ദോഷവും ഉണ്ട്.

### ഗുണങ്ങൾ:

- ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖേന ആശയ വിനിമയം ഏറെ എളുപ്പമാക്കാൻ കഴിയുന്നു.
- അറിവ് വർദ്ധിക്കുന്നു
- വളരെ വേഗത്തിൽ ദൂരങ്ങൾ തമ്മിൽ അടുപ്പിക്കുവാൻ കഴിയുന്നു.

### ദോഷങ്ങൾ:

- വിജ്ഞാനത്തേക്കാൾ ഉപരി വിനോദത്തിനായി ഉപയോഗിക്കുന്നു
- യുവതലമുറ ഇതിൽ ആകൃഷ്ടരാകുന്നു
- കുടുംബത്തിൽ വ്യക്തികൾ തമ്മിലുള്ള ആശയവിനിമയം കുറയുന്നു
- തെറ്റായ കൂട്ടുകെട്ടിൽ അകപ്പെടുന്നു
- പ്രണയത്തിന്റെ ചതികുഴിയിലേക്ക് വലിച്ചിഴക്കപ്പെടുന്നു

***സോഷ്യൽ മീഡിയ:*** ഇന്ന് വളരെയധികം സ്വാധീനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് സോഷ്യൽ മീഡിയ. എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സംവിധാനമാണ് സോഷ്യൽ മീഡിയ. ഇന്റർനെറ്റ് ഇല്ലാത്ത ഫോൺ ഇന്ന് വിരളമാണ്. അങ്ങനെ വരുമ്പോൾ ഓരോ വ്യക്തികളും വാർത്താ പ്രതിനിധികളായി മാറുകയാണ്. വാട്ട്സ്ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയവയിലൂടെ ആർക്കും എവിടെ നിന്നും വാർത്തകൾ എഴുതുവാനും പ്രസിദ്ധീകരിക്കുവാനും കഴിയുന്ന സംവിധാനമാണ് ഇന്നുള്ളത്. എന്നാൽ കേട്ട വാർത്ത ശരിയോ തെറ്റോ എന്നറിയാതെ വളരെ വേഗം വ്യാപിപ്പിക്കുന്നു. ഇന്ന് സമൂഹത്തിൽ നടക്കുന്ന മിക്ക കുറ്റകൃത്യങ്ങളുടേയും മൂല കാരണമായി മൊബൈൽ ഫോൺ മാറിയിരിക്കുന്നു.



***കുട്ടികളുടെ നിർബന്ധത്തിന് വഴങ്ങി സ്മാർട്ട് ഫോൺ വാങ്ങി കൊടുക്കുമ്പോൾ - മാതാപിതാക്കൾ ഒന്ന് ഓർക്കുക അത് അവർക്ക് ആവശ്യമാണോ?***

കുട്ടികളുടെ കൈയ്യിൽ ഇവ ലഭിക്കുമ്പോൾ അവർ അറിയാതെ തന്നെ മറ്റൊരു ലോകത്തിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നു. ഇളം മനസ്സുകളെ ആകർഷണ വലയത്തിലാക്കുന്ന പരസ്യങ്ങളും, സൈറ്റുകളും ഇന്ന് ധാരാളം ഉണ്ട്. കുട്ടികളുടെ നിർബന്ധത്തിന് വഴങ്ങി സ്മാർട്ട് ഫോൺ വാങ്ങി കൊടുക്കുമ്പോൾ - മാതാപിതാക്കൾ ഒന്ന് ഓർക്കുക അത് അവർക്ക് ആവശ്യമാണോ ഇല്ലയോ എന്നുള്ളത്. അത് ശ്രദ്ധിച്ചില്ല എങ്കിൽ പിന്നീട് ഏറെ വില നൽകിേവരും.

*വിശുദ്ധ ബൈബിൾ പറയുന്നു*
***'ബാലൻ നടക്കുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല' (സദൃ.22:6). നമ്മുടെ കുഞ്ഞുങ്ങളെ നമുക്കു നേടാൻ കഴിയണമെങ്കിൽ അവർക്ക് നൽകുന്ന ആധുനിക സൗകര്യങ്ങളോടൊപ്പം ദൈവവചനവും പത്ഥ്യോപദേശവും നൽകുന്നു എന്ന് ഉറപ്പ് വരുത്തുക.***

# അസൂയ

എന്താണ് അസൂയ? എപ്പോഴാണ് അസൂയ ഉണ്ടാകുന്നത്? നമുക്ക് മറ്റുള്ളവരോട് അസൂയ ഉണ്ടോ? ഈ ചോദ്യങ്ങൾ നാം നമ്മോട് തന്നെ ചോദിക്കുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നത് നമ്മുടെ ആത്മീയ ജീവിതത്തിന്റെ പുരോഗതിക്ക് നല്ലതായിരിയ്ക്കും.

എപ്പോഴൊക്കെ നാം നമ്മെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്താൻ ശ്രമിക്കുന്നുവോ അപ്പോഴാണ് ആസൂയ നമ്മിൽ ജനിക്കുന്നത്. ഒരു വ്യക്തി നമ്മെക്കാൾ കൂടുതൽ എന്തൊക്കെയോ ചെയ്യുന്നു എന്നു കരുതുക. ഉദാഹരണമായി പാട്ടുപാടുന്നു, പ്രസംഗിക്കുന്നു, നല്ലരീതിയിൽ മറ്റുള്ളവരുമായി പെരുമാറുന്നു, ചിലപ്പോൾ നമ്മിലും കൂടുതൽ സൗന്ദര്യം ആ വ്യക്തിക്കുണ്ടായേക്കാം, എന്തുമാകട്ടെ ഇതൊക്കെവെച്ച് നമ്മൾ താരതമ്യപ്പെടുത്തുകയാണ്. അപ്പോൾ നമ്മേക്കാൾ അവർക്ക് എന്തെങ്കിലും കൂടുതൽ ഉണ്ടെന്ന് തോന്നുന്ന അവസരത്തിലാണ് അസൂയ ഉണ്ടാകുന്നത്.

നമ്മിൽ അസൂയ ഉണ്ടായാൽ മറ്റാരേക്കാളും എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്നത് നമുക്ക് തന്നെയാണ്. നമ്മുടെ വാക്കുകളിലൂടേയും പ്രവർത്തിയിലൂടേയും പെരുമാറ്റത്തിലൂടേയും മറ്റുള്ളവർക്കും മനസിലാക്കാൻ കഴിയും. അപ്പൊ ചോദ്യം ഇതാണ് നമുക്ക് അസൂയയെ എങ്ങനെ തരണം ചെയ്യാൻ സാധിക്കും ? ഉത്തരം വളരെ ലളിതമാണ് എപ്പോഴും പോസിറ്റീവ് ആയി മാത്രം ചിന്തിക്കാൻ പഠിക്കുക. ജീവിതത്തിൽ ദൈവം നമുക്ക് തന്നത് എല്ലാം നല്ലതാണ്. സൗന്ദര്യവും സമ്പത്തും എല്ലാം ദൈവം തന്ന ദാനമാണ് എന്ന് ചിന്തിക്കുക. മറ്റുള്ളവരെപ്പറ്റി ചിന്തിക്കുമ്പോൾ അവരുടെ വഴി വേറേ നമ്മുടെ വഴി വേറേ എന്ന് തന്നെ മനസിലാക്കുക. മറ്റുള്ളുവരുടെ ഉയർച്ച കാണുമ്പോൾ അവരെ അനുഗ്രഹിക്കാൻ പഠിക്കണം. അവർക്ക് നല്ലത് വരട്ടെയെന്നും ദൈവം അവർക്ക് നല്ലത് കൊടുത്തതിനായും സ്തോത്രം പറയണം.

***മറ്റുള്ളുവരുടെ ഉയർച്ച കാണുമ്പോൾ അവരെ അനുഗ്രഹിക്കാൻ പഠിക്കണം. അവർക്ക് നല്ലത് വരട്ടെ യെന്നും ദൈവം അവർക്ക് നല്ലത് കൊടുത്തതിനായും സ്തോത്രം പറയണം.***





ബ്ലെസ്സി സജി

നമുക്ക് ദൈവം തന്നിട്ടുള്ള അനന്തമായ കഴിവുകളെ തിരിച്ചറിയുക. മറ്റുള്ളവർക്ക് കൊടുക്കാത്ത എന്തൊക്കെയോ ദൈവം നമുക്ക് തന്നിട്ടുണ്ട് എന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞാൽ നമ്മുടെ അസൂയയെ ഇല്ലാതാക്കാൻ സാധിക്കും. അപ്പോൾ ഇന്നുമുതൽ ദൈവം തന്ന നല്ലതിനെ ഓർത്തു നന്ദി പറയുകയും അത് നിലനിൽക്കാൻ വേണ്ടി മാത്രം പ്രാർത്ഥിക്കുകയും ചെയ്യാം. അതിനായി ദൈവം എല്ലാവരേയും സഹായിക്കട്ടെ!

# യോഹന്നാന്റെ മകനായ ശീമോനേ നീ ഇവരിൽ അധികമായ് എന്നെ സ്നേഹിക്കുന്നുവോ?




മൂന്നര ആണ്ടുകൾ യേശുവിനോടു കൂടെ സഞ്ചരിച്ചു അത്ഭുതങ്ങളും അടയാളങ്ങളും കണ്ടവർ, അതേ അത്ഭുതങ്ങളെ ചെയ്തവർ തങ്ങളിലുള്ള ദൈവശക്തിയെ മറന്ന് വീണ്ടും മടങ്ങി പോയ സന്ദർഭം. മാനുഷികമായ് ചിന്തിച്ചാൽ അവരോട് ദേഷ്യവും അവർ ചെയ്ത പ്രവൃത്തിയിൽ വെറുപ്പും ഉളവാകേണ്ടതാണ്. എന്നാൽ കർത്താവായ യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടെ ശൂന്യ മായ പടകിനെ കണ്ടു; അവരുടെ നിരാശയെ മനസ്സിലാക്കി പടകിന്റെ വലത്തു ഭാഗത്ത് വലയിറക്കുവാൻ പറഞ്ഞു. അപ്രകാരം ചെയ്ത അവർക്ക് മീനിന്റെ പെരുപ്പം ഹേതുവാൽ വല വലിക്കുവാൻ സാധിച്ചില്ല.


അപ്പോൾ യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോടു അത് കർത്താവാകുന്നു എന്നു പറഞ്ഞു. ക്ഷണത്തിൽ പിന്നെ ഒന്നും ആലോചിക്കാതെ യേശുവിന്റെ അടുക്കൽ ആദ്യം എത്തുവാനുള്ള വ്യഗ്രതയിൽ കടലിലേക്ക് എടുത്തു ചാടി അവന്റെ അടുക്കലെത്തി. അപ്പോഴും യേശുവിന്റെ ആഴത്തിലുള്ള സ്നേഹവുമാണ് കാണുവാൻ കഴിഞ്ഞത്. രാത്രി മുഴുവനും അദ്ധ്വാനിച്ചു അവശരായ തന്റെ അരുമ ശിഷ്യന്മാരുടെ ക്ഷീണവും വിശപ്പും മനസ്സിലാക്കി അവർക്കായ് തീക്കനലിന്മേൽ വച്ചിരുന്ന മീനും അപ്പവും കൊടുത്തു.

ഉയർത്തെഴുന്നേൽപ്പിനു ശേഷം ഇങ്ങനെ മൂന്നാമതും ശിഷ്യന്മാർക്ക് പ്രത്യക്ഷനായ യേശു ശീമോനോടു ചോദിക്കുന്ന സന്ദർഭമാണിത് ( യോഹ.21:15). നാം ഈ വാക്യം വായിക്കുമ്പോൾ പ്രസ്തുത ഭാഗത്ത് ശീമോൻ എന്ന പേരു മാറ്റി നമ്മുടെ ഓരോരുത്തരുടേയും പേർ ചേർത്തു വായിച്ചാൽ ആ ചോദ്യത്തിന്റെ ആഴം മനസ്സിലാക്കുവാൻ സാധിക്കും. ആ ചോദ്യം തന്നെ വീണ്ടും വീണ്ടും ചോദിക്കുമ്പോൾ യേശുവിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ശീമോന്റെ മനസ്സ തകർന്നു താൻ അതീവ ദുഃഖിതനായി.

'കർത്താവേ, നീ സകലവും അറിയുന്നു' എന്നുത്തരം പറഞ്ഞു. എന്നാൽ മൂലഭാഷയിൽ ഇവരിൽ എന്നതിനു പകരമായ് ഇവയിൽ എന്നാണ് കാണുന്നത്. ഇത് പ്രതിപാദിക്കുന്നത് ലഭിച്ച മീനോ മറ്റു സാധനങ്ങളോ അല്ല. അപ്പുറമായ് യാതൊരു പ്രതിഫലവും ഇച്ഛിക്കാത്ത തന്റെ ജീവനെ കൂട്ടുകാർക്കുവേണ്ടി കൊടുക്കുന്ന ഒരു സ്നേഹം നിന്നിലുണ്ടോ എന്നാണ് യേശു ചോദിച്ചത്. ഈ ഒരു അളവിലേക്ക് ശീമോൻ പത്രോസിനെ കൊണ്ടെത്തിക്കുവാൻ അപ്പൊസ്തൊല പ്രവൃത്തികൾ 2-ാം അദ്ധ്യായം തന്റെ ജീവിതത്തിൽ വേണ്ടിയിരുന്നു. എന്നാൽ ഈ ഒരു സ്നേഹത്തിന്റെ തലത്തോളം എത്തിയ ശീമോൻ അതിന്റെ 4-ാം അദ്ധ്യായത്തിന്റെ 19-ാം വാക്യത്തിൽ അതിനെ വെളിപ്പെടുത്തി. ആരെ ഭയന്ന് താൻ യേശുവിനെ തള്ളി പറഞ്ഞുവോ അവർക്കു മുഖാമുഖമായി നിന്ന് തന്റെ ജീവനെപ്പോലും വിലകൽപ്പിക്കാതെ യേശുവിനെ താൻ ഉയർത്തി.

പ്രിയരേ, ഈ നാളുകളിൽ നാമും യേശുവുമായുള്ള സ്നേഹബന്ധത്തിൽ ഈ ഒരു അളവിലേക്ക് വളരുവാൻ ദൈവം നമ്മോടു കൃപ ചെയ്യുവാൻ പ്രാർത്ഥിക്കാം. ദൈവം നമ്മെ ഓരോരുത്തരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

HH REJOICE



*Prayerful wishes for a blessed married life to*

Pratheesh & Blessymol

*With best compliments*

Church Of God Full Gospel Prayer Fellowship, Bahrain

## That love which brought - me this far




From an empty shore
From a sea of tears
When waves tried to engulf me
When my life was sinking
The one who reached out his hand
That love which brought me this far!

The arms that binded me with love
The hug that took my pain away
The words which whispered in my ears
The hands that held me close
That love which brought me this far!

Every second I felt your presence
Every minute I saw ur face
Every day you gave me new testimonies
Every storm of my life you were there
I heard your voice and felt your touch
That love which brought me this far!

When I thought the waves would swallow me,
All I could think was my life sinking
Rising above and below the mighty waves
When storms tried to conquer me
My lord you never left my side
You were there in my life even in the storm
That love which brought me this far !

All the fierce storms, mighty waves -
and wavering winds,
Lord it brought me close to you
How can I thank you for your goodness
I will proclaim the Lords deeds
I will praise my lord all the days of my life
That love which brought me this far!

HH Rhythm

# ഉണർവ്വിന്റെ, കൊയ്ത്തിന്റെ കാലം

## വെളിപ്പാട് പുസ്തകം – ഒരു പഠനം 2




ഇന്നു ആത്മീയ മണ്ഡലത്തിൽ വീണ്ടും ഒരു വലിയ ഉണർവ്വിന്റെ കാലമായിരിക്കുന്നു എന്ന സത്യം ക്രൈസ്തവ വിശ്വാസി സമൂഹം എത്ര ഗൗരവമായി തിരിച്ചറിഞ്ഞു എന്നത് ഈ ലേഖകന്റെ പരിമിതമായ കാഴ്ചപ്പാടിൽ വിലയിരുത്താൻ സാധിക്കുന്നതല്ല എന്നതൊരു വസ്തുതയാണ്. ശ്രേഷ്ഠ അപ്പൊസ്തൊലനായിരുന്ന പൗലോസ് ഇങ്ങനെ കൊരിന്തിലുള്ള വിശ്വാസി സമൂഹത്തെ പ്രബോധിപ്പിക്കുകയുണ്ടായി.

'മിരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു; ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശവെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ'.

എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തിരിക്കുന്നു. മനുഷ്യൻ മുഖാന്തരം പാപം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും.

ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം; അന്നു അവൻ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏൽപ്പിക്കും. അവൻ സകല ശത്രുക്കളേയും കാൽകീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും' – 1 കൊരി.15:16–26

അക്കാലത്തെ ആധുനികതയുടേയും സമ്പൽ സമൃദ്ധിയുടേയും കേന്ദ്രമായിരുന്ന കൊരിന്ത് ദേശം, പാപത്തിന്റേയും, സാത്താന്യ സ്വാധീനത്തിന്റേയും കീഴിലായിരുന്നു എന്നു ചരിത്രം പറയുന്നു. ഇവിടെ നിന്നും അനേകർ പൗലോസിന്റേയും, അകിലാവിന്റേയും പ്രസ്കില്ലയുടേയും പിന്നീടു വന്നു ചേർന്ന ശീലാസിന്റേയും തിമൊഥെയോസിന്റേയും ഒക്കെ പ്രവർത്തനഫലമായും വചനഘോഷണ ഫലമായും ക്രൈസ്തവ വിശ്വാസത്തിലേക്കും സത്യമാർഗ്ഗത്തിലേക്കും വന്നു. ഒന്നര വർഷം താമസിച്ചു പ്രവർത്തിച്ചശേഷം പൗലോസ് ഇവിടം വിട്ട്, സുറിയ വഴി എഫെസോസിൽ വന്നു. ഇവിടെ നിന്നും പി ന്നീട് കൊരിന്തിലെ സഭയ്ക്കെഴുതിയ ലേഖനമാണ് ഒന്നാം ലേഖനം. അക്കാലത്ത്, ചിലർ സഭയിൽത്തന്നെ, മരിച്ചവരുടെ പുനരുത്ഥാനം ഇല്ലാ എന്നു പറയുവാനും പ്രചരിപ്പിക്കുവാനും തുടങ്ങി (1 കൊരി.15:12) ഇങ്ങനെ ഉയിർപ്പിനെക്കുറിച്ചും/പുനരുത്ഥാനത്തെക്കുറിച്ചും സഭയിൽ ചിന്താക്കുഴപ്പം ഉളവായ കാലഘട്ടത്തിലാണ് ഈ ഒന്നാം ലേഖനം താനെഴുതിയത്.

15-ാം അദ്ധ്യായം 1-8 വരെയുള്ള വാക്യങ്ങളിൽ കാണുന്നതുപോലെ ഈ ലേഖനം എഴുതുന്ന കാലത്ത്, യേശു ക്രിസ്തു മരിച്ച്, ഉയിർത്തെഴുന്നേറ്റ ശേഷം പല ഘട്ടങ്ങളിലായി തന്റെ ശിഷ്യന്മാർക്കും മറിക്കും, അഞ്ഞൂറിലധികം പേർക്ക് മറ്റൊരിക്കലും, യാക്കോബിനും ഇങ്ങനെ തന്റെ പ്രത്യക്ഷത, സ്വർഗ്ഗാരോഹണത്തിനു മുമ്പെ നേരിൽ കണ്ടവർ ജീവിച്ചിരിക്കുന്ന കാലത്താണ് ഈ ലേഖനം എഴുതിയത് എന്നു മനസിലാക്കാം. അന്നും പുനരുത്ഥാനത്തെ സംബന്ധിച്ച് സഭയിൽ ചിന്താകുഴപ്പം ഉണ്ടായിരുന്നു. ഇക്കൂട്ടർ മരണാനന്തര ജീവിതത്തിലോ,




ഉയിർപ്പിലോ മരണാന്തര ശിക്ഷയിലോ മോക്ഷത്തിലോ വിശ്വസിച്ചിരുന്നില്ലാ.

സെരുബ്ബാബേൽ പണിത രണ്ടാമത്തെ ആലയത്തെച്ചുറ്റിപ്പറ്റി ആ കാലം മുതൽ (കേവലം ഒരു ആരാധനാ കേന്ദ്രം മാത്രമായി ഭവിക്കാതെ) സമൂഹത്തിന്റെ ഭരണവും മറ്റ് സാമൂഹ്യ ഇടപാടുകളും തീരുമാനങ്ങളും പുരോഹിതന്മാരുടെ അദ്ധ്യക്ഷതയിൽ എടുത്തിരുന്നു. എന്നാൽ പേർഷ്യൻ സാമ്രാജ്യത്തിന്റെ അസ്തമനശേഷം നിലവിൽ വന്ന യവന ഭരണത്തിന്റെ സ്വാധീനമെന്നോണം, പല സംഘങ്ങളും ഉടലെടുത്തു. ഇക്കൂട്ടരിൽപെട്ടവരായിരുന്നു സദൂക്യരും, പരീശന്മാരും, എരിവുകാരും മറ്റും (പലതും പല സമയങ്ങളിൽ ആയിരുന്നു ഉടലെടുത്തത് എന്നു മാത്രം). ഇവർക്ക് പ്രധാന ജോലി ആലയത്തിന്റെ അറ്റകുറ്റപണിയും ഭരണവും മറ്റുമായിരുന്നു. വചനം ഉദ്ധരിച്ചു സംസാരിക്കുമെങ്കിലും വേണ്ടവിധം ഗ്രഹിക്കയോ അംഗീകരിക്കുകയോ പാലിക്കയോ ചെയ്യാൻ ഇക്കുട്ടർക്ക് വലിയ താൽപര്യമില്ലായിരുന്നു. യോഹന്നാൻ സ്നാപകൻ ഇവരെ സർപ്പ (അണലി) സന്തതികളെ എന്നാണ് വിളിച്ചത് (മത്താ.3:7). തങ്ങൾ കെട്ടിപ്പടുത്ത വ്യവസ്ഥിതിക്ക് യേശുവിനെ ഒരു വെല്ലുവിളിയായി കണ്ട ഇവർ, തന്നെ കുടുക്കിലാക്കാനും ഇല്ലായ്മ ചെയ്യാനും നിരന്തരം ശ്രമിച്ചുപോന്നു. പുനരുത്ഥാനത്തിനു വിരുദ്ധമായി യഹൂദന്മാരുടെ ഇടയിൽത്തന്നെ പ്രചരിച്ച സദൂക്യർ സാത്താനാൽ പ്രേരിതരായിരുന്നു എന്നതിനു തർക്കമില്ല. ഇതേ ഉപദേശംപോലെ വചനം വേണ്ടവിധം വായിക്കാതെ, പഠിക്കാതെ, ജനത്തെ ചിന്താക്കുഴപ്പത്തിലാക്കുകയും സത്യത്തിൽ നിന്നും വഴിതെറ്റിച്ചുകളയുന്ന സദൂക്യരുടെ പുതിയ പതിപ്പ് പുതിയ നിയമസഭയിൽ ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നു, ഇന്നും ഉണ്ട്. ഇവർക്ക് വലിയ ഉന്മേഷവും ഉത്സാഹവും ആവേശവുമാണ് സഭാകാര്യാദികളിൽ. പക്ഷേ ഭരണപരമായ, പ്രസ്ഥാനപരമായ ഇടപാടുകളിലല്ലാതെ ജനത്തെ ദൈവത്തിന്റെ നിത്യരാജ്യമായ ദൈവരാജ്യത്തിന്റെ പൗരന്മാരാക്കി തീർക്കാനോ വളർത്തിയെടുക്കാനോ അൽപ്പംപോലും താൽപര്യമോ ഉദ്ദേശമോ ഇവർക്ക് ഇല്ല. ഇക്കൂട്ടർ, യേശുവിന്റെ കാലത്തെ സദൂക്യരെപ്പോലെ സഭയിൽ ഒരു വരേണ്യവർഗ്ഗമായി വളർന്നു കയറി സമ്പൂർണ്ണ നിയന്ത്രണം കയ്യാളിക്കഴിഞ്ഞു.

മേൽപ്പറഞ്ഞവരുടെ താളത്തിനൊത്തു തുള്ളാൻ സഭാ നേതാക്കന്മാരായിരുന്നവരും ഇന്നായിരിക്കുന്നവരും നിന്നു കൊടുക്കയും കഴിഞ്ഞ കാലങ്ങളിൽ ചെയ്തതിന്റെ ഫലമായി സഭയിൽ ഉപദേശം നിന്നുപോയിരിക്കുന്നു. ആരാധനയുടെ പേരിൽ സാങ്കേതികതയും സംവിധാനങ്ങളും കടന്നുകയറി, സത്യത്തിലേക്കു നടത്തുന്ന ആത്മ സാന്നിദ്ധ്യത്തേക്കാൾ താളക്കൊഴുപ്പും അസുരവാദ്യങ്ങളുടെ തിമിർപ്പും കയ്യടക്കികഴിഞ്ഞിരുന്നു. പടിഞ്ഞാറുനിന്നും ഇറക്കുമതി ചെയ്ത വികൃതമാക്കപ്പെട്ട മ്യൂസിക്കും ഇന്ന് സഭാരാധനകളിൽ, കൺവെൻഷനുകളിൽ സർവ്വ സാധാരണമായിരിക്കുന്നു. പലപ്പോഴും ദൈവത്തെ ആരാധിക്കുന്നതിനേക്കാൾ ഒരുതരം ക്രിതൃമ ഉന്മാദാവസ്ഥയിലാണ് പല ക്രൈസ്തവ, പ്രത്യേകാൽ പെന്തെക്കോസ്തു കൂടിവരവുകളിലേയും ആരാധന എന്നു പറയുന്നതിൽ ഖേദമുണ്ട്. ഒരുകാലത്ത് ചിട്ടയായുള്ള വചന ഘോഷണവും പഠിപ്പിക്കലും പത്ഥ്യോപദേശവും കൊണ്ട് ഉണർന്നിരുന്ന സമൂഹം ഇന്ന് ഉറക്കത്തിലും ലവോദിക്യ സഭയുടെ അവസ്ഥയിലുമല്ലേ? ഇത് ലേഖകന്റെ വിമർശനമോ ദോഷൈകദൃക്കിന്റെ പുലമ്പലോ ആയി തള്ളികളയാതെ ആത്മപരിശോധനക്കായി പ്രയോജനപ്പെടുത്താം. മേൽപ്പറഞ്ഞ വസ്തുതളുടെ അടിസ്ഥാനത്തിലാണ് വീണ്ടും ഒരു ഉണർവ്വിന്റെ കാലമായി എന്ന് ഈ ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ പറഞ്ഞത്. നമുക്ക് തിരുവചനത്തിലേക്ക് മടങ്ങിവരാൻ കാലമായി!

കൊരിന്ത്യ സഭയെ പൗലോസ് പ്രബോധിപ്പിച്ചെഴുതുമ്പോൾ, മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി പറയുന്നു ( 1 കൊരി. 15:20–25). വെളിപ്പാട് പുസ്തകത്തിൽ നാം രണ്ടു മരണങ്ങളും രണ്ടു പുനരുത്ഥാനങ്ങളും കാണുന്നു. വെളി.20:4–6 വരെ വായിക്കുമ്പോൾ, '...മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല;' എന്നു കാണുന്നു. എന്നാൽ ആയിരമാണ്ട് വാഴ്ചക്കു മുമ്പെ തന്നെ പലരും ഉയിർത്തെഴുന്നേറ്റു ഭൂമിയിൽ നിന്നും എടുക്കപ്പെട്ടതായി തിരുവചനം നമ്മെ പഠിപ്പിക്കുന്നു (കഴിഞ്ഞ ദിവസങ്ങളിലൊന്നിൽ ബഹ്റിനിൽ ഉള്ള ക്രിസ്തുവിൽ പ്രസിദ്ധനായ പാസ്റ്റർ റ്റി.റ്റി. തോമസ് അവർകളുമായി ഈ വിഷയം ചർച്ച ചെയ്തപ്പോൾ, വചനത്തിൽ പാണ്ഡിത്യമുള്ള, പിതൃതുല്യനായ തന്നിൽനിന്നും, ഈ ലേഖകനുണ്ടായിരുന്ന ചില ചിന്തകൾ ചിട്ടപ്പെടുത്തിക്കിട്ടുവാനിടയായി. തന്നോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു). ഉയിർത്തെഴുന്നേറ്റോ രൂപാന്തരപ്പെട്ടോ ഭൂമിയിൽ നിന്നും എടുക്കപ്പെട്ട പല സന്ദർഭങ്ങളെ/കൂട്ടരെപ്പറ്റി ദൈവവചനത്തിൽ നാം കാണുന്നു. വളരെ സൂക്ഷ്മമായി ഗ്രഹിക്കാതെ, ഇനി പറയുന്ന വചനങ്ങളെ ആരും ദുർവ്യാഖ്യാനിക്കരുതെന്ന് ആദ്യം തന്നെ അഭ്യർത്ഥിച്ചുകൊള്ളുന്നു.

*(തുടരും)*

# A Sparrow's Faith



Raji Unnikrishnan

### HE Cares, for "You are worth..."

A little bird perched on a leaf blade swaying in a rhythm, on a dangerously dangling twig on the shrubbery in the yard, was a welcoming sight on a breezy morning. I loved the joy and peace of the ease with which the plump brown sparrow was swinging in the light wind.

The little birdie displayed a kind of confidence, even when it flapped its delicate wings occasionally, in an act to balance itself as the weather turned gusty. As I gazed at it from my balcony, soon it was drizzles and the bird flew away to disappear into the greens afar.

Recapping the whole scene of not more than a couple of minutes, I wondered about the confidence I observed in the bird. I felt, FAITH would be a more precise word to describe the bird's attitude - a blind faith.

Its trust on the strength of the twig that supported the leaf blade, the belief that the breeze would not turn into a gale, and even if it did, the faith in God's provision - its wings and the assurance of a safe abode among the greens - Faith, defined.

While we mankind - God's special and precious creation - fret and fume each day on concerns galore, the sparrow's blind faith was an eye-opener...

Each day is a miracle.
Over the years, amid tears and smiles, I have learnt,
My Father knows and he cares...
And, all what I need is,
A Sparrow's Faith!

"...you are worth more than many sparrows."
Matthew 10:31

# 'ഉണർന്ന് എഴുന്നേൽക്കുക'



മനോഹ ജോസഫ്

***'ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേൽക്കുക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും' എഫെ.3:14.***

സർവ്വസാധാരണയായി ദൈവദാസന്മാർ പറയുന്നതും, ദൈവജനം ആഗ്രഹിക്കുന്നതും ഒരു ഉണർവ്വാണ്. എന്നാൽ പൗലോസ് ഇവിടെ പറയുന്നത് ക്രിസ്തു നിന്റെമേൽ പ്രകാശിക്കുവാൻ നീ ഉണരുകയല്ല, മറിച്ച് ഉണർന്ന് എഴുന്നേൽക്കണം. നാം കിടന്ന് ഉറങ്ങുമ്പോൾ ഇടയ്ക്ക് പെട്ടെന്ന് ഉണരുന്നു. എന്നാൽ നാം എഴുന്നേൽക്കാത്തത് മൂലം വീണ്ടും ഉറങ്ങുന്നു. എഴുന്നേറ്റു എങ്കിൽ വീണ്ടും ഉറങ്ങുകയല്ല മറിച്ച് നമ്മുടെ ദൈനംദിന പ്രവൃത്തിയിലേക്ക് പ്രവേശിക്കും.

ദൈവവചനത്തിനു മുമ്പിൽ, ദൈവസാനിധ്യം അറിയുമ്പോൾ നാം പെട്ടെന്ന് ഉണരുന്നു. എന്നാൽ ആ വചനത്തിനു മുമ്പിൽ നാം ഉണർന്ന് എഴുന്നേറ്റ്, വചനത്തിനനുസരിച്ച് പ്രവൃത്തിക്കുവാൻ തയ്യാറാകണം. പ്രസംഗം കേൾക്കുമ്പോൾ മാത്രമുള്ള ഒരു ഉണർവ്വായി ആരാധന മാറാതെ, ആ വചനത്തിനനുസരിച്ച് തുടർന്നുള്ള ദിവസങ്ങളിൽ മാറ്റം ജീവിതത്തിൽ ഉണ്ടാകണം.

**ഉണർന്ന് എഴുന്നേൽക്കുന്നവന് മാത്രമേ പത്രോസ് ദൂതന്റെ കൂടെ നടന്നതുപോലെ ദൈവസാനിദ്ധ്യം അറിഞ്ഞ് ദൈവത്തിന്റെ കൂടെ നടക്കുവാൻ കഴിയുകയുള്ളൂ.**

കാരാഗൃഹത്തിൽ ബന്ധനസ്ഥനായി കിടന്ന് ഉറങ്ങുന്ന പത്രോസ് (പ്രവൃ.12:7). ആ അറയിലേക്ക് ഒരു വെളിച്ചം വീശി, കർത്താവിന്റെ ദൂതൻ അവിടെ പ്രത്യക്ഷനായി. പത്രോസിന്റെ വിലാപുറത്ത് തട്ടി, വേഗം എഴുന്നേൽക്കുക എന്നു പറഞ്ഞു അവനെ ഉണർത്തി. ദൂതൻ അവിടെ ഇറങ്ങി വന്നത് പത്രോസിനെ ഉണർത്തുവാനും, എഴുന്നേൽക്കുക എന്ന് ഉപദേശിക്കുവാനുമാണ്. ദൈവം നമ്മെ വചനത്താൽ ഉണർത്തും എന്നാൽ എഴുന്നേൽക്കുക എന്നുള്ളത് നമ്മുടെ കർത്തവ്യമാണ്. ദൂതൻ അറയിൽ പ്രത്യക്ഷനായപ്പോഴോ, വെളിച്ചം പ്രകാശിച്ചപ്പോഴോ അല്ല പത്രോസിന്റെ കൈയ്യിലെ ചങ്ങല അഴിഞ്ഞത്. മറിച്ച് ദൈവദൂതന്റെ ശബ്ദം കേട്ട അവൻ ഉണർന്ന ആ നിമിഷം അവന്റെ ബന്ധനങ്ങൾ അഴിഞ്ഞു.

ഉണർന്ന പത്രോസ് വീണ്ടും ഉറങ്ങാതെ എഴുന്നേറ്റ് ദൂതന്റെ ഓരോ നിർദ്ദേശങ്ങളും അനുസരിച്ചപ്പോൾ അടഞ്ഞ വാതിലുകൾ തുറക്കപ്പെട്ടു. എഴുന്നേറ്റ് നടക്കുന്നതിനനുസരിച്ച് ഓരോ വിടുതലുകൾ അവൻപോലും അറിയാതെ സംഭവിച്ചുകൊണ്ടേയിരുന്നു.

ദൈവം നമ്മോട് സംസാരിക്കുന്ന വചനത്തിനനുസരിച്ച് നാം ഉണരുമ്പോൾ നമ്മുടെ ബന്ധനങ്ങൾ അഴിയുന്നു. എന്നാൽ വചനത്തിനനുസരിച്ച് നാം എഴുന്നേറ്റ് പ്രവൃത്തിക്കുവാൻ തയ്യാറാകുമ്പോൾ പുതിയ വാതിലുകൾ തുറക്കപ്പെടുന്നു. തടസങ്ങൾ നാം അറിയാതെ തന്നെ വഴി മാറുന്നു. ഉണർന്ന് എഴുന്നേൽക്കുന്നവന് മാത്രമേ പത്രോസ് ദൂതന്റെ കൂടെ നടന്നതുപോലെ ദൈവസാനിദ്ധ്യം അറിഞ്ഞ് ദൈവത്തിന്റെ കൂടെ നടക്കുവാൻ കഴിയുകയുള്ളൂ.

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

## "സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ പോകുന്നു ക്രൂശിന്റെ പാതയിൽ..."



ജെയ്സൺ ജേക്കബ് ജോയ്

ക്രൈസ്തവലോകം ഏറെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്ത അനുഗ്രഹീത ദൈവദാസൻ മലയാളത്തിന്റെ കൊച്ചു സാർ എന്ന നാമകരണത്തിൽ അറിയപ്പെട്ട എം.ഇ. ചെറിയാൻ സാറിന്റെ അനുഗ്രഹീതമായ ഗാനത്തിന്റെ പശ്ചാത്തലത്തിലേക്ക് നമുക്ക് പോകാം.

1917 – ൽ കുറിയന്നൂരിൽ ഈശോ ദമ്പതികളുടെ മകനായി ജനിച്ചു. കർത്താവിനെ അറിഞ്ഞ ദൈവദാസൻ താൻ അറിഞ്ഞ സത്യം മറ്റുള്ളവരെ അറിയിക്കണം എന്ന തന്റെ ആഗ്രഹം സ്വർഗ്ഗം മാനിച്ചു. ദൈവം നൽകിയ അദ്ധ്യാപക ജോലി രാജി വെച്ചു പൂർണ്ണസമയം കർത്താവിനെ സേവിക്കുവാൻ ദൈവദാസൻ തീരുമാനിച്ചു. ആദ്യകാല പിതാവായ കെ.വി.സൈമൺ തുടങ്ങിയ പിതാക്കന്മാരോടൊപ്പം പോരാടി.

താൻ സുവിശേഷത്തിനുവേണ്ടി തിരഞ്ഞെടുത്തത് തമിഴ് നാട്ടിലെ മധുര ആയിരുന്നു. അവിടുത്തെ ആദ്യകാല ജീവിതം തനിക്ക് ഏറെ ദുഷ്ക്കരമായിരുന്നു. പട്ടിണി, സാമ്പത്തിക ഞെരുക്കം, ആത്മാക്കൾ മുന്നോട്ടു വരുന്നില്ല തുടങ്ങിയ പ്രയാസങ്ങൾ ആ ജീവിത നൗകയ്ക്ക് നേരെ ആഞ്ഞടിച്ചു. എന്നാൽ ഒട്ടും പതറാതെ വിശ്വാസത്തിന്റെ നായകനായ യേശുവിൽ ശരണപ്പെട്ടു ദൈവദാസൻ തന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയി.



എം.ഇ. ചെറിയാൻ സാർ

ഒരു ദിവസം കുമ്പനാട്ടു ശുശ്രൂഷയ്ക്കു വേണ്ടി തനിക്ക് പോകണം എന്നാൽ കൈയ്യിൽ പൈസയില്ല. ഉള്ള ചില്ലറ മുഴുവൻ എടുത്തു നോക്കിയപ്പോൾ മധുരയിൽ നിന്നും രാജപാളയം വരെ പോകാനുള്ള പൈസയുണ്ട്. ദൈവം നടത്തും എന്ന ആത്മവിശ്വാസത്തോടെ യാത്ര ആരംഭിച്ചു. റെയിൽവേ സ്റ്റേഷനിൽ ഇരുന്നു പ്രാർത്ഥിച്ചു അൽപ്പനേരം കഴിഞ്ഞപ്പോൾതികച്ചും അപരിചിതനായ ഒരാൾ ചെറിയാൻ സാറല്ലേ എന്നു ചോദിച്ചു പരിചയപ്പെട്ടു. ആരാണ് ആ വ്യക്തി എന്ന് സാറിന് അറിയില്ല ഏറെ നേരം അവർ സംസാരിച്ചു. അദ്ദേഹം യാത്ര പറഞ്ഞു പോകുമ്പോൾ കുറച്ചു പൈസ എടുത്തു സാറിന് കൊടുത്തു. ചെറിയാൻ സാറിന്റെ കണ്ണുകൾ സന്തോഷത്താൽ നിറയുവാൻ തുടങ്ങി താൻ ഇങ്ങനെ എഴുതി...

മോക്ഷയാത്രയാണിത്
ഞാൻ നടപ്പതു
കാഴ്ചയാലേ അല്ല
വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും
വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും...

അങ്ങനെ യാത്ര ആരംഭിച്ചു. ട്രെയിനിൽ ഇരുന്നു ബാക്കി വരികൾ എഴുതി. ആ ഗാനമാണ് പിന്നെ ദൈവചനം സഭാവ്യത്യാസം കൂടാതെ പാടി സന്തോഷിക്കുന്ന സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ പോകുന്നു ക്രൂശിന്റെ പാതയിൽ.

പ്രിയ ദൈവമക്കളെ എത്ര ശ്രേഷ്ഠമായ ജീവിതമാണ് ദൈവദാസനിൽ നാം കണ്ടത് . നമ്മുടെ ജീവിതത്തിൽ വരുന്ന ഏത് കാര്യവും ചെറുതായി കൊള്ളട്ടെ വലുതായി കൊള്ളട്ടെ വിശ്വാസത്തിന്റെ നായകനായ യേശുവിൽ സമർപ്പിച്ചു നമ്മുടെ ക്രീസ്തീയ ജീവിതം മുന്നോട്ടു കൊണ്ടു പോകാം. അതിനായി വലിയവനായ ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

---

Hello Health

# ഗ്രീൻ ടീ കുടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

1. രാവിലെ തന്നെ ഗ്രീൻ ടീ കുടിക്കരുത്. വെറും വയറ്റിൽ ഗ്രീൻ ടീ കുടിക്കുന്നത് വയറിന്റെ തുലനാവസ്ഥ നഷ്ടപ്പെടുത്താൻ കാരണമാകുന്നു.

2. ദിവസവും മൂന്നിൽ കൂടുതൽ തവണ ഗ്രീൻ ടീ കുടിക്കുന്നവർ ശ്രദ്ധിക്കുക. ഗ്രീൻ ടീയിൽ ധാരാളം ആന്റി ഓക്സിഡന്റുകളും പ്രകൃതിദത്ത മിശ്രിതങ്ങളും അടങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ അമിത ഉപയോഗം ശരീരത്തെ തകരാറിലാക്കും.

3. മിക്കവരിലും ഭക്ഷണം കഴിച്ചയുടൻ ഗ്രീൻ ടീ കുടിക്കുന്ന പതിവാണ് കാണാറുള്ളത്. ഇത് ദഹനക്കേടുണ്ടാക്കും. ഭക്ഷണം കഴിഞ്ഞ് മുപ്പതോ നാൽപ്പത്തിയഞ്ചോ മിനുറ്റുകൾക്ക് ശേഷം മാത്രം ഗ്രീൻ ടീ കുടിക്കുക.

4. രാത്രിയിൽ ഗ്രീൻ ടീ കുടിക്കുന്നത് നിങ്ങളുടെ ഉറക്കത്തെ തടസ്സപ്പെടുത്തും.

5. ഗ്രീൻ ടീ കുടിച്ചാൽ ധാരാളം വെള്ളം കുടിക്കുകയും വേണം. ഗ്രീൻ ടീ കുടിക്കുന്നത് കൂടുതൽ മൂത്രവിസർജ്ജനത്തിനുള്ള സാദ്ധ്യതയുണ്ട്. ഇത് ഡീഹൈഡ്രേഷൻ വരുത്തും. അത് ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കുക.

6. ഉപയോഗിച്ച ടീ ബാഗിലെ കഫീനിന്റെ അളവ് കൂടുതലാണെന്ന് മാത്രമല്ല, അണുബാധയ്ക്കും സാധ്യതയുണ്ട്. ഒരു ടീ ബാഗ് രണ്ട് തവണയിൽ കൂടുതൽ ഉപയോഗിക്കരുത്.

7. പഞ്ചസാര, പാൽ എന്നിവ ചേർക്കാതിരിക്കുക. തേൻ, ചെറുനാരങ്ങാനീര് എന്നിവ ചേർക്കാം.



# CHRIST'S WORK AT THE CROSS HAS MADE ME RIGHTEOUS, NOT MY CONFESSION




We can confess our sins every day, one by one or all together, but, it is not our confession of our sins that makes us righteous before God; it is what Jesus Christ accomplished on the cross that makes us righteous. It's absolutely fine to confess if you sin, but let us not for a moment think that our words can keep us holy. In fact, "We know that anyone born of God does not continue to sin; the One who was born of God keeps them safe, and the evil one cannot harm them. 1 John 5:18". Let us fix our hearts on what Christ has already done for us and continues to do in us, so we can enjoy the abundant life filled with goodness, and not live focusing on our mistakes. When we focus on what God does through us, our worldly acts have less of a chance to set us back. We can go forward confidently only if we trust that God is able to keep us holy- we cannot do it.

We are sinful people on our own, but we are not on our own and God in His grace has chosen to make us righteous through Christ. Let us focus on this new creation that God has turned us into. Apart from God living in us, we are not worthy. It is Jesus Christ who is our ongoing intercessor- "My dear children, I write this to you so that you will not sin. But if anybody does sin, we have an advocate with the Father—Jesus Christ, the Righteous One. 1 John 2:1".

By all means, confess your sins, but that's not our purpose for what God has called us to do. When we accepted the gift of salvation, God entered into us and continually lives in us. We cannot go on sinning and confessing. "No one who lives in him keeps on sinning. No one who continues to sin has either seen him or known him. 1 John 3:6". God has dealt with the condition of sin through the cross, and now that we have Christ living in us, we ought to live with the active knowledge that we have been made righteous by his blood, and not to rely on our words of confession. This knowledge allows us to thrive in a wonderful relationship with God, without guilt and worthlessness weighing us down.

We are dominated by righteousness, not sin- "Do not offer any part of yourself to sin as an instrument of wickedness, but rather offer yourselves to God as those who have been brought from death to life; and offer every part of yourself to him as an instrument of righteousness. Romans 6:13". Yes, let us continually offer ourselves to God so he can use us. When we begin to acknowledge that it is God working in us to keep us holy, and through us to reach out to the world, we begin to trust in his work and not in our efforts.

Bottom line, let us confess what Christ has done and who he is, which will build us up as spiritually useful vessels for God, instead of focusing on sin, which should have no power over us.

# കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും




ഇത് വിശുദ്ധ പത്രോസ് വിശ്വാസികൾക്കെഴുതിയ ലേഖനത്തിലെ വരികളാണ് (2 പത്രോ.3:10). ഇന്നത്തെ ന്യൂനപക്ഷ കമ്മീഷന്റെ കണക്കനുസരിച്ച് 371 ക്രിസ്തീയ വിഭാഗങ്ങളുണ്ട്. അതായത് കത്തോലിക്ക, ഓർത്തോഡക്സ്, പെന്തെക്കോസ്ത്, സിഎസ്ഐ, സിഎൻഐ... മുതലായവ. ഇതിൽതന്നെ പെന്തെക്കോസ്ത് എത്ര വിഭാഗം ഉണ്ടെന്ന് കൃത്യമായ കണക്കുകൾ പറയുവാൻ കഴിയാത്ത രീതിയിലാണ്. വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്നു. അൽപ്പം കാശും പ്രസംഗിക്കുവാനും അറിയാവുന്ന ഒരാൾക്ക് ഒരു സ്വതന്ത്ര സംഘടന ഉണ്ടാക്കുവാൻ ഈ കാലത്ത് ഒരു പ്രയാസവുമില്ല. മറ്റുള്ള സഭകളിൽ ഇടർച്ചയുണ്ടാക്കി അടർത്തിയെടുക്കുവാനും, ഭിന്നിപ്പുണ്ടാക്കി സാത്താനുപോലും കൊടുക്കാതെ ആത്മാക്കളെ ഉണ്ടാക്കുവാൻ സാമർത്ഥ്യമുള്ളവരാണ് പലരും.

എന്നാൽ കർത്താവ് വരുവാൻ ഇനിയും അധികം താമസമില്ല. അതിന്റെ അടയാളങ്ങൾ കണ്ടുതുടങ്ങി. ആ ദിവസം എങ്ങനെയായിരിക്കും?

### *1. അത് വെളിച്ചമല്ല, ഇരുട്ടത്രേ! (ആമോസ് 5:18)*

ആമോസ് പ്രവാചകന്റെ കാലത്ത് യിസ്രായേലിൽ വ്യാപാരം കൊഴുക്കുകയും ഐശ്വര്യം വർദ്ധിച്ചുവരുകയും ചെയ്ത കാലം. എന്നാൽ ഈ സമൃദ്ധിയിൽ സത്യാരാധനയുടെ സ്ഥാനത്ത് കപടമതാചാരങ്ങൾ കടന്നുവരുവാനും തൽഫലമായി തെറ്റായ ഒരു സുരക്ഷിതബോധവും ദൈവീക ശിക്ഷണത്തോട് അവഗണനയും വർദ്ധിച്ചു.

ക്ഷാമം, വരൾച്ച, പകർച്ചവ്യാധി, യുദ്ധം, വിനാശം ഇവയെക്കൊണ്ടൊന്നും ജനങ്ങളിൽ മാനസാന്തരം ഉളവാക്കുവാൻ കഴിഞ്ഞില്ല. 4-ാം അദ്ധ്യായത്തിൽ പലകാര്യങ്ങൾ ദൈവം ചെയ്തു. എന്നിട്ടും ജനങ്ങൾ ദൈവത്തിങ്കലേക്ക് തിരിഞ്ഞില്ല. അപ്പോൾ ആമോസ് പ്രവാചകനിൽക്കൂടി അവരോട് പറഞ്ഞു 'നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല നന്മതന്നെ അന്വേഷിപ്പിൻ' (ആമോ.5:14). ആ കാലത്തും ഈ കാലത്തിലെപ്പോലെ മതഭക്തരായ ചില ആളുകൾ ദൈവത്തിന്റെ ദിവസം വരുന്നതു നോക്കിയിരുന്നു. അവരോട് പ്രവാചകൻ പറഞ്ഞതാണ് 5:18,19,20 വാക്യങ്ങൾ.

### *2. ചൂളപോലെ കത്തുന്ന ദിവസം (മലാഖി 4:1-5)*

നെഹമ്യാവിന്റെ കാലത്ത് ജീവിച്ചിരുന്ന പ്രവാചകനായ മലാഖി, യിസ്രായേലിന്റെ ആത്മീയ പിന്മാറ്റത്തിനെതിരായി ദൈവത്തിന്റെ അരുളപ്പാട് യിസ്രായേല്യരെ ഗ്രഹിപ്പിക്കുവാൻ നിയോഗിക്കപ്പെട്ടവനാണ്. ദുഷിച്ച പുരോഹിതവൃന്ദം, ദുഷ്ടത നിറഞ്ഞ ജീവിതരീതി വശമാക്കിയ ദൈവജനമെന്ന് അവകാശമാക്കിയവർ, കപടഭക്തി, അവിശ്വസ്തത, അന്യജാതിക്കാരെ വിവാഹം കഴിച്ചവർ, വിവാഹമോചനം, തെറ്റായ ആരാധന രീതി, നിഗളം തുടങ്ങിയവ കൈവശമാക്കിയവർ.

ഇന്നും ഏതാണ്ടൊക്കെ ഈ രീതിയിൽ തന്നെയാണ് ( 2 പത്രോ.3:9 മുതൽ 12 വായിക്കുക). നമുക്കൊക്കെ അറിവുള്ളതുപോലെ അമേരിക്കയിലെ നാസാ സെന്റർ, അനേകം കോടികൾ മുടക്കി പലപല ലാബുകൾസ്പെയ്സിൽ നിറുത്തിയിരിക്കുകയാണല്ലോ. ഇനിയും ഒരു വേൾഡ് വാർ ഉണ്ടായാൽ സ്റ്റാർവാർ ആയിരിയ്ക്കും നടക്കുക. 2000 കി.മീ. ദൂരെചെന്ന് ആക്രമണം നടത്തുവാൻ തക്ക മിസൈലുകൾ ദരിദ്രരാഷ്ട്രങ്ങളുടെ പട്ടികയിലുള്ള രാജ്യങ്ങൾപോലും വികസിപ്പിച്ചെടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രാഷ്ട്രങ്ങൾ എത്ര പുരോഗമിച്ചുകാണും.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ശിഷ്യന്മാരോട് മത്തായി 24:3 മുതൽ 8 വരെ വേദഭാഗങ്ങളിൽ പറയുന്ന കാലയളവ് ഇന്നത്തെ കാലത്തിൽ നിന്ന് ഒട്ടും വിഭിന്നമല്ല. കാലാവസ്ഥയിലുള്ള മാറ്റം, സുനാമി, ചുഴലിക്കാറ്റ് മുതലായ ദുരന്തങ്ങൾ. അതുകൊണ്ട് പൗലോസ് 1 തെസ്സ.5:4 മുതൽ പറഞ്ഞിരിക്കുന്നതുപോലെ ഉറങ്ങാതെ ഉണർന്നും സുബോധമുള്ളവരായിരിക്കുക. വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിക്കുക, അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ തമ്മിൽ ആത്മീക വർദ്ധന വരുത്തിയും പോരുക. എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കും അവകാശികളായിത്തീരും. അങ്ങനെ നാം ആ ദിവസത്തിൽ രക്ഷ പ്രാപിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരേയും ഇടയാക്കട്ടെ !

# ദൈവം തന്ന മക്കളും, ദീപ്തിയും...

(.....1-ാം പേജിൽ നിന്നും തുടർച്ച)

മാതാപിതാക്കൾ തളർന്നുപോയാൽ പിന്നെ ഈ കുഞ്ഞുങ്ങൾക്കാരുമില്ല. കുഞ്ഞുങ്ങളുടെ മുമ്പിലിരുന്ന് കരയരുത്. പുറമേ പ്രതികരിക്കാൻ ശേഷിയില്ലെന്ന് നമ്മൾ വിചാരിക്കുന്ന ഈ കുഞ്ഞുങ്ങളുടെ ഉള്ളിലും തിരിച്ചറിവിന്റെ ലോകമുണ്ട്. മാതാപിതാക്കൾ ധൈര്യത്തോടെ ഈ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കണം. ദൈവം തന്ന കുഞ്ഞുങ്ങളെ അവസാനംവരെ ആത്മാർത്ഥമായി പരിചരിക്കണം.

തങ്ങളുടെ കുഞ്ഞുങ്ങളെകൊണ്ട് സമൂഹത്തിൽ ഒറ്റപ്പെടുന്ന മാതാപിതാക്കന്മാർക്ക് അവരുടെ ദുഃഖത്തിനു മുമ്പിൽ പ്രത്യാശയുടെ പ്രകാശനാളമാണിന്ന് ദീപ്തി സ്പെഷ്യൽ സ്ക്കൂൾ. ഇങ്ങനെയുള്ള മാതാപിതാക്കളെ കൈതാങ്ങുവാനും കുഞ്ഞുങ്ങളെ മറ്റുകുട്ടികൾക്കൊപ്പം ജീവിതവഴിയിലേക്ക് കൈപിടിച്ചു നടത്താനും ദൈവം ദീപ്തി സ്പെഷ്യൽ സ്ക്കൂളിനെ ശക്തമായി ഉപയോഗിക്കുന്നു.

എന്നാൽ ഇന്ന് പ്രതീക്ഷിച്ചതിലും അധികം കുഞ്ഞുങ്ങൾ അഡ്മിഷനായി കടന്നു വരുന്നതിനാൽ അവർക്ക് ആവശ്യമായ സൗകര്യങ്ങൾഒരുക്കുവാൻ കഴിയാതെ വലിയൊരു പ്രതിസന്ധി നേരിടുന്നു. ഒരു മാസത്തിനുള്ളിൽ കുഞ്ഞുങ്ങളുടെ എണ്ണം 152-ൽ നിന്നും 172-ലേക്ക് ഉയർന്നു. ആയതിനാൽ പുതിയ അഡ്മിഷൻ ഒന്നുംതന്നെ നടത്തുവാൻ കഴിയില്ലെന്ന് അദ്ധ്യാപക രക്ഷകർത്താക്കളുടെ മീറ്റിംഗിൽ അറിയിച്ചപ്പോൾ അനേക രക്ഷകർത്താക്കൾ പറഞ്ഞു പുതുതായി കടന്നുവരുന്ന ഒരു കുഞ്ഞിനും അഡ്മിഷൻ നിഷേധിക്കരുത്. കാരണം ഞങ്ങളും ആദ്യം വന്ന സമയത്ത് സ്ക്കൂൾ അങ്ങനെയൊരു തീരുമാനം കൈകൊണ്ടിരുന്നുവെങ്കിൽ ഞങ്ങളുടെ മനസ്സ് എത്രമാത്രം വേദനിക്കുമായിരുന്നു. ഞങ്ങളുടെ കുഞ്ഞിന്റെ അവസ്ഥപോലെയാണല്ലോ മറ്റൊരു കുഞ്ഞിന്റേയും അവസ്ഥ. അതുകൊണ്ട് അഡ്മിഷൻ നിർത്തരുത്, സാമ്പത്തിക ചിലവുകൾക്കായി ദൈവം വഴിതുറക്കും.

> *അനേക രക്ഷകർത്താക്കൾ പറഞ്ഞു; പുതുതായി കടന്നുവരുന്ന ഒരു കുഞ്ഞിനും സ്ഥലപരിമിതി മൂലം അഡ്മിഷൻ നിഷേധിക്കരുത്. കാരണം ഞങ്ങളും ആദ്യം വന്ന സമയത്ത് സ്ക്കൂൾ അങ്ങനെയൊരു തീരുമാനം കൈകൊണ്ടിരുന്നുവെങ്കിൽ ഞങ്ങളുടെ മനസ്സ് എത്രമാത്രം വേദനിക്കുമായിരുന്നു.*



*പുതുതായി ആരംഭിച്ച 'സെൻസറി ജിം'*

ദീപ്തി സ്പെഷ്യൽ സ്ക്കൂളിൽ കടന്നുവന്ന് ജീവിതത്തിൽ വിത്യാസമുണ്ടായ കുഞ്ഞുങ്ങളുടെ കണ്ണുകളിലെ സ്നേഹത്തിളക്കത്തിനു മുമ്പിലും ഇരുളിൽ നിന്ന് പ്രകാശവഴിയിലേക്ക് തിരിഞ്ഞ കുഞ്ഞുങ്ങളുടെ മാതാപിതാക്കളുടെ അപേക്ഷയുടെ മുമ്പിലും ദൈവം ഇതിന്റെ പ്രവർത്തനങ്ങൾക്കായി സ്വന്തമായൊരു സ്ഥലവും മറ്റനുബന്ധ സൗകര്യങ്ങൾക്കുമായുമാള്ള വഴികൾ തുറക്കും എന്ന വിശ്വാസത്തോടെ ഡോ. മാത്യു സി. വർഗീസും ഡോ. സൂസൻ മാത്യുവും പ്രാർത്ഥനയോടെ മുമ്പോട്ടു പോകുന്നു. ഇവിടെയുള്ള കുഞ്ഞുങ്ങളുടെ മാതാപിതാക്കൾ സാമ്പത്തിക ഭദ്രതയുള്ള കുടുംബത്തിലെ അംഗങ്ങളല്ല. ചില ദൈവമക്കളുടെ സഹായത്താലാണ് ഓരോ മാസത്തേയും ചിലവുകളൊക്കെ നടക്കുന്നത്. എല്ലാ മാതാപിതാക്കളേയും പോലെ തങ്ങളുടെ കുഞ്ഞുങ്ങളും സമൂഹത്തിൽ മറ്റു കുഞ്ഞുങ്ങളെപ്പോലെ ആയിതീരണം എന്ന ആഗ്രഹത്തോടെ വലിയ പ്രതീക്ഷയോടെ ദീപ്തി സ്പെഷ്യൽ സ്ക്കൂൾ എന്ന ഈ പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്നവർക്ക് ചെറുതെങ്കിലും സ്ഥിരമായൊരു കൈതാങ്ങൽ കൊടുക്കാൻ കഴിഞ്ഞാൽ അത് വലിയ അനുഗ്രഹമായിരിക്കും.








ഡോ. മാത്യു സി. വർഗീസും (ഇടത്തേയറ്റം) ഡോ. സൂസൻ മാത്യുവും (വലത്തേയറ്റം) ഡോ. ചെറിയാൻ മാത്യൂസിനും കുടുംബത്തിനോടുമൊപ്പം




ഹലോ ഹോപ്പിനോടൊപ്പം ദീപ്തി സ്പെഷ്യൽ സ്ക്കൂളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്ന എല്ലാ പ്രിയപ്പെട്ടവരും ദയവായി ഞങ്ങളെ കോൺടാക്ട് ചെയ്യുക.
ഫോൺ +973 39336575, + 973 33552886
ഇമെയിൽ : hhgulfnews@gmail.com

# Rapture Broadcasting Network (RBN)

HH Reporter

Rapture Broadcasting Network (RBN) is a faith based Christian Internet TV channel from Bahrain, producing state of the art programmes that would impact every nation with the love and good news of Jesus Christ without compromise on the teaching of God's Word. RBN is a non profit media ministry initiated by few individuals touched by the Spirit of God and has no affiliation with any christian denomination, but purely voluntary. From the inception in 2015 RBN has witnessed dynamic growth and received numerous testimonies from around the globe declaring the greatness and faithfulness of God through our programmes.

We at RBN firmly believe in the Great Commission and are zealous to see that the Word of God touches every corner of the globe bringing glory and honor to God from every tribe and every people.

If you like to know more about us please visit our website at www.rapturebroadcastingnetwork.com or you can
***call/whatsapp us +973-39075095***
***www.youtube.com/rapturebroadcastingnetwork***
***Email:info@rapturebroadcastingnetwork.com***

HH Studio



ഹലോ ഹോപ്പ് 3-ാം ലക്കം ബൈബിൾ ക്വിസ് വിജയി ***ബ്ലെസ്സി ലിജോയ്ക്ക്*** *(മനാമ ബ്രദറൻ അസംബ്ലി)* സമ്മാനം നൽകുന്നു.
ഇടത്തു നിന്ന്: ചെറിയാൻ മാത്യൂസ, ബ്ലെസി ലിജോ, ജേക്കബ് മാത്യു, ജിജോ അങ്കമാലി, *രാജീവ് സ്റ്റുവർട്ട്*




ഹലോ ഹോപ്പ് 3-ാം ലക്കം പസിൽ വിജയി ***ഷെറിൻ ജോൺ വർഗീസിന്*** *(ഐ.പി.സി. ഹെബ്രോൻ)* സമ്മാനം നൽകുന്നു.
ഇടത്തു നിന്ന്: പാസ്റ്റർ കെ. എം. ജോർജ്, തോമസ് മാത്യു, ഷെറിൻ ജോൺ വർഗീസ്

# നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ

## So run that you may obtain

5



പാസ്റ്റർ റ്റി.റ്റി. തോമസ്

*(.....1-ാം പേജിൽ നിന്നും തുടർച്ച)*

ദൈവവചനത്തിൽ വിവിധതരം നാവുകളെക്കുറിച്ച് കാണുവാൻ കഴിയും.

*1. അണലിനാവ് - ഇയ്യോബ് 20:16*
*2. മധുരവാക്ക് പറയുന്ന നാവ് - സങ്കീ.5:9*
*3. വമ്പ് പറയുന്ന നാവ് - സങ്കീ.12:3*
*4. ഭോഷ്ക്ക് പറയുന്ന നാവ് - സങ്കീ. 109:2, സദൃ.6:17*
*5. വഞ്ചനയുള്ള നാവ് - സങ്കീ.120:2*
*6. വക്രതയുള്ള നാവ് - സദൃ.10:31*
*7. വക്രത നിറഞ്ഞ നാവ് - സദൃ.15:4*
*8. സുഖപ്രദമായ നാവ് - സദൃ.12:18*
*9. വഷളത്വമുള്ള നാവ് - സദൃ.17:20*
*10. വികട നാവ് - സദൃ.17:20*
*11. മൃദുവായ നാവ് - സദൃ.25:15*
*12. വിക്കിവിക്കി പറയുന്ന നാവ് - യെശ.28:11, 33:19*
*13. ഏഷണി പറയുന്ന നാവ് - സദൃ.25:23*

ഇത് എഴുതുന്ന എന്റേയും വായിക്കുന്ന നിങ്ങളുടേയും നാവിന് ഇതിൽ ഏതെങ്കിലും ചിലഗുണ വിശേഷങ്ങൾ ഉണ്ടായിരിക്കും എന്നതിന് സംശയമില്ല. മനസുകൊണ്ടും പ്രവൃത്തികൊണ്ടും ചെയ്യുന്ന പാപത്തേക്കാൾ ദോഷകരമായ പാപം ചെയ്യുന്നത് നാവുകൊണ്ടാണ്. 'എന്നാൽ നാം അതിൽ അത്രത്തോളം ബോധവാന്മാരല്ല, അല്ലെങ്കിൽ ഗൗരവ്വം കാണിക്കാറില്ല എന്നു മാത്രം'. യാക്കോ.3:6 - ൽ 'നാവും ഒരു തീ തന്നേ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കയും ചെയ്യുന്നു'.

നമ്മേയും മറ്റുള്ളവരേയും ഒരുപോലെ മലിനപ്പെടുത്തുന്നതാണ് നാവുകൊണ്ടുള്ള പാപം. പ്രവൃത്തിയിൽ കൂടി നാം പാപം ചെയ്യുന്നത് തെറ്റായിരിക്കുന്നതുപോലെ ഒരുപരിധിവരെ അല്ലെങ്കിൽ ഉപരിയായുള്ള പാപമാണ് മനസുകൊണ്ടും നാവുകൊണ്ടുചെയ്യുന്നത്. ഇവമൂന്നും നമ്മുടെ ഓട്ടത്തെ തടസപ്പെടുത്തുന്ന ആന്തരിക ശക്തികളാണ്. മൂന്നിൽ നിന്നും നാം വിമുക്തി നേടേത് അത്യന്താപേക്ഷിതമാണ്. പ്രവൃത്തികളിൽ കൂടി പാപം ചെയ്യുസ്വർഗ്ഗത്തിൽ പോകത്തില്ലെങ്കിൽ മനസുകൊണ്ടും നാവുകൊണ്ടും പാപം ചെയ്യുന്നവനും സ്വർഗ്ഗത്തിൽ പോകയില്ല എന്നു നാം മനസിലാക്കണം. നമ്മുടെ ഓട്ടം തടസപ്പെടുന്ന സാഹചര്യത്തിൽ നാം എന്തു ചെയ്യണം?
പിമ്പിലുള്ളതിനെ മറന്ന് ഓടുക

(ഫിലി.3:14). പഴയനിയമ വിശുദ്ധ ന്മാരെക്കുറിച്ച് പറയുമ്പോൾ ' അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നു വല്ലോ. അവരോ അധികം നല്ലതിനെ, സ്വർഗ്ഗീയമായതിനെ തന്നേ, കാംക്ഷിച്ചിരുന്നു; ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല; അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ''(എബ്രാ.11:15,16).

പിൻതിരിഞ്ഞാൽ എന്ത് സംഭവിക്കും ? (ഉൽ.19:16,17,26) 'ലോത്തിന്റെ ഭാര്യ അവന്റെ പിന്നിൽ നിന്ന് തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു'. സങ്കീർത്തനക്കാരൻ പറയുന്നു സങ്കീ.45:10 - ' അല്ലയോ കുമാരീ, കേൾക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തേയും നിന്റെ പിതൃഭവനത്തെയും മറക്ക'. പിമ്പിലുള്ളതു മറന്നുകൊണ്ട് ഓടണം. പിമ്പിൽ ഉള്ളത് ഓർത്താൽ തിരിഞ്ഞു നോക്കുവാൻ തോന്നും, ഉപ്പുതൂണായിതീരും.
മുമ്പിലുള്ളതിനുവേണ്ടി ഓടുക. മുമ്പിലുള്ളത് എന്താണ് ? ഇരമ്പിമറിയുന്ന യോർദ്ദാൻ അല്ല പിന്നയോ അക്കരെ ഉള്ള വാഗ്ദത്തദേശം ആയിരിക്കണം ലക്ഷ്യം.

'യോർദ്ദാൻ അക്കരെ കാണുന്നു എൻ
വാഗ്ദത്തദേശം ശോഭയായി...
ശോഭയായി ശോഭയായി
വാഗ്ദത്ത ദേശം ശോഭയായി...'

ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലക്ഷ്യത്തിലേക്ക് ഓടുക. ക്ഷമയോടെ സ്ഥിരതയോടെ നമ്മുടെ ഓട്ടത്തെ പൂർത്തീകരിക്കുവാൻ കഴിവുള്ള യേശുവിനെ മാത്രം നോക്കി ഓടുക. എല്ലാ വഴികളിലും അവനെ നിനച്ചുകൊണ്ട് പ്രതിബന്ധങ്ങളെ അവഗണിച്ചു ഓടുക...വിജയം നിശ്ചയം!




## ലേവ്യ പുസ്തകം

അനുവാചകർക്ക് ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം!

ന്യായപ്രമാണയുഗത്തിലേക്ക് മാനവകുലത്തെ കൈപിടിച്ചു നടത്തിയ പുറപ്പാട് പുസ്തകമാണ് കഴിഞ്ഞലക്കത്തിൽ നാം വിചിന്തനം ചെയ്തത്. ഉൽപ്പത്തിയുടെ രേഖകളിൽ നാശമടുത്തുകൊണ്ടിരിക്കുന്ന മനുഷ്യപ്രജയെ വെളുപ്പെടുത്തിയപ്പോൾ വീണ്ടെടുക്കപ്പെട്ട ദൈവജനത്തെ പുറപ്പാട് പുസ്തകം ചൂണ്ടികാണിച്ചു തന്നു. ആ ജനത്തിന്റെ ആരാധനയും അനുസരണവുമാണ് ലേവ്യ പുസ്തകത്തിന്റെ ഇതിവൃത്തം.

മോശൈക പഞ്ചഗ്രന്ഥത്തിലെ ത്രിദ്വീയകാണ്ഡമാണ് ലേവ്യപുസ്തകം. എബ്രായ ഭാഷയിൽ 'അവിടുന്ന് ആഹ്വാനം ചെയ്തു' എന്നർത്ഥം വരുന്ന 'വയ്യിഗ്രാ' എന്ന് നാമധേയം നൽകിയിരിക്കുന്ന പുസ്തകത്തിന് ഗ്രീക്കിൽ 'ലെവിറ്റിക്കോൺ' എന്നും ലാറ്റിനിൽ 'ലവിറ്റിക്കസ്' എന്നാണ് വിളിച്ചിരിക്കുന്നത്. ദൈവത്തിന്റെ പുരോഹിതന്മാരാകാനുള്ള വിളിയും പദവിയും നൽകിയിട്ടുള്ള ലേവ്യരെ സംബന്ധിക്കുന്ന പുസ്തകം എന്ന അർത്ഥത്തിൽ ആണ് ലേവ്യ പുസ്തകമെന്ന് പേരു വരുവാൻ കാരണം.

## ഉള്ളടക്കം

ആരാധനകളും പൗരോഹിത്യമുറകളുമാണ് മൂന്നാം ഗ്രന്ഥമായ ലേവ്യ പുസ്തകത്തിന്റെ ഉള്ളടക്കം. എങ്കിലും വിപുലമായ അർത്ഥത്തിൽ ദൈവവും യിസ്രായേലും തമ്മിൽ ഉള്ളതായി ഉൽപ്പത്തി, പുറപ്പാട് പുസ്തകങ്ങളിൽ പറയുന്ന ഉടമ്പടി ബന്ധത്തിന്റെ പ്രയോഗവശമാണ് ഈ കൃതി വിവരിക്കുന്നത്. പഞ്ചഗ്രന്ഥത്തിന്റെ സമഗ്രമായ ദർശനത്തിൽ, യഹോവയുമായി വിശേഷ ബന്ധത്തിൽ ഏർപ്പെടുന്നതു വഴി ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണത്തിനുള്ള മാർഗ്ഗരേഖകളായ് ഇതിലെ നിയമങ്ങളെ ദർശിക്കാം. ഈ ചുമതലകളെ സാമൂഹ്യബന്ധങ്ങളുടേയും പെരുമാറ്റ മര്യാദകളുടേയും രൂപത്തിലാണ് പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്.

മിസ്രയീം അടിമത്വത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ട യിസ്രായേൽ മക്കളുടെ ഹൃദയത്തിൽ നിന്നും ഈജിപ്തിന്റെ ചിട്ടവട്ടങ്ങൾ പറിച്ചെടുത്തുകളഞ്ഞിട്ട് ദൈവീക സത്യങ്ങൾ അവരുടെ ഹൃദയത്തിൽ വേരൂന്നുവാനും ദൈവാരാധനയിലും അനുസരണത്തിലും വിശുദ്ധജീവിതത്തിലും അവരെ സ്ഥിരനിഷ്ഠയുള്ളവരാക്കി തീർക്കുവാനും വേണ്ടി ദൈവം മോശെയിലൂടെ നൽകിയ നിയമസംഹിതയാണ് ലേവ്യ പുസ്തകം.

ലേവ്യ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അതിപ്രധാന വസ്തുതകൾ അഞ്ച് യാഗങ്ങളും ഏഴ് ഉത്സവങ്ങളുമാണ്.

## അഞ്ച് യാഗങ്ങൾ

***1. ഹോമയാഗം: 1-ാം അദ്ധ്യായം***

ദൈവത്തോട് ഒരുവനുള്ള ഭക്തി പ്രദർശിപ്പിക്കുവാൻ, തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി അർപ്പിക്കേണ്ടത്. കാളക്കിടാവിനേയോ ചെമ്മരിയാടിനേയോ കോലാടിനേയോ കുറുംപ്രാവിനേയോ യാഗമായി പ്രാവിൻകുഞ്ഞിനേയോ അർപ്പിക്കാം.

***2.ഭോജനയാഗം/ദഹനയാഗം:***

***2-ാം അദ്ധ്യായം***

നാമെല്ലാവരും ദൈവത്തിനുള്ളവരാണെന്ന് അംഗീകരിച്ചുകൊണ്ട് ആരാധനയും ദൈവത്തോടുള്ള ബഹുമാനവും ഭക്തിയും പ്രദർശിപ്പിച്ചുകൊണ്ടുള്ള യാഗമാണിത്. നേരിയ മാവുകൊണ്ടുള്ള പുളിപ്പില്ലാത്ത ദോശയും വടയും എണ്ണയും കുന്തിരിക്കവുമാണ് പ്രധാന യാഗവസ്തുക്കൾ.

***3. സമാധാനയാഗം:***

***3-ാം അദ്ധ്യായം***

ദൈവത്തോടുള്ള കൂട്ടായ്മയും സമാധാനത്തിനും പ്രതീകമായി ദൈവത്തോട് നന്ദി പ്രകാശിപ്പിക്കുവാനുള്ള യാഗം. കന്നുകാലികളിൽ നിന്നും അതുപോലെ കുഞ്ഞാടായാലും കോലാടായാലും ആണോ പെണ്ണോ വിത്യാസമില്ലാതെ ഊനമില്ലാത്തതിനെ അർപ്പിക്കാം.

***4.പാപപരിഹാരയാഗം:***

***4ാം അദ്ധ്യായം***

പാപം ഗൗരവ്വമുള്ളതാണെന്ന് കാണിക്കുവാനും പാപിയെ ദൈവത്തോട് യഥാസ്ഥാനപ്പെടുത്തി, മനപൂർവ്വമല്ലാതെ വന്ന അശുദ്ധി, അശ്രദ്ധ, അവഗണന മുതലായവയ്ക്കും പരിഹാരമായുള്ള യാഗം. കാളയേയോ ഊനമില്ലാത്ത ആൺകോലാടിനേയോ, പെൺകോലാടിനേയോ, പെണ്ണാടിനേയോ പാപം ചെയ്ത വ്യക്തിക്കനുസരിച്ച് തരംതിരിച്ച് യാഗം അർപ്പിക്കാം.

***5. അകൃത്യയാഗം :***

***5-ാം അദ്ധ്യായം***

ദൈവത്തോടും മനുഷ്യരോടും ചെയ്ത പാപത്തിന് പരിഹാരമായി അർപ്പിക്കേണ്ടത്. ഈ യാഗം ദൈവത്തിന് അർപ്പിക്കുകയും അപരാധം ചെയ്യപ്പെട്ടവന് നഷ്ടപരിഹാരം ലഭിക്കുകയും ചെയ്യുന്നു. ചെമ്മരിയാട്ടിൻകുട്ടിയേയോ, കോലാട്ടിൻ കുട്ടിയേയോ ആയ പെണ്ണാടിനെ യാഗം കഴിക്കേണം. അതിന് വകയില്ലാത്തവൻ രണ്ട് കുറുംപ്രാവിനേയോ പ്രാവിൻകുഞ്ഞിനേയോ കൊണ്ടുവരാം. അതിനും വകയില്ലാത്തവൻ നേരിയ മാവ് കൊണ്ടുവന്ന് നിവേദ്യമായി അർപ്പിക്കാം.

5 യാഗങ്ങളിൽ ആദ്യത്തെ മൂന്നെണ്ണം സ്വമേധായാഗങ്ങളും അവസാനത്തെ രണ്ട് യാഗങ്ങൾ അനിവാര്യമായി ചെയ്യേണ്ടതുമാണ്.

## യിസ്രായേലിന്റെ ഉത്സവങ്ങൾ

ലേവ്യ പുസ്തകത്തിൽ യിസ്രായേലിനോടുള്ള ബന്ധത്തിൽ ദൈവം കൽപ്പിച്ചാക്കിയ 7 ഉത്സവങ്ങൾ ആണ് ഉള്ളത്.

അവ മിസ്രയീമിലെ കടിഞ്ഞൂൽ സംഹാരകനിൽ നിന്ന് വിടുവിച്ച് യിസ്രായേലിന് സ്വാതന്ത്ര്യം വരുത്തിയതിന്റെ ഓർമ്മക്കായുള്ള പെസഹ(ഒരു ദിവസ ഉത്സവം), മിസ്രയീമിൽ നിന്നുള്ള പുറപ്പാടിനെ ഓർപ്പിക്കുന്ന ഏഴു ദിവസം ആഘോഷിക്കേണ്ട പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ, യവകൊയ്ത്തിന്റെ ആരംഭമായി ഒരു ദിവസം ആഘോഷിക്കേണ്ട ആദ്യഫലപെരുനാൾ, യവകൊയ്ത്തിന്റെ അന്ത്യവും കോതമ്പ് കൊയ്ത്തിന്റെ ആരംഭവും ആഘോഷിക്കുന്ന പെന്തെക്കോസ്തു പെരുനാൾ(ഒരു ദിവസം), ഏഴാം മാസത്തിന്റെ പ്രാരംഭ ദിവസം ഒരു ദിവസം ആഘോഷിക്കേണ്ട കാഹളധ്വനി പെരുനാൾ, യിസ്രായേൽ രാജ്യത്തിൽ നിന്നും ജനത്തിന്റെ പാപം നീക്കം ചെയ്തതിനെ ഓർമ്മിപ്പിക്കുന്ന മഹാപാപപരിഹാര പെരുനാൾ(ഒരു ദിവസം), അവസാനമായി മരുഭൂമിയിൽ വെച്ച് ലഭിച്ച ദൈവസംരക്ഷണവും നടത്തിപ്പും ഓർമ്മിപ്പിച്ചുകൊണ്ടുള്ള 7 ദിവസത്തെ ഉത്സവമായ കൂടാര പെരുനാൾ എന്നിവയാണ്.

## സ്ഥിതിവിവര കണക്കുകൾ

വിശുദ്ധ വേദപുസ്തകത്തിലെ 3-ാം പുസ്തകമായ ലേവ്യ പുസ്തകത്തിൽ 27 അദ്ധ്യായങ്ങളും 859 വാക്യങ്ങളുമുണ്ട്. 799 ചരിത്രവാക്യങ്ങൾ, 6 നിവർത്തിയാകേണ്ട പ്രവചനങ്ങൾ, 58 നിവർത്തിയാക്കപ്പെട്ട പ്രവചനങ്ങൾ, 3 ചോദ്യങ്ങൾ, 795 കൽപ്പനകൾ, 26 വാഗ്ദത്തങ്ങൾ, 125 മുന്നറിയിപ്പുകൾ ഇവകൂടാതെ ദൈവത്തിൽ നിന്നുള്ള 35 പ്രത്യേക ദൂതുകളും ഈ പുസ്തകത്തിലുണ്ട്.

# GOD'S CREATION

*"He who made no mistake putting the stars in its place, made no mistake putting you in yours."*

7.5 BILLION. That's the current world population estimate. And not all 7.5 billion are the same. They don't live the same lives. Everyone were created differently for different purposes. But however different we all are, we are all God's creation and He made no mistake making you to be you who you are. Take a list of God's creations, the sun, the planets, the stars, the plants and animals and the list goes on. He owns the universe. All these wonderful creations, and yet God considers us to be the most precious and magnificent out of it all. We are of great value in the sight of God and for the same reason, salvation of our souls is the prime concern of God. Had we not been the most important of all creation, God wouldn't have given his son Jesus as a ransom for our sins. That is how much God values us. If we are of so much value to Him, he would make no mistake giving you this life and placing you right where you are. Your life is no mistake, but you are God's best work. The bible says that we were fearfully and wonderfully made, and that we need to thank him for that. We need to live our lives seeking His guidance in all the areas of our life. God cannot work great things through us if we don't submit ourselves to Him. The simple way to follow the path to fulfill your life-purpose, is to follow Jesus. We need to understand our true value to God, and that will help us realize that his plans for us are always the best. We can plan out our life the way we like. But God's plan is always better, because the only person who knows us more than we know ourselves is our mighty creator. Even we, at times forget what vulnerable and feeble creatures we are. But God knows that we are weak and that we make mistakes, yet his love for us only increases. That is why his love is special and different from the world's love. If you aren't sure of where God wants you to be, you need to ask him with a heart that is ready to listen and obey his words. You need to make a reroute from wherever you are now, because it is never too late to go back to




your heavenly father who awaits you with open arms. Because in Him and Him alone, can we find our true purpose. We all have a calling. And may the Lord almighty help each one of us to understand what we were called for, and follow His lead. Amen.

*"And in your book they all were written, the days fashioned for me, When as yet there were none of them."Psalm 139:16*

# പാറമേൽ അടിസ്ഥാനമിട്ടവന്റെ ഉപമ



പാസ്റ്റർ വിനിൽ സി ജോസഫ്

അന്ത്യനാളിൽ തള്ളപ്പെടുന്ന പലരും കർത്താവേ, കർത്താവേ എന്നു വിളിച്ചുകൊണ്ട് ദൈവത്തിന്റെ അടുക്കൽ വരും. അവരുടെ അവകാശവാദങ്ങൾ വളരെ രസകരമാണ്.

നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിച്ചു, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കി നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിച്ചു... സത്യത്തിൽ ഇവർ പ്രവചിച്ചവരാണ്, ഭൂതങ്ങളെ പുറത്താക്കിയവരാണ്, വളരെ വീര്യപ്രവൃത്തികൾ ചെയ്തവരാണ് എന്നിട്ടും കർത്താവ് അവരെ തള്ളികളഞ്ഞു. കാരണം അവർ അധർമ്മം പ്രവർത്തിച്ചവരാണ് (മത്താ.7:23). അധർമ്മം പ്രവർത്തിക്കുന്നവർ ഒരിക്കലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. എന്നാൽ അധർമ്മം പ്രവർത്തിക്കുന്നവർ എങ്ങനെയാണ് വീര്യപ്രവൃത്തികളും പ്രവചനവും ഭൂതങ്ങളെ പുറത്താക്കുന്നതും. ഇതെങ്ങനെ ശരിയാകും ?

വിശുദ്ധിയുടെ പ്രതിഫലമല്ല കൃപാവരങ്ങൾ മറിച്ച് ദൈവം തരുന്ന ദാനങ്ങൾ ആണ് ആത്മീകവരങ്ങൾ എല്ലാം തന്നെ. ദൈവം ആഗ്രഹിക്കുന്ന വിശുദ്ധിയിൽ നാം അത് കാത്തുസൂക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും വേണം. അല്ലാതെ വരുമ്പോൾ ദൈവം ദുഃഖിക്കുന്നു. ദൈവത്തെ വിഷമിപ്പിച്ചുകൊണ്ട് അത്ഭുതങ്ങളും അധർങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നവർ ഇന്ന് ആത്മീയ ലോകത്ത് അനവധിയാണ്.

**വചനത്തിൽ നാം അടിസ്ഥാനമിട്ട് ജീവിതം പണിയുന്നവൻ കൊടുങ്കാറ്റിലും വൻമഴയിലും തളരാതെ നിത്യരാജ്യത്തിൽ പ്രവേശിക്കും.**


ദൈവം കൃപാവരം നൽകിയ ഒരു വ്യക്തി പാപത്തിൽ വീണുപോയാൽ ദൈവം ദുഃഖിക്കുന്നുവെങ്കിലും അടുത്ത നിമിഷം കൃപാവരം തിരിച്ചെടുക്കത്തില്ല. നമ്മുടെ മക്കൾ തെറ്റുചെയ്താൽ നാം അവർക്കുകൊടുത്ത സകല സമ്മാനങ്ങളും തിരികെ വാങ്ങുന്നില്ലല്ലോ. ദോഷികളായ നമ്മൾ അങ്ങനെ ചെയ്യുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് അങ്ങനെ ചെയ്യുമോ? 'നാം അവിശ്വസ്തരായിത്തീരുമ്പോഴും ദൈവം വിശ്വസ്തനായി തുടരുന്നു' (2 തിമൊ.2:13).

പാപം ചെയ്തവൻ മടങ്ങിവരുമെന്ന പ്രത്യാശയോടെ ദൈവം കാത്തിരിക്കുന്നു. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തിയാലും മനപൂർവ്വം മറുതലിക്കുന്നു. ദാതാവിനേക്കാൾ ദാനത്തെ അധികമായി സ്നേഹിക്കുന്നു. ദൈവം ശുശ്രൂഷയെ എടുത്തുകളയാത്തതുകൊണ്ട് ദൈവം കൂടെ ഉണ്ടെന്നുള്ള ധാരണയിൽ കൃപാവരങ്ങൾ ഒരു മടിയും കൂടാതെ ചെയ്യുന്നു, അതോടൊപ്പം അധർമ്മവും പ്രവർത്തിക്കുന്നു.

എന്നാൽ ഒരു ദൈവപൈതലിനെ ദൈവത്തിങ്കലേക്ക് മടക്കി വരുത്തുന്ന പ്രധാന ഘടകം തിരുവചന ധ്യാനമാണ്. വചനത്തിൽ സന്തോഷിക്കുന്നവനാകണം. വചനം കണ്ണാടി ആണല്ലോ. ' ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതുവാളിനേക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേർവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനകളും ഭാവങ്ങളും വിവേചിക്കുന്നതും ആകുന്നു' (എബ്രാ.4:12). നേരായ പാത വചനം നമ്മെ കാണിച്ചുതരുന്നു.

വചനത്തിൽ നാം അടിസ്ഥാനമിട്ട് ജീവിതം പണിയുന്നവൻ കൊടുങ്കാറ്റിലും വൻമഴയിലും തളരാതെ നിത്യരാജ്യത്തിൽ പ്രവേശിക്കും. അവർക്ക് അധർമ്മം പ്രവർത്തിക്കാൻ കഴിയത്തില്ലല്ലോ. യിസ്രായേലിലെ രാജാക്കന്മാർക്ക് ദൈവം കൊടുക്കുന്ന ഒരു വലിയ ഉപദേശമാണ് ആവർത്തനം 17:18-20 - ൽ കാണുന്നത്. 'അവൻ തന്റെ രാജാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യരായ പുരോഹിതന്മാരുടെ പക്കൽനിന്ന് ഈ ന്യായപ്രമാണം വാങ്ങി അതിന്റെ ഒരു പകർപ്പ് ഒരു പുസ്തകത്തിൽ എഴുതി എടുക്കണം. ഈ ന്യായപ്രമാണത്തിലെ സകലവചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചു നടന്ന് തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേതിന് അത് അവന്റെ കൈവശം ഇരിക്കുകയും അവന്റെ ഹൃദയം സഹോദരന്മാർക്കുമീതെ അഹങ്കരിച്ചുയരാതേയും അവന്റെ കൽപ്പന വിട്ട് ഇടത്തോട്ടോ വലത്തോട്ടോ തിരിയാതേയും ഇരിക്കേണ്ടതിനും അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിനുമായി അവൻ തന്റെ ആയുഷ്ക്കാലമൊക്കേയും അതു വായിക്കുകയും വേണം'.

# GO AHEAD & FACE IT!!



Sandra Ann Mathew

Being a Christian, Life often bring a series of unexpected twists & turns. We lose hope in GOD sometimes when we are in the midst of trials and temptations. We turn out to be depressed and look forward to escape from the situation through short cuts which end up in a mess. But Have You ever wondered how will the situation transform when you take a decision to face it? When we face the world with the Word Of GOD, we will realize that GOD is greater than all the problems that we face today. As I was surfing in the net, I came across a truly inspiring story which goes like this: During a bad weather,a young girl was walking back home from her school. Her mother at home was worried about her daughter that she will be in trouble and decided to look for her . By that time , the weather became worse and started producing lightning and thunderstorms. A little time later, the mother found her daughter and was surprised to see her smiling and posing for each lightning that was produced. Mother asked her for the reason and the young girl replied," Mom, GOD was clicking my picture from heaven above. I was posing so that I will look good in it ". This young girl's attitude inspired me a lot to understand that it is not the size of our problem that really matters but it is our response and attitude to the problem that matters. The innocent mind of the young girl made her believe that GOD was clicking her picture. That resulted in transforming a negative situation to a positive one .Similarly when we face such difficulties in life, we always look from the negative angles at the problem rather than looking from the positive ones. When we start to believe that we can overcome all the storms of life, that's where we mark our success in GOD. Many of us are afraid to face our tests of life because we believe that it brings pain and sufferings. But we all need to remember that God uses problems in our life to CORRECT us, PROTECT us, & PERFECT us. Always keep in mind that God is in control of our life and He will give tests and hardships along with the strength of GOD to face it, He knows all our weaknesses and never leave us alone in the midst of the storms. Here are some basic tips to stand strong and face our problems in life with the help of GOD;

***(1) FOCUS on God's power rather than focusing on the size of your problems. God is much much larger than any obstacles you'll ever face.***

***(2) TRUST in God's plan even when it doesn't make any sense. God is never too late or early He is just on time to reveal His purpose on you.***

***(3) PURSUE the guidance of Holy Spirit in all aspects of your life. Place your relationship with GOD as the center of your life and allow God to empower you.***

***(4) RELY on God's promises and blessings by obeying and believing God's instructions in all your ways. Nothing is impossible for Him to do.***

God's awesome power is available to help us face all the long and short term problems of our life. The more problems we face, the greater is our potential to experience God's pure joy. Every test in our life make us bitter or better and Every problem comes to make us or break us: The choice is ours whether to become victims or victorious. Our blessing depends on our choices, responses and reactions to the problems.

Therefore , I encourage all of you to stand strong for GOD and face everything that comes your way whether it's good or bad, positive or negative. It is an opportunity given to us to glorify and honor our God's name through us.

Let's not waste it for His time is near .....

# വിജയത്തേരിൽ നമ്രശിരസ്ക്കനായൊരു തേരാളി




(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ദമാസ്ക്കസിന്റെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന വിസ്തൃതമായ സിറിയൻ മരുഭൂമി. ഹെർമ്മോൻ പർവ്വതനിരകളിൽ നിന്നും ശാന്തമായി ഒഴുകുന്ന അബാനയും പർപ്പരും പട്ടണത്തെ ഒരു മരുപ്പച്ചയാക്കി രുപാന്തരപ്പെടുത്തി. സിറിയൻ മരുഭൂമിയിലെ ചുട്ടുപഴുത്ത മണൽത്തരികളിൽ പാദമുദ്രകൾ പതിപ്പിച്ചുകൊണ്ട് മുമ്പോട്ടു പ്രയാണം ചെയ്യുന്ന സഞ്ചാരികൾക്ക് ആശ്വാസമായിരുന്നു ദമാസ്ക്കസിന്റെ ശീതളച്ഛായ. നയമാന്റെ ജീവിതത്തിലെ നിർണ്ണായകമായ ചില നിമിഷങ്ങൾ നമുക്കു വിഭാവന ചെയ്യാം.

ദമാസ്ക്കസിലെ രാജവീഥിയുടെ ഇരുവശങ്ങളിലും ക്ഷമയോടെ കാത്തു നിൽക്കുന്ന ആയിരങ്ങൾ. സുവർണ്ണ കാഹളങ്ങളുമേന്തി വിജയഭേരി മുഴക്കുവാൻ സന്നദ്ധമായി നിൽക്കുന്ന വാദ്യസംഘം. പട്ടണത്തിന്റെ പ്രധാന കവാടത്തിലൂടെ നഗരത്തിലേക്കു പ്രവേശിക്കുന്ന അരാമ്യ സൈന്യനിരകളുടെ ഘോഷയാത്ര. ദീർഘനാളുകളായി അരാം രാജ്യത്തെ മുൾമുനയിൽ നിർത്തിയ ശത്രുവിനെ നാമാവിശേഷമാക്കിയതിലുള്ള സന്തോഷം തിരയടിക്കുന്ന അന്തരീക്ഷം. കുളമ്പടികളുടെ പ്രതിധ്വനികളുയർത്തിക്കൊണ്ട് ചീറിപ്പാഞ്ഞു വരുന്ന അശ്വസേന. അതിനു പിമ്പിൽ അടിവെച്ചുമുമ്പോട്ടു നീങ്ങുകയാണ് വാളും പരിചയുമേന്തിയ പടയാളികൾ.

ദിഗന്തങ്ങൾ ഭേദിക്കുമാറ് കാഹളങ്ങൾ വിജയഭേരി മുഴക്കിയപ്പോൾ, തടിച്ചുകൂടിയ ആയിരങ്ങൾ കാതടപ്പിക്കുന്ന കരഘോഷം മുഴക്കി. അതിനോട് അനുബന്ധിച്ച് മുഴങ്ങിയ രാജകിങ്കരന്റെ ശബ്ദം –

'ഇതാ കടന്നുവരുന്നു, അരാമിനെ വിജയത്തിലേക്കു നയിച്ച സർവ്വസൈന്യാധിപൻ നയമാൻ!'

ശത്രുവിനെ അടിച്ചുതകർത്ത് അരാം രാജ്യത്തെ സംരക്ഷിച്ച സൈന്യാധിപനെ കൺകുളുർക്കെ കണ്ട് നിർവൃതിയടഞ്ഞ ജനസമൂഹത്തിന്റെ പ്രതികരണം –

എന്തൊരു വ്യക്തിത്വം. ആ വദനത്തിൽ വിടർന്നുനിൽക്കുന്ന സിംഹകല. ആ നോട്ടത്തിലും ഭാവത്തിലും നിറഞ്ഞുതുളുമ്പുന്ന മാന്യത. എത്ര മഹാനായ വ്യക്തി! നയമാനെ ഒരു നോക്കു കാണുവാൻ ജനസഹസ്രങ്ങൾ തടിച്ചുകൂടിയതിന്റെ കാരണം തിരുവചനത്തിൽ നാം വായിക്കുന്നു – ' അരാം രാജാവിന്റെ സേനാപതിയായ നയമാൻ മുഖാന്തരം യഹോവ അരാമിന് ജയം നൽകിയതുകൊണ്ട്..( 2 രാജാ.5:1).

അരാം രാജ്യത്തെ നിരന്തരം ഭീതിയുടെ മുൾമുനയിൽ നിർത്തിയിരുന്ന ഒരു ശത്രുരാജ്യം. കണ്ണെത്താത്ത ദൂരത്തിൽ പരന്നുകിടക്കുന്ന വിസ്തൃതമായ അരാം രാജ്യത്തിന്റെ അടിത്തറയിളക്കുവാൻ കെൽപ്പുള്ള വിദേശശക്തി. ഏതാണ് ആ വിദേശ രാജ്യമെന്ന് തിരുവചനത്തിൽ പരാമർശനമില്ല. അരാം സൈന്യത്തിന്റെ സൈന്യാധിപനായി നയമാൻ നിയമിക്കപ്പെടുന്നതുവരെ അരാമ്യർ ഭയത്തിന്റെ കരിനിഴലിൻ കീഴിലായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശത്രുരാജ്യത്തെ ആക്രമിച്ച അരാം സൈന്യം നക്ഷത്രപ്രഭയുള്ള വിജയത്തിളക്കവുമായിട്ടാണ് സ്വരാജ്യത്ത് മടങ്ങിയെത്തിയത്.

വിജയത്തിന് കാരണമായത് നയമാന്റെ നേതൃത്വപാടവമൊ, അനിതര സാധാരണമായ യുദ്ധതന്ത്രങ്ങളൊ ആയിരുന്നില്ല. തിരുവചനം പറയുന്നു – ' നയമാൻ മുഖാന്തരം യഹോവ അരാമിന് ജയം നൽകി...' യഹോവയായ ദൈവമാണ് യുദ്ധത്തിൽ വിജയം നൽകിയതെന്ന് നയമാനൊ, അദ്ദേഹത്തെ പരാക്രമശാലിയായി അംഗീകരിച്ച അരാം രാജാവൊ, അരാമ്യസൈന്യമോ മനസ്സിലാക്കിയില്ല.

ചില പ്രത്യേക മണ്ഡലങ്ങളിൽ ലഭിക്കുന്ന ഉന്നതവും അപ്രതീക്ഷിതവുമായ വിജയത്തിന്റെ മൂലകാരണം സ്വന്തബുദ്ധിയും, ശക്തിയും, വാക്ചാതുര്യവും മറ്റുമാണെന്ന് തെറ്റിധരിച്ച് രോമാഞ്ചപുളകിതരാകുന്നവരുണ്ട്. നമ്മുടെ എല്ലാ വിജയങ്ങളും ദൈവത്തിന്റെ ശ്രേഷ്ഠമായ പദ്ധതിപ്രകാരമായിരുന്നു എന്ന് വിനയത്തോടെ ഏറ്റുപറയുവാൻ നന്ദി നിറഞ്ഞ ഹൃദയം നമുക്ക് ആവശ്യമാണ്. യഹോവ നമ്മിൽ പ്രസാദിക്കുന്നില്ലായെങ്കിൽ, സ്വന്ത അദ്ധ്വാനത്തിലൂടെ ഒന്നും തന്നെ നമുക്കു നേടുവാൻ കഴിയുകയില്ല. വിശുദ്ധ ബൈബിളിൽ നാം വായിക്കുന്നു – 'യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു: യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു' (സങ്കീ. 127:1).

നമ്മുടെ എല്ലാ വിജയങ്ങളും, വിടുതലുകളും, അനുഗ്രഹങ്ങളും ദൈവത്തിന്റെ ദാനമാണ്. അപ്രതീക്ഷിതമായി ഭൗമീക നന്മകളും, അനുഗ്രഹങ്ങളും ലഭിക്കുമ്പോൾ, ഇതൊന്നും ഞാൻ നേടിയതല്ല, പ്രത്യുത അവിടുത്തെ ദാനമാണെന്ന് ഏറ്റുപറഞ്ഞുകൊണ്ട് തിരുസന്നിധിയിൽ മുട്ടുമടക്കാം.

# What is Salvation?

Salvation is being saved from the righteous judgment of God upon the sinner. A lot of people think that salvation means being saved from yourself or the devil. But that is not accurate. All who have sinned against God are under the judgment of God. This judgment is known as damnation where God condemns to eternal hell all those who have offended Him by breaking His Law. This does not mean that God is unfair. It shows that God is holy. God must punish the sinner. But, He has provided a way of escape so that people will not face His righteous judgment. This means that God is both holy and loving. He must manifest each quality equally. So, being saved from the wrath of God is called salvation. Salvation is found in Jesus, and only in Jesus, who is God in flesh (John 1:1, 14), and who died for our sins and rose from the dead. 1 Cor. 15:1-4 says . . . 15:1 Moreover, brethren, I declare unto you the gospel which I preached unto you, which also ye have received, and wherein ye stand;15:2 By which also ye are saved, if ye keep in memory what I preached unto you, unless ye have believed in vain;15:3 For I delivered unto you first of all that which I also received, how that Christ died for our sins according to the scriptures;15:4 And that he was buried, and that he rose again the third day according to the scriptures This is how salvation works:- All of us have sinned against God and deserve judgment. But Jesus never sinned (1 Pet. 2:22). He lived the Law of God perfectly. In this He have a perfectly righteous standing before God. When the corrupt Jewish leaders forced Rome's hand into crucifying Jesus, God used this crucifixion as the means to place the sins of the world upon Jesus (1 Pet. 2:24; 1 John 2:2). This is when Jesus became sin on our behalf. 2 Cor. 5:21 says, "He made Him who knew no sin to be sin on our behalf, that we might become the righteousness of God in Him." The crucifixion became the place where Jesus bore our sins in His body and suffered in our place."But He was pierced through for our transgressions, He was crushed for our iniquities; The chastening for our well-being fell upon Him, and by His scourging we are healed," (Isaiah 53:5). Remember, no sinner could please God perfectly and no sinner could offer a perfect sacrifice to God. Only God in flesh, Jesus, could do that. So, since there is nothing we can do that is righteous before God (Isaiah 64:6 says our righteous deeds are filthy rags), then we cant please an infinitely holy and righteous God by anything we do. But, Jesus who is perfectly righteous before God the Father, died in our place. What we could not do, He did. If you want to escape the righteous judgment of God, then you need to trust in the sacrifice of God. You need to be made right before God, by God. This righteousness of Christ is given to you if you accept him, trust in Him, and believe in what Jesus did. This is why the Bible says that we are saved by grace through faith. "For by grace you have been saved through faith; and that not of yourselves,




it is the gift of God," (Eph. 2:8). When you trust in what Christ has done on the cross, and in no works of your own (since they aren't good enough anyway),then the righteousness of Christ is given to you -- even as your sins were "given" to Jesus. It's like a trade. He gets your sin. You get His righteousness. Once you trusted in what Christ has done, then you possess eternal life and you will never face the judgment of God. "My sheep hear My voice, and I know them, and they follow Me; 28 and I give eternal life to them, and they shall never perish; and no one shall snatch them out of My hand," (John 10:27-28)

ഭാരത സുവിശേഷകരുടെ ശബ്ദം

*സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...*



പാസ്റ്റർ സുജിത്ത് പി. ജോസഫ് (ഡൽഹി)

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം... 5

ഉത്തരഭാരതത്തിലെ ശുശ്രൂഷകളെ കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ എന്ന പംക്തിയിലൂടെ പരിചയപ്പെടുത്തുന്നതിൽ വളരെ സന്തോഷമുണ്ട്. ഇവിടെയുള്ള ദൈവീക വേലകളെ ഓർത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പ്രിയപ്പെട്ട എല്ലാ വായനക്കാർക്കും നന്ദി പറഞ്ഞുകൊണ്ട് അഞ്ച് നദികളുടെ നാട് എന്നറിയപ്പെടുന്ന പഞ്ചാബിലെ അമൃത്സറിലെ വിവിധ ഗ്രാമങ്ങളിൽ കർത്താവിന്റെ മഹത്വമുള്ള ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്തുകൊണ്ടിരുന്ന ഒരു കർത്താവിന്റെ ദാസനെ പരിചയപ്പെടുത്തുന്നു.

ക്രിസ്തുവിനെ അറിഞ്ഞനാൾ മുതൽ സുവിശേഷ വേലയ്ക്കുവേണ്ടി തന്റെ ജാതിയും തലപ്പാവും ഊരിവെച്ച് നീണ്ട ഇരുപത് വർഷക്കാലം കർത്താവിനുവേണ്ടി പോരാടുവാൻ ഈ ദൈവദാസന് സാധിച്ചു. കർത്താവ് കൊടുത്ത ദർശനപ്രകാരം അമൃത്സറിലെ ബിണ്ടി-ഓലക്കാ എന്ന ഗ്രാമവും അതിനോടു ചേർന്ന് കിടക്കുന്ന എട്ട് ഗ്രാമങ്ങളിലും ക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന് ജാതികളുടെ മുമ്പിൽ വീറോടെ ഉയർത്തികാട്ടുവാൻ തന്റെ ജീവിതത്തിലൂടെ തന്നെ ദൈവം ഈ ഭക്തനെ സഹായിച്ചു.



*പാസ്റ്റർ കാഷ്മീർ മസിയും കുടുംബവും*

തന്റെ ശുശ്രൂഷയിലൂടെ എയ്ഡ്സ് രോഗികളും ക്യാൻസർ രോഗികളും സൗഖ്യമാകുകയും അന്ധർ കാഴ്ച പ്രാപിക്കുകയും രോഗത്തിലൂടെ തന്റെ പ്രാണൻ നഷ്ടപ്പെട്ട ഒരു കുഞ്ഞ് ജീവൻ പ്രാപിക്കുകയും ചെയ്തു. തന്റെ ജീവിതരീതിയിലൂടെ ക്രിസ്തു ആരാണെന്ന് മറ്റുള്ളവർക്ക് വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തു.

തന്റെ ശുശ്രൂഷകൾ മുഖാന്തിരം വലിയൊരു കൂട്ടത്തെ ക്രിസ്തുവിനുവേണ്ടി ഒരുക്കിയെടുക്കുവാൻ ദൈവം ഇദ്ധേഹത്തെ സഹായിച്ചു. ഇപ്പോൾ അവിടെ നൂറ്-നൂറ്റമ്പത് പേർകൂടിവരുന്ന ഒരു ദൈവസഭയണ്ട്.

പൗലോസ് തിമൊഥെയോസിന്റെ ലേഖനത്തിൽ പറയുന്നതുപോലെ 'ഞാൻ നല്ല പോർ പൊരുതു ഓട്ടം തികച്ചു വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായ് വെച്ചിരിക്കുന്നു' ദൈവം തന്നിൽ ഏൽപ്പിച്ചിരുന്ന ശുശ്രൂഷകൾ വളരെ വിശ്വസ്തതയോടെ തികയ്ക്കുവാൻ ദൈവം ഈ ദൈവദാസനെ സഹായിച്ചു. ഈ ഭക്തനായ മനുഷ്യനെ പ്രിയ വായനക്കാർക്കു പിരചയപ്പെടുത്തുമ്പോൾ വളരെ ദുഃഖവും വേദനയും ഉണ്ട്. എന്നിരുന്നാലും ഏറിയ പ്രത്യാശയോടെ മേൽ പറഞ്ഞ പൗലോസ് അപ്പൊസ്തൊലന്റെ വാക്കുകൾ തന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായി. കഴിഞ്ഞ മാസം ജൂൺ 14-ാം തീയതി താൻ പ്രിയംവെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെടുവാൻ ഇടയായി. തന്റെ പേര് കാഷ്മീർ മസി എന്നാണ്. തനിക്ക് ഭാര്യയും നാല് മക്കളും ഉണ്ട്.

ദൈവദാസന്റെ വേർപാടിനുശേഷം തന്റെ മകൻ പാസ്റ്റർ ഡേവിഡ് മസിയാണ് ഇപ്പോൾ അവിടെ ശുശ്രൂഷിക്കുന്നത്. താൻ വിതച്ച വിത്തുകൾ നല്ല നിലത്തു വീണ വിത്തുപോലെ നൂറും അറുപതും മുപ്പതും മേനിയായി വിളങ്ങുവാൻ പ്രിയപ്പെട്ടവർ ഇവിടുത്തെ പ്രവർത്തനങ്ങളേയും തന്റെ കുടുംബത്തേയും ഓർത്ത് പ്രാർത്ഥിക്കണമേ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് അടുത്ത ലക്കത്തിലൂടെ വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ നിറുത്തുന്നു...



# BETHEL Church Bahrain Send Off to Pastor Bijin Babu




**Pastor Shaji V. John presenting momento**

(From Left Pr. Bijin Babu, Asst:Pastor K J Kurian, Asst. Pastor Bineesh Scaria, Pastor Shaji V. John)

# Talk with my Saviour



Roslyne Regie

Sitting here
On the steps of the doorway
Looking up to the blue sky
I realized how much You love us.

Lord you died for the sins we caused,
For our misdeeds were unbearable
In Your Holy eyes.
You were offended
Only for Your creation's sake.

Watching the beautiful flowers You created
Bloom and shine,
The birds singing praises to their Creator,
I realized how much You wanted us to be Yours.

HH Rhythm

When I see the darkness covering the sky,
Your light O Lord shines upon us
Your grace sustains us
Your unfailing love covers over our transgressions.

We deserve no glory, we deserve no honour
For we are like the flowers which fade away.
But Your everlasting mense
Has shaped us to be the person you want.

# വിജയകരമായ ക്രിസ്തീയ ജീവിതം എങ്ങനെ നയിക്കാം?




കർത്താവിൽ പ്രിയരേ, ഒരു വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിന് ശത്രുവാം പിശാചിനെ ജയിക്കേണ്ടത് വളരെ അത്യാന്താപേക്ഷിതമാണ്.

1 യോഹ.5:4 ' ദൈവത്തിൽ നിന്ന് ജനിച്ചവൻ ഒക്കേയും ലോകത്തെ ജയിക്കുന്നു, ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ'.

ഭൂമിയിലെ അനുദിന ജീവിത വിജയത്തെക്കുറിച്ചാണ് യോഹന്നാൻ പറഞ്ഞിരിക്കുന്നത് സ്വർഗ്ഗീയ വിജയത്തെപ്പറ്റിയല്ല എന്നുകൂടെ അറിയണം. ഈ വിധത്തിലുള്ള വാക്യങ്ങൾ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ വാസ്തവമായും ഏറ്റെടുപ്പാൻ കഴിയുന്നില്ലായെങ്കിൽ നമ്മുടെ ജീവിതം ഒന്ന് ശോധനചെയ്യുന്നത് നന്നായിരിക്കും.

ഒരു വിശ്വാസിയെ പരിജ്ഞാനത്തിൽ നിന്ന് അകറ്റുവാൻ പിശാച് പരിശ്രമിയ്ക്കും, എന്നാൽ മതഭക്തനായ ഒരുവനെയൊ ബലഹീനരായ വിശ്വാസികളേയോ സാത്താന് വിഷയമേയല്ല. വിശുദ്ധ ജീവിതം നയിക്കുന്നവരെ തകർക്കുവാൻ പിശാച് തക്കം പാർത്തു കാത്തിരിക്കും. എന്നാൽ വിജയകരമായി ക്രീസ്തീയ ജീവിതം നയിക്കുന്ന ഒരുവനെ തകർക്കുവാൻ സാത്താന് അസാദ്ധ്യമാണ്. 'നീതിമാൻ വിശ്വാസത്താൽ ജീവിയ്ക്കും' (റോമ.1:17).

അപ്പൊസ്തൊലനായ പൗലോസ് കൊരിന്ത്യയിലെ ദൈവസഭയ്ക്ക് ലേഖനമെഴുതുമ്പോൾ 'നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം' (1 കൊരി.15:57) – ഇവിടെ പറഞ്ഞിന്നരിക്കുന്ന വിഷയം ക്രിസ്തുവിന്റെ ജീവിതവിജയത്തെപ്പറ്റിയാണ്.

അപ്പോൾ ഓരോ ദൈവപൈതലിന്റേയും വിജയിത്തിലേക്കുള്ള പ്രയാണത്തിന്റെ തുടക്കം പരാജയത്തിൽ നിന്നല്ല വിജയത്തിൽ നിന്നുമായിരിക്കണം. അപ്പോൾ നമ്മെ പുറകോട്ടു വലിക്കുന്നതായ സംശയം, തോൽവി, നിരാശ, ഭീതി ഇവയെല്ലാം തകർക്കുവാനുള്ള ശക്തിയാണ് ഞാൻ ദൈവത്തിൽ നിന്ന് പ്രാപിച്ചിരിക്കുന്നത് എന്ന് ഓരോ ദൈവപൈതലും അറിഞ്ഞിരിയ്ക്കുകയും വേണം.

വിജയകരമായ ക്രിസ്തീയ ജീവിതത്തിനുള്ള 6 വിധമായ കാര്യങ്ങൾ ഏതെല്ലാമാണ് എന്ന് ചിന്തിക്കാം.

*1. വിജയകരമായ ജീവിതത്തിന് സാദ്ധ്യത ഒരു പ്രധാനഘടകമാണ്*
*2. വിജയകരമായ ജീവിതത്തിന് വാഗ്ദത്തം ആവിശ്യമാണ്*
*3. വിജയകരമായ ജീവിതത്തിനുള്ള പ്രമാണം വിശ്വാസത്താൽ ആണ്*
*4. വിജയകരമായ ജീവിതത്തിന് രഹസ്യം ഏകീഭാവമാണ്*
*5. വിജയകരമായ ജീവിതത്തിന് സമർപ്പണം ആവിശ്യമാണ്*
*6. വിജയകരമായ ജീവിതത്തിന് തെരഞ്ഞെടുപ്പ് ആവിശ്യമാണ്*

### *1. വിജയകരമായ ജീവിതത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് ചിന്തിക്കാം*

എല്ലാ ദൈവജനത്തിനും പാപത്തിന്മേൽ വിജകരമായ ജീവിതം സാദ്ധ്യമാണ് ബൈബിൾ പഠിപ്പിക്കുന്നു. 'ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല' ( 1 യോഹ.3:9) എന്നുവെച്ചാൽ പാപത്തിൽ തുടരുന്നില്ല. പാപം പ്രവർത്തിക്കു ഒരുവനിൽ ദൈവത്തിന്റെ ജീവൻ ഉണ്ടായിരിക്കയില്ല. 'ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിയ്ക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? (1 കൊരി.6:19). ഓരോ ദൈവപൈതലും പരിശുദ്ധാത്മാവിന്റെ അധിവാസ സ്ഥാനമാണ്, അപ്പോൾ നമ്മുടെ ശരീരം അശുദ്ധിയിലോ, ദോഷത്താലോ, അശുദ്ധരായിത്തീരുവാൻ ഇടയാകരുത് എന്നല്ലേ അർത്ഥം.

### *2. വിജയകരമായ ജീവിതത്തിന് വാഗ്ദത്തം ആവിശ്യമാണ്*

യോഹ.7:37,38 – ഒരു വിശ്വാസിക്ക് കർത്താവ് നൽകുന്ന വാഗ്ദത്തമാണ് 'എന്നിൽ വിശ്വസിക്കുവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന്''. ഒരുവന്റെ ജീവിതം അൽപ്പമായിട്ടല്ല സമ്പൂർണ്ണമായി വിജയപ്രദമാകണമെന്ന് കർത്താവിന്റെ താൽപ്പര്യം അതുകൊണ്ടാണ് യോഹ.10:10 – ൽ പറയുന്നത് 'നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും സമൃദ്ധിയായി ഉണ്ടാകുവാനും അത്രേ ഞാൻ  വന്നത്'. യോഹ.10:11 – ൽ 'ഞാൻ നല്ല ഇടയൻ ആകുന്നു' താൻ തയൊണ് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന നല്ല ഇടയൻ എന്ന് യേശു പ്രഖ്യാപിച്ചു.

### *3. വിജയകരമായ ജീവിതത്തിനുള്ള പ്രമാണം വിശ്വാസത്താൽ ആണ്*

വിജയകരമായ ജീവിതം വിശ്വാസത്താലുള്ള ദൈവത്തിന്റെ ദാനമാണ്, നമ്മുടെ രക്ഷ ദാനമാണ്  നമുക്ക് യാതൊരു അർഹതയുമില്ലായിരുന്നു. റോമ.1:17 – ൽ ' നീതിമാൻ വിശ്വാസത്താൽ ജീവിയ്ക്കും'. 2 കൊരി.12:9 – വിജയം നേടുന്നതിനായി നമ്മുടെ നിസ്സഹായതയെ നാം ഏറ്റുപറകയും ക്രിസ്തുവിന്റെ അതുല്യശക്തിക്ക് വിധേയപ്പെടുകയും ചെയ്യുമ്പോൾ ക്രിസ്തു നമുക്ക് വിജയം നൽകും. വിജയകരമായ ജീവിതത്തിന് നമുക്ക് ഉണ്ടായിരിക്കേണ്ട ഒരു യോഗ്യത തകർന്ന മനസ്സുണ്ടാകുക എതാണ്. തകർന്നും നുറുങ്ങിയും ഇരിയ്ക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല.

### *4. വിജയകരമായ ജീവിതത്തിന് രഹസ്യം ഏകീഭാവമാണ്*

ക്രിസ്തുവിനോടുള്ള നമ്മുടെ ഏകീഭാവമാണ് വിജയകരമായ ജീവിതത്തിന്റെ രഹസ്യം.
ഏതൊക്കെ രീതിയിലുള്ള ഏകീഭാവമാണ് ഉണ്ടാകേണ്ടത്:
*1. ക്രിസ്തുവിന്റെ മരണത്തോടുള്ള ഏകീഭാവം – ഞാൻ ക്രിസ്തുവിനോടു കൂടെ മരിച്ചിരിക്കുന്നു (റോമ.6:5)*
*2. ക്രിസ്തുവിന്റെ അടക്കത്തോടുള്ള ഏകീഭാവം – അവനോടുകൂടെ കുഴിച്ചിടപ്പെട്ടു (റോമ.6:4)*
*3. ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടുള്ള ഏകീഭാവം – ഞാൻ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു (റോമ.6:5)*
*4. ക്രിസ്തുവിന്റെ ഇപ്പോഴത്തെ ജീവിതത്തോടുള്ള ഏകീഭാവം – ജീവന്റെ പുതുക്കത്തിൽ നടക്കും, പാപത്തിന് അടിമപ്പെടുകയില്ല, ക്രിസ്തുവിനോടുകൂടെ ജീവിക്കും (റോമ.6:4,6,8)*

### *5. വിജയകരമായ ജീവിതത്തിന് സമർപ്പണം ആവിശ്യമാണ്*

പാപത്തിന് മരിച്ചവൻ അടുത്തതായി ചെയ്യേണ്ടത് തന്നെ ദൈവത്തിന് സമർപ്പിക്കുക എന്നതാണ്. (റോമ.6:13) നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കയും അരുത്. നിങ്ങളെത്തെ ന്ന മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചുകൊണ്ട് പാപത്തിനും ലോകത്തിനും ഇനി നമ്മുടെമേൽ അധികാരം ഇല്ലെന്ന് പറഞ്ഞ് വിജയകരമായ സമർപ്പണത്തോടുകൂടിയായിരുന്നാൽ പാപം നമ്മോട് പോരാടുകയില്ല.

### *6. വിജയകരമായ ജീവിതത്തിന് തെരഞ്ഞെടുപ്പ് ആവിശ്യമാണ്*

ഒന്നുകിൽ വിജയം അല്ലെങ്കിൽ പരാജയം തെരെഞ്ഞെടുക്കേണ്ടത് നാം ഓരോരുത്തരുമാണ്. 'നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കയും അരുത്' (റോമ.6:16,17,18). നാം നമ്മുടെ പാപസ്വഭാവത്തിന് മരിച്ചിരിക്കുന്നു ഇനി പാപത്തിന് നമ്മുടെമേൽ അധികാരമില്ല. മനുഷ്യവർഗ്ഗത്തെ സ്വതന്ത്രനാക്കുവാൻ ക്രിസ്തു ക്രൂശിലെ മരണത്തിലൂടെ പൂർത്തീകരിച്ച പ്രവൃത്തിയെക്കുറിച്ച് നാം ബോധവാന്മാരാകണെങ്കിൽ ഒരിക്കലും പാപത്തിലേക്ക് അഥവാ പരാജയത്തിലേക്ക് പോകുവാൻ ഇടയാകാതെ വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ഇടയാകും.
ക്രിസ്തുവിൽ മാത്രം എപ്പോഴും ചാരുക ദൈവീക വാഗ്ദത്തങ്ങളിൽ ആശ്രയിക്കുക പരിശുദ്ധാത്മാവ് നമ്മോടു വ്യക്തിപരമായി പറയു ന്ന എല്ലാ കൽപ്പനകളും നാം അനുസരിയ്ക്കുന്നുവെങ്കിൽ വിജയശ്രീലാളിതനായി ഒരു ക്രിസ്തീയജീവിതം ചെയ്യുവാൻ ദൈവം നമ്മെ ഓരോരുത്തരേയും ഇടയാക്കും.




പ്രസംഗക്കുറിപ്പുകൾ

*പാസ്റ്റർ വിനിൽ സി ജോസഫ്*

## വിവിധ തരം വസ്ത്രങ്ങൾ

*1. അത്തിയിലകൊണ്ടുള്ള വസ്ത്രം – ഉൽ.3:7*
*2. തോൽകൊണ്ടുള്ള വസ്ത്രം – ഉൽ.3:*
*3. നിലയങ്കിയായ വസ്ത്രം – ഉൽ.37:3,32*
*4. നേർമ്മയുള്ള വസ്ത്രം – ഉൽ.41:42*
*5. ചിത്രത്തയ്യലുള്ള വസ്ത്രം – സങ്കീ.45:14*
*6. സന്തോഷമാകുന്ന വസ്ത്രം – സങ്കീ.30:11*
*7. തേജസ്സും പ്രകാശവുമാകുന്ന വസ്ത്രം – സങ്കീ.104:1,2*
*8. രക്ഷാ വസ്ത്രം – യെശ.61:10*
*9. നീതിയിൽ വസ്ത്രം – യെശ.61:10*
*10. സ്തുതി എന്ന വസ്ത്രം – യെശ.61:3*
*11. വിചിത്ര വസ്ത്രം – യെഹ.16:10*
*12. മുഷിഞ്ഞ വസ്ത്രം – സെഖ.3:3*
*13. ഉത്സവ വസ്ത്രം – സെഖ.3:4*
*14. കല്ല്യാണ വസ്ത്രം – മത്താ.22:12*
*15. മേത്തരമായ വസ്ത്രം – ലൂക്കോ.15:22*
*16. വെള്ള നിലയങ്കിയായ വസ്ത്രം – വെളി.7:9*

# The revelation of Jesus Christ: a spiritual interpretation of the book of Revelation




Can one comprehend the message of the book of Revelation? What kind of literature is Revelation? How can one interpret the coded message of Revelation? Who is Jesus in the book of Revelation? What is the spiritual interpretation of the phrase 'the revelation of Jesus Christ'?

The complication in the book of Revelation in terms of imageries, symbolism, numerology, predictions etc. makes it a difficult one to read. The context of Roman Empire that is heavily criticized in the book makes such encoding inevitable. However, etymologically the word revelation comes from the Greek word apocalupsis ,ἀποκάλυψις. which is a combination of two Greek words apo and kaluptw ,ἀπο and κάλυπτω. that means 'from' and 'covered' respectively, in other words, it means 'disclosure' or 'revelation'. Therefore, the title of the book "Revelation" implies that the meaning once covered or hidden becomes uncovered or revealed.

The title revelation in Greek apocalupsis emerges also because of its genre or kind of literature particularly apocalyptic. Though the book displays apocalyptic genre it also reflects other genres. Features of apocalyptic include a hidden message, a revealer, an otherworldly journey of the prophet or seer, and most of all divine intervention in this present evil age to transform it. These features in the book of Revelation indicate the apocalyptic genre of the book. Secondly, in the book of Revelation, one identifies letter format like sender and recipient (Revelation 1:4; 2:1). The seven letters addresses the seven churches of Asia Minor (Revelation 2-3). This suggests the literature as epistle. Thirdly, the book explicitly mentions it as a book of prophecy (Revelation 1:3). This indicates the genre of the book of Revelation as prophetic. This suggests that the book of Revelation comes in plurality of genre, which makes the interpretation difficult. When it comes to the prophetic and apocalyptic, people interpret the book as something that would happen in the near future. In fact, biblical scholars engage various modes of interpretation to make this complicated text relevant to the readers. Predominantly scholars engage four modes of interpretation namely futuristic, historical, preteristic, and idealistic. The futurist highlights the promise "… I will keep you from the hour of trial that is coming on the whole world to test the inhabitants of the earth" (Revelation 3:10). According to the futurist, this promise indicate that the church will not suffer the tribulation based on which they interpret the events in Revelation 4–22 as that, which happens after the rapture of the church.

The historicist read the book of Revelation as history of the church until the time of the interpreter. Such an interpretation envisions powerful people against Jesus and His church as antichrist.

The preterist interprets that the writings refer to the beginning of the church until the time of the author. They do not see any future eschatology that includes second coming of Christ and the related events in the book of Revelation.

The Idealist Interpretation disconnects with the history and sees everything as a struggle or fight between good and evil that will continue until Christ comes. There are pros and cons of various modes of interpretation. Nevertheless, different from the above ones, spiritual interpretation, which is a simple one, nourishes a sincere reader spiritually. According to Joel S. Goldsmith, spiritual interpretation of a text enables one to experience from within the presence of God. The spiritual interpretation answers questions in relation to one's spiritual life in a particular context.

Let us explore a spiritual interpretation of Revelation 1:1–2. "The revelation of Jesus Christ which God gave him to show his servants what must soon take place; he made it known by sending his angel to his servant John, what must soon take place; he made it known by sending his angel to his servant John, who testified to the word of God and to the testimony of Jesus Christ, even to all that he saw" (Revelation 1:1–2).

The book of Revelation centers on the revelation of Jesus Christ. Therefore, let us not be excited about the revelation of the beast, 666 and the like but the victory of Jesus Christ and his servants over the beast and his agents. Let us be assured that in the book of Revelation Jesus Christ becomes the subject and focus of revelation.

***1. The Revelation of Jesus Christ (Revelation 1:1)***

Certain versions like NIV 1973, 2011 reads, 'revelation from Jesus Christ,' which is an incorrect translation. The Greek text and most of the translations affirm that the revelation concerns Jesus Christ. He is not the ultimate source of this revelation rather God the almighty. So the question arises ***who is Jesus?***

*....(will be continued)*

HH REJOICE

Prayerful wishes for a blessed married life to...



Joshua & Sneha

With best compliments

Sharon Fellowship Church, Bahrain



Members of the Bahrain Sharon Fellowship Church attended the Wedding at Manjady, Tiruvalla

പുതിയ പാട്ട്

## യേശു മാറാത്ത സ്നേഹിതൻ




എണ്ണമില്ല നന്മയാൽ നടത്തുന്ന
ദൈവത്തെ എങ്ങനെ വർണിച്ചിടും
നിൻ തിരു ദയയാൽ നടത്തുന്ന
സ്നേഹത്തെ എങ്ങനെ സ്തുതിച്ചിടും
നാഥാ......... നിൻ ദയയാൽ
എല്ലാം നിൻ ദയയാൽ എൻ
ജീവനും നിൻ ദയയാൽ ....... എണ്ണമില്ലാ

രോഗ ദുരിതങ്ങളാൽ ഭയക്കുന്ന നേരത്തിൽ
മൃത്യുവെ മാറ്റുന്നതും നിൻ ദയയാൽ
പുതുജീവൻ തന്ന് എന്നെ ഉയിർപ്പിക്കും
സനേഹത്തെ എങ്ങനെ പുകഴ്ത്തിടും നാഥാ
എങ്ങനെ സ്തുതിച്ചിടും
നാഥാ.... നിൻ ദയ .....എണ്ണമില്ല

കഷ്ടതയാകുന്ന കഠിന ശോദനയിൽ
തകർന്നിടാത്തതും നിൻ കൃപയാൽ
സഹനത്തിൻ ശക്തിയാൽ
ദിനംതോറും നടത്തുന്ന
നിൻ കൃപയെ എങ്ങനെ ഞാൻ വർണിച്ചിടും
നാഥാ എങ്ങനെ സ്തുതിച്ചിടും
നാഥാ.... നിൻ .......എണ്ണമില്ല

Advice from Sunday School Uncle

# A Good Listener

Tip Off...






*Dear Children,*

*In Mark Chapter 10, Jesus was surrounded by a huge crowd as he left Jericho. Yet when he heard a blind beggar calling out to him, Scripture says, "Jesus stopped." He called Bartimaeus and listened to him.*

*"Listen to me" is the common phrase you regularly hear from your parents or teachers. So I strongly suggest you to practice simple tactics to become a good listener during this summer holidays.*

*To increase your ability to listen, start to observe and talk to good listeners. Quality listening brings good results. But it takes an awareness of how much people need to be listened to, plus time and practice.It is one of the most effective means God ever gave us for helping one another in this earth. A good listener gives others an opportunity to express their views without being judged, interrupted, or redirected. Unfortunately, many of us are too preoccupied with ourselves when we listen. Instead of concentrating on what is being said, we are busy either deciding what to say in response or texting someone using our mobile phone or mentally rejecting the other person's point of view.*

*Good listening is truly where effective communication begins. Listening is the most important of all the communication skills. More important than a powerful voice and the ability to speak multiple languages. Listening to others is the best way to learn. Many of us think of listening as passive, talking is active. But engaged, effective listening is a highly active sport. It is impossible to listen effectively when fear or nervousness is present. Find time to listen to your parents (either during dinner time or after your family prayers). Several reasons have been cited that influence the act of getting a divorce in young Christian couples. One of the reasons are lack of active listening between them.*

*One of the best ways to learn to listen is to study the life of Jesus. Read through the gospels and watch this masterful teacher affirm people, draw them out, and accurately speak to their real needs. Jesus motivates us to listen better. The Proverbs are also an excellent source of practical advice on listening, better to underline all the verses in Proverbs that teaches you how to listen. Meditate on the Word of God and find quiet time to listen from God.*


*"Wisdom is the reward you get for a lifetime of listening when you'd have preferred to talk."- Doug Larson*


---

## HH REJOICE

For by me your days will be multiplied, And years of life will be added to you. (Proverbs 9:11)

"ഞാൻ മുഖാന്തരം നിന്റെ നാളുകൾ പെരുകും; നിനക്ക ദീർഘായുസ്സ ഉണ്ടാകും."
(സദൃശ്യവാക്യങ്ങൾ 9:11)


Caleb Iype


Eben Shiju



Abimel Santhosh


Alan Abraham Aji


Derick and Dominic V Thomas


Allona Biju Panicker


Princy Sara Thomas


Angelina Stalin


Ann Mary Mathew


Cyrus John Johnson



Hanna John Abraham


Naithan Jiji

# Simple,inspiring and a wonderfully crafted book

*Review*

***DROPLETS OF GODLY VIRTUES”*** authored by O.C.Cherian, Ooramvelil, Edathua explores the multi casual complexity of the life-upsetting trauma. Simple and inspiring a wonderfully crafted book which reveals a set of simple yet potential idea which will improve quality of anyone’s life. It is a mine of wisdom the author has learned from his experiences which is informative and extremely helpful.




“DROPLETS OF GODLY VIRTUES’ is handy book with candor, insight, sensitivity and compassion. There are 26 articles in alphabetical order. It begins with “ATTITUDE” and ends with “ZEBRA LINE OF LIFE”. In these days of internet and mobile where anybody can access to anything there is danger that that the youngster will be exposed to harmful forces which look fascinating and attractive. But we can prevent it says Cherian. A man can survive self doubt, vocational despair, and negative distractions. If he can develop a spiritual sense author should produce more such book. This was how ***“Indian Express”,*** Trivandrum in the review titled “Gems of wisdom for good life.

> ***“DROPLETS OF GODLY VIRTUES’ is handy book with candor, insight, sensitivity and compassion. There are 26 articles in alphabetical order. It begins with “ATTITUDE” and ends with “ZEBRA LINE OF LIFE”.***

One of the most eminent personality ***Dr Babu Paul IAS wrote,*** “I should have read the book, and replied and responded at least a month earlier. The innovative A to Z format is interesting in life. I must say that it is a useful guide to responsible living these turbulent times. You have rendered with this book, a great service to teenagers and their parents. I hope your book will be widely read.



***O.C.Cherian Ooramvelil***

***Mar Joseph Mar Barnabas Episcopa wrote,*** “It is my pleasure to recommend ‘Droplets of Godly virtues’ to the readers at large, it being a garland of thoughts with the 26 alphabets of English, for systematic reading and rehearsal for daily spiritual nurture for all mankind, irrespective of religion, cast or creed”.

***Prof AJ Padinjattidom wrote;*** "Here is an excellent book for youngsters. Though little, yet powerful, a chapter a day rehearsed all life can guard one from missing heaven. Beyond cast, colour, creed, or sect a must read for all everywhere this has stuff to be a textbook, with every statement packed in thought”.

"***ആദ്ധ്യാത്മികതയിലൂന്നിയ ജീവിത കർമ്മത്തിനൊരു മാർഗരേഖ*** ” *- മലയാള മനോരമ*

‘‘***ആത്മായ ജീവിതത്തേയും അച്ചടക്കത്തേയും, കഠിനാദ്ധ്വാനത്തേയും ഉണർത്തുന്ന വാക്കുകൾ*** ” *-ദീപിക*

***For copies contact;***
***O.C.Cherian Ooramvelil***
***Email: oorams@yahoo.co.in***
***Phone: 0091 9446285784***

***Few Copies are now available in Bahrain:***
***Please Contact:***
***39336575***
***38383399***

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി 5



രാജൻ തോമസ്

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

***3. അർപ്പക്ഷാദ്*** – പുരാതന അസ്സീറിയയുടെ തലസ്ഥാനമായിരുന്ന നിനവെയുടെ വടക്ക് കിഴക്കായി അർപ്പക്ഷാദിന്റെ സന്തതി പരമ്പരകൾ വസിച്ചുപോരുകയും, ആധുനിക ഇറാക്കിന്റെ ഭാഗമായി മാറുകയും ചെയ്തു. അർപക്ഷാദിന്റെ സന്തതിപരമ്പരകൾ നിന്നാണല്ലോ അബ്രഹാം ഉണ്ടായതും, ഇന്നത്തെ ബസ്രായ്ക്ക് (Busra) അടുത്തുള്ള ഊരിൽ നിന്നും പുറപ്പെട്ടുപോന്നതും.

***4. ലൂദ്*** – ഇന്നത്തെ പടിഞ്ഞാറൻ ടർക്കിയിൽ വസിച്ച ലിദ്യ വർഗ്ഗക്കാർ ലൂദിന്റെ പിൻഗാമികളാണ്.

***5. അരാമും സന്തതിപരമ്പരകളും***

പുരാതന അരാമ്യ വർഗ്ഗങ്ങളുടെ പിതാവായിരുന്നു അരാം. ആധുനിക സിറിയയുടെ ഭാഗമായി അരാമിന്റെ പിൻഗാമികൾ മാറിയെന്നു വിശ്വസിക്കാം.

***6. യൊക്താനും സന്തതി പരമ്പരകളും***

(വാക്യം 26–30) യൊക്താനും സന്തതി പരമ്പരകളും മേശാതുടങ്ങി കിഴക്കൻ മലയായ സെഫർവരെ പാർത്തു (വാക്യം 30) എന്നു കാണുന്നു. ഇന്നത്തെ അറേബ്യൻ ഉപദ്വീപിലേക്കാണ് യൊക്താന്റെ സന്തതി പരമ്പരകൾ വാസമുറപ്പിച്ചത്.

ഇന്നത്തെ സൗദി അറേബ്യ, യു.എ. ഇ., ഒമാൻ, കുവൈറ്റ്, ഖത്തർ, ബഹറിൻ, തുടങ്ങിയ രാജ്യങ്ങളിലടങ്ങിയ ഉപദ്വീപിൽ ഹാമിന്റെയും, ശേമിന്റെയും സന്തതി പരമ്പരകൾ വാസമുറപ്പിച്ചിട്ടുള്ളതായി ഊഹിക്കാൻ പല തെളിവുകൾ ഉണ്ട്.

ഉല്പത്തി 10:7 ശ്രദ്ധിക്കുക, ഹാമിന്റെ പുത്രനായിരുന്ന കൂശിന്റെ പുത്രന്മാരിൽ ഒരാൾ ‘ഹവീല’ യായിരുന്നു. അതുപോലെ തന്നെ ഉല്പത്തി 10:29– ൽ ശേമിന്റെ സന്തതിപരമ്പരയിൽപ്പെട്ട ഒരു ‘ഹവീല’ യെയും കാണാം. ഉല്പത്തി 2:11– ൽ കാണുന്ന ‘ഹവീല ദേശം’ പലസ്തിന്റെ കിഴക്ക് ഭാഗത്തായി ഇന്നത്തെ ഇറാക്കിനോട് ചേർന്ന മദ്ധ്യ- ഉത്തര അറേബ്യൻ പ്രദേശങ്ങളായിരുന്നുവെന്ന് ഊഹിക്കാൻ മതിയായ തെളിവുകൾ ഉണ്ട്. ‘ഹവീല’ എന്ന പേരിന്റെ അർത്ഥം ‘മണൽ ദേശം’ എന്നാണ്.

ആയതിനാ ൽ മണൽ കൂമ്പാരങ്ങളാൽ നിറഞ്ഞ അറേബ്യൻ മരുഭൂമിയുടെ ഭാഗങ്ങൾ ‘ഹവീല ദേശം’ എന്നറിയപ്പെട്ടിരുന്നു. ഉല്പത്തി 10:30– ലെ മേശാ തുടങ്ങി കിഴക്കൻ മലയായ സെഫാർ വരെ എന്ന പ്രയോഗം പ്രസ്തുതനിഗമനത്തെ സ്ഥിതികരിക്കുന്നു.

അബ്രാഹാമിൽ നിന്നുമാണ് അറബി സമൂഹങ്ങളുടെ പിതാവായ യിശ്മായേൽജനിച്ചത്. യിശ്മായേല്യരും വാസമുറപ്പിച്ചത് അറേബ്യയിലാരുന്നുവെന്നോർക്കണം. അങ്ങനെയെങ്കിൽ ഉല്പത്തി 2:13– ലെ ഗീഹോൻ നൈൽനദിയായും, ഹിദ്ദേക്കെൽ ടൈഗ്രീസ് നദിയായും, ഫ്രാത്ത് യൂഫ്രട്ടീസ് നദിയായും സ്ഥിരികരിച്ചിരിക്കുന്നു. പീശോൻ നദി എവിടെ പ്പോയി എന്നത് ചരിത്രകാരന്മാരുടെ ഒരു ചോദ്യചിഹ്നമായി അടുത്ത സമയം വരെ അവശേഷിച്ചിരുന്നു.

അമേരിക്കയിലെ ഒരു കൂട്ടം പുരാവസ്തു ഗവേഷണ സംഘം എടുത്ത സാറ്റ്ലൈറ്റ് ഫോട്ടോകൾ (Sonographic pictures) സൗദി അറേബ്യൻ മണൽ കൂനകൾക്കടിയിൽ ഒരു മഹാനദി നികന്നു കിടക്കുന്നുവെന്ന് കണ്ടു പിടിച്ചിരിക്കുന്നു. പ്രസ്തുത നദി ഉല്പത്തി 2:13 ലെ പീശോൻ ആണെന്ന നിഗമനത്തിൽ ഗവേഷകന്മാർ എത്തിചേർന്നിരിക്കുന്നു.

കേരളത്തിലെ പുരാതന തുറമുഖമായിരുന്ന കൊടുങ്ങല്ലൂർ (Cranganore) ഒരു ജലപ്രളയത്താൽ നികന്നുപോയി കപ്പലുകൾക്ക് അടുക്കുവാൻ കഴിയാതെ പോകുകയും കാലക്രമേണ കൊച്ചിയെ തുറമുഖമായി ഉപയോഗിക്കുകയും ചെയ്തുപോന്നതുപോലെ, ഒരു പക്ഷെ പ്രളയത്താൽ ആയിരിക്കാം,

പീശോൻ മണൽ കൂമ്പാരങ്ങളുടെ അടിത്തട്ടിൽ നികന്നു പോയത് എന്ന് ഊഹിക്കാം. അങ്ങനെയെങ്കിൽ ഏദെൻ തോട്ടത്തിന്റെ സ്ഥാനം ഇന്നത്തെ ഇറാക്കിന്റെ ഭാഗങ്ങൾ മാത്രമല്ല, അറേബ്യയിലും പടർന്നു കിടന്നതായും ഊഹിക്കാം.

(തുടരും)

Knowledge Cafe 5

Jijo Angamaly

# BIBLE QUIZ

1. ആദാം ദൈവത്തിന്റെ മകനാണെങ്കിൽ പിശാചിന്റെ മകനാര് ?
2. മരുഭൂമിയിൽ കാട്ടുമൃഗങ്ങളോടുകൂടെ ആയിരുന്നതാര് ?
3. യാക്കോബ് ഏശാവിന് സമ്മാനിച്ച മൃഗങ്ങളെത്ര ?
4. രണ്ട് കുട്ടികൾ. ഒരു കുട്ടി മാതാവില്ലാതെ വളർന്നു, മറ്റേ കുട്ടി പിതാവില്ലാതെ വളർന്നു. കുട്ടികളാര്?
5. ദുഃഖ പ്രകടനം കൊണ്ട് പേര് മാറ്റപ്പെട്ട സ്ഥലമേത് ?
6. പണം കാണുന്നതും കിട്ടുന്നതും എല്ലാവർക്കും സന്തോഷമാണ്. എന്നാൽ പണം കണ്ടപ്പോൾ പേടിച്ചുപോയവർ ആരെല്ലാം ?
7. ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു പക്ഷേ യഹൂദന്മാർ അവനെ വിശ്വസിച്ചില്ല, ആരെ ?
8. പൗലോസിനാൽ സ്നാനമേറ്റവർ ആരെല്ലാം ?
9. കർത്താവ് പഴഞ്ചൊല്ല് പറഞ്ഞിട്ടുണ്ട്. ശിഷ്യനും പഴഞ്ചൊല്ല് പറഞ്ഞിട്ടുണ്ട്. പഴഞ്ചൊല്ല് പറഞ്ഞ ശിഷ്യനാര് ?
10. അവൾക്ക് ഭ്രാന്തില്ലെങ്കിലും ഭ്രാന്തുണ്ടെന്ന് ആരോപിക്കപ്പെട്ടു. ആരാണീ കഥാപാത്രം ?

---

1. If Adam is the son of God, who is the son of devil?
2. Who was with the wild beasts?
3. How many animals were gifted to Esau by Jacob?
4. Two children. One grew without mother and the other grew without father. Who are they?
5. The name of a place was changed because of an expression of grief. Name the place?
6. Everyone is happy to see money or to get money. But who all were afraid when they saw the money?
7. The tax collectors and harlots believed him; but the Jews did not believe him. Name the person
8. Name the people who were baptized by Paul.
9. Jesus used proverbs, so also his disciple. Name the disciple who used proverb.
10. She was not mad, but she was accused that she is mad. Who is she?

**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**

## Winners

***Issue # 4***
***(Selected through draw out of correct entries)***



**Bible Quiz**
**Suni S. Suku**
*(IPC Bahrain Tamil Church)*



**Puzzle**
**Catherine Jisna**
*(Bahrain Church of Living God)*

# PUZZLE

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| V | G | I | O | S | D | I | I | O | S | N |
| O | | | | | | | | | | P |
| O | | | | | | | | | | F |
| L | | | | | | | | | | O |
| R | | | | | | | | | | O |
| N | | | | | | | | | | F |
| P | | | | | | | | | | R |
| U | | | | | | | | | | O |
| O | | | | | | | | | | T |
| O | | | | | | | | | | L |
| N | | | | | | | | | | H |
| B | | | | | | | | | | I |
| E | | | | | | | | | | E |
| C | | | | | | | | | | E |
| K | | | | | | | | | | F |
| R | | | | | | | | | | R |
| A | | | | | | | | | | L |
| C | M | K | M | R | H | O | S | O | E | D |

A verse from Romans is hidden in this shape.

It's taken from NKJV

To find it, you'll need to start at the correct letter. Then read every second letter, going in the clockwise direction.

## ശരി ഉത്തരങ്ങൾ

Issue #4, July 2017

### ബൈബിൾ ക്വിസ്

1. **അബ്രഹാം**
   Gen 18:23-32 - Abraham
2. **ഏശാവ്, ലാമെക്ക്**
   Gen 4:19, 36:2 - Lamech, Esau
3. **അബ്ശാലോം**
   2 Sam 14:27, 13:1 - Absalom
4. **സെരയാവ്**
   Jere 51:63 - Seraiah
   MEN OF BETH SHEMESH
5. **പ്രതിഷ്ഠോത്സവം**
   John 10:22 - Feast of Dedication
6. **ഏലിയാവ്**
   2 King 1:9-12 - Elijah
7. **ഇയ്യോബ്**
   Job 7:17,18 - Job
8. **പത്രോസ്**
   2 Pet 1:18 - Peter
9. **പൗലോസ്**
   2 Cori 11:6 - Paul
10. **ശിമോൻ**
   Mark 3:18 - Simon

### Puzzle

**A soft answer turns away wrath -Proverbs 15:1**

Knowledge Cafe

## Bible Quiz & Puzzle
## Those who sent correct answers

Issue 4

1. Letty Shibu, Manama Brethren Assembly
2. Blessy Lijo, Manama Brethren Assembly
3. Laya Surendran, Manama Brethren Assembly
4. Thankachen V.M, Manama Brethren Assembly
5. Sindhu Joshi, Bahrain Church of Living God
6. Jessy Jacob, Assembly of God
7. Lizy Varghese, Sharon Fellowship Church
8. Metty shibu, Sharon Fellowship Church
9. Betty Babu, Sharon Fellowship Church
10. Sali Joseph, Sharon Fellowship Church
11. Rincy Gracy Roy, Sharon Fellowship Church
12. Evangeline Grace Bovas, Sharon Fellowship Church
13. Axa Mary Biju, Sharon Fellowship Church
14. Abiya Miriam Biju, Sharon Fellowship Church
15. P. Glory, Sharon Fellowship Church
16. Benison Blesson, Indian Revival Assembly
17. Shyna Madhu, , IPC Bahrain
18. Mini Ponnachan, , IPC Bahrain
19. Praisy Ponnachan, , IPC Bahrain
20. Manju Nevin, IPC Bethel
21. Wilson Thankachan, IPC Bethel
22. Gifty Ann Gibi, IPC Bethel
23. Sofy Jacob, Church of God Full Gospel Prayer Fellowship
24. Bindu Johnson, Church of God Full Gospel Prayer Fellowship
25. Suby Lijo Mathew, Church of God Full Gospel Prayer Fellowship
26. Kunjumol Saji, Church of God Full Gospel Prayer Fellowship
27. Grace George, IPC Hebron
28. Jisha Vivek, IPC Hebron
29. Angel Vinod, IPC Hebron
30. Blessy Vinod, IPC Hebron
31. Esther Elsa Ani, IPC Immanuel
32. Alan Ani Abraham, IPC Immanuel
33. Annie Abraham, IPC Immanuel
34. Mary Francis, IPC Immanuel
35. Beula Ravi, Gilgal Church of God
36. Blessy Saji, Bethel Church Bahrain
37. Grace Biju George, Bethel Church Bahrain
38. Lincy Roopesh, Bethel Church Bahrain
39. Julia Kurien, Bethel Church Bahrain
40. Suni S.Suku, IPC Bahrain Tamil Church
41. Glady shine, IPC Bahrain Tamil Church
42. Sini Dipin, IPC Bethesda
43. Jolly Biju, IPC Zionthalachira, Kollam
44. Preethy Binil, Revival Fellowship
45. Sabitha Sujith, Church of God, New Delhi
46. Johncy Vesily, IPC Kuwait
47. Praisy Tomson, IPC Peniel,Madhavaram, Chennai
48. Suja James, Church of God, Kuwait
49. Lijo Arocky, IPC, Sreekaryam,Trivandrum



ക്വിസ് മാസ്റ്റർ ജിജോ അങ്കമാലി 4-ാം ലക്കത്തിലെ വിജയികളെ തിരഞ്ഞെടുക്കുന്നു

## Bible Quiz Only
## Those who sent correct answers

1. Annamma Joseph, IPC Bethel
2. Jolly John Varghese, IPC Hebron
3. Reji Baby, Sharon Fellowship Church,Kottarakkara
4. Joju S.D, Muharq Prayer Group
5. Saly Saji, Sharon Fellowship Church
6. Giby Mathew, Church of God Full Gospel Prayer Fellowship
16. David Samuel Thomas, Sharon Fellowship Church
17. Sheeja Anu John, Sharon Fellowship Church
18. Jissa Mary Joseph, Sharon Fellowship Church
19. Saju Mathew, IPC Bahrain
20. Helen Grace Roy, Christ Church International
21. Shaimy Jijo, IPC Bethel
22. Prabha Biju, IPC Bethel
23. Susan sibi, IPC Bethel
24. Buely Nebu, IPC Bethel
25. Jeffin Thomas Nevin, IPc Bethel
26. Robin Johnson Varghese, Church of God Full Gospel Prayer Fellowship
27. Keziah Merin Tom, Church of God Full Gospel Prayer Fellowship
28. Sherin John Varghese, IPC Hebron
29. Stefin Shony, IPC Hebron
30. Emlyn James, IPC Hebron
31. Nancy Vinay, IPC Hebron
32. Jolly John Varghese, IPC Hebron
33. Sandra Ann Mathew, IPC Peniel
34. Sally Mathew, , IPC Peniel
35. Gaius V Mathew, , IPC Peniel
36. Judith Franko, Gilgal Church of God
37. Jelin Franko, Gilgal Church of God
38. Alice George, Church of Suvartha
39. Sherin Shinu, St.Thomas Evangelical Church
40. Tiju.C.L, The Father's House AG Church
41. Schweitzer Paul, Sharon Fellowship Church

## Puzzle Only
## Those who sent correct answers

1. Annie Johnson, Manama Brethren Assembly
2. Laya Surendran, Manama Brethren Assembly
3. Ajo Johnson, Manama Brethren Assembly
4. Reena Daniel, Brethren Assembly, Majlis
5. Animol Jijo, , Brethren Assembly, Majlis
6. Dave Valzan George, Brethren Assembly, Majlis
7. Catherine Jisna, Bahrain Church of Living God
8. Emmanuel Jis, Bahrain Church of Living God
9. Chris Johnson, Bahrain Church of Living God
10. Saumya Thomas, Church of God, Aali
11. Aneeta Thomas, Assembly of God
12. Keith Thomas Joe, Assembly of God
13. Sam Varghese Methrail, Church of Philadelphia
14. Ruby Sara Varghese, Sharon Fellowship Church
15. Mini Binu, Sharon Fellowship Church

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers should be received before 20th of every month.
4. Answers can be sent by e-mail and whatsapp.
5. Kindly send name, photo, church and contact number along with answers.
6. Winners will be selected through a draw in case there are more than one correct entry.
7. Winners name and photo will be published in next issue.
8. Attractive prizes will be awarded to winners.
9. Incomplete answers will not be entertained.
10. Bible Quiz answers should be sent along with reference.
11. There will be separate prizes for both Bible Quiz and Puzzle.
12. All those who send correct answers will receive HH Appreciation Certificate.

ബൈബിൾ ക്വിസിനും
പസിലിനും
വെവ്വേറെ സമ്മാനങ്ങൾ
ശരിയുത്തരമയക്കുന്ന
എല്ലാവർക്കും
*HH Appreciation Certificate*

# യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള ആത്മീക അധികാരം


പാസ്റ്റർ തോമസ് വർഗീസ്

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

### *5. നമ്മുടെ രോഗസൗഖ്യത്തിനായി ക്രിസ്തുവിന്റെ രക്തം (യെശ.53:4,5, 1 പത്രോ.2:24)*

'അവിടുത്തെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു'. 'അവർ അവനെ കുഞ്ഞാടിന്റെ രക്തത്താലും സാക്ഷ്യവചനത്താലും ജയിച്ചു'(വെളി.12:11). യേശുവിന്റെ രക്തത്തിന്റെ ശക്തി അത്ര വലുതാണ്. 'അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം സകലപാപങ്ങളേയും പോക്കി ശുദ്ധീകരിക്കുന്നു'. ഈ ഭൂമിയിൽ ഒരു ഭിഷഗ്വരനും സൗഖ്യമാക്കാൻ കഴിയാത്ത പാപരോഗത്തെ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നുവെങ്കിൽ ഏത് മാരകമായ രോഗത്തേയും യേശുവിന്റെ രക്തം സൗഖ്യമാക്കും.

### *6. നമ്മുടെ അനുഗ്രഹത്തിനായി ക്രിസ്തുവിന്റെ രക്തം(ഉൽ.3:13)*

ഒരുകാലത്ത് ദൈവത്തിന്റെ ശത്രുക്കളും അന്യരുമായിരുന്ന നമ്മെ ക്രിസ്തുവിന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന പാപക്ഷമ ലഭിച്ചിരിക്കുന്നു. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽകൂടി ജാതികളായിരുന്ന നമുക്ക് ലഭിച്ചത് അവൻ രക്തം ചിന്തിയതുകൊണ്ടാണ്. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളാലും ദൈവം ക്രിസ്തുയേശുവിൽ നമ്മെ അനുഗ്രഹിച്ചു. അബ്ബാ പിതാവേ എന്ന് വിളിക്കപ്പെടുവാനുള്ള പുത്രത്വത്തിന്റെ ആത്മാവിനേയും തന്നു.

*ഈ ഭൂമിയിൽ ഒരു ഭിഷഗ്വരനും സൗഖ്യമാക്കാൻ കഴിയാത്ത പാപരോഗത്തെ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നുവെങ്കിൽ ഏത് മാരകമായ രോഗത്തേയും യേശുവിന്റെ രക്തം സൗഖ്യമാക്കും.*

### *7. നമ്മുടെ സുരക്ഷിതത്വത്തിനുവേണ്ടി യേശുവിന്റെ രക്തം (പുറ.12:13,12:23)*


'നിങ്ങൾ പാർക്കുന്ന വീടുകളിന്മേൽ രക്തം അടയാളമായിരിക്കും.ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും'. മിസ്രയീമ്യരെ ദണ്ഡിപ്പിക്കാൻ കടന്നുവരുമ്പോൾ കുറുമ്പടിമേലും കട്ടിളക്കാൽ രണ്ടിന്മേലും രക്തം കാണുമ്പോൾ വാതിൽ ഒഴിഞ്ഞു കടന്നുപോകും. മിസ്രയീമ്യരിൽ നിന്നും യിസ്രായേൽ മക്കളെ വേർതിരിച്ച് രക്ഷിച്ചത് രക്തം ആയിരുന്നുവെങ്കിൽ ഇന്ന് നമ്മെ ദുഷ്ടനായ പിശാച് തൊടാതെ നമുക്ക് സുരക്ഷിതത്വം തരുന്നത് കുഞ്ഞാടിന്റെ രക്തമാണ്. നാം ദിവസവും നമ്മേയും നമുക്കുള്ളതിനേയും രക്തകോട്ടക്കുള്ളിൽ കാത്ത് വേലികെട്ടി നാം തന്നെ സൂക്ഷിക്കണം. യാതൊരുവിധ ആപത്തോ അനർത്ഥമോ ദോഷമോ സംഭവിക്കയില്ല(സങ്കീ.91:10). ഒരു അനർത്ഥവും നിനക്ക് ഭവിക്കയില്ല ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കകയില്ല.

### *യേശുവിന്റെ മരണത്താൽ സംഭവിച്ച കാര്യങ്ങൾ:*

*1. തന്റെ മരണത്താൽ മാനവരാശിക്ക് സമ്പൂർണ്ണ രക്ഷ(റോമ.3:25, അപ്പൊ.പ്രവ.4:12)*
*2. പിതാവിന്റെ ഇഷ്ടം സമ്പൂർണ്ണമായി നിറവേറി(യെശ.53:10)*
*3. ലോകരാജ്യത്വം ക്രിസ്തുവിനായി(വെളി.11:15)*
*4. സാത്താന്റെ സമ്പൂർണ്ണ തകർച്ച/ന്യായവിധി(വെളി.20:10)*
*5. നിത്യതമുഴുവൻ തന്റെ പ്രയത്നഫലം കണ്ട് യേശു സന്തോഷിക്കുന്നു(യെശ.53:11,എബ്രാ.12:2)*
*6. ലോകരാഷ്ട്രങ്ങളുടെ അനുഗ്രഹത്തിന്റെ ഉറവിടം ക്രിസ്തു (വെളി.21:24)*

HELLO KITCHEN

# കൽക്കൽ





സൂസമ്മ കുര്യൻ

## ആവശ്യമുള്ള സാധനങ്ങൾ

| | |
|---|---|
| മൈദ | – 3 കപ്പ് |
| നെയ്യ് | – 6 ടേബിൾ സ്പൂൺ |
| പഞ്ചസാര പൊടിച്ചത് | – മുക്കാൽ കപ്പ് |
| മുട്ട | – 1 |
| തേങ്ങാപാൽ | – അരകപ്പ് + 2 ടേബിൾ സ്പൂൺ |
| ഉപ്പ് | – ഒരു നുള്ള് |
| ബേക്കിംഗ് സോഡ | – അര ടീസ്പൂൺ |
| ജാതിക്കാ പൊടി | – ഒരു ടേബിൾ സ്പൂൺ |
| വനില എസൻസ്സ് | – ഒരു ടേബിൾ സ്പൂൺ |
| എണ്ണ | – വറുക്കാൻ ആവിശ്യത്തിന് |

## തയ്യാറാക്കുന്ന വിധം

മൈദ, ഉപ്പ്, ബേക്കിംഗ് പൗഡർ ഒന്നിച്ച് ഇടയുക, നെയ്യ് ചൂടാക്കി ഈ മിശ്രിതത്തിൽ ഒഴിക്കുക. തണുക്കുമ്പോൾ കൈവിരൽ കൊണ്ട് റൊട്ടിപ്പൊടി പോലെ കുഴയ്ക്കുക. മുട്ട നന്നായി അടിച്ച് ബാക്കി സാധനങ്ങളും ചേർത്ത് മാവ് നന്നായി കുഴയ്ക്കുക.

ഓരോ ചെറിയ ഉരുളകൾ എടുത്തു ഫോർക്കിന്റെ പുറകിൽ പരത്തി സൈഡ് ഒട്ടിക്കുക (ഷെൽ പോലെ ഷേയ്പ്പ് ആക്കുക). എന്നിട്ട് എണ്ണയിൽ വറുത്തു കോരുക. ഒന്നിച്ചു ഇടാതെ കുറച്ചു ഇട്ടു വറുക്കണം. മാവിൽ പല നിറങ്ങൾ ചേർത്താൽ നല്ല കളർഫുൾ കൽക്കൽ ഉണ്ടാക്കാം.

## കിച്ചൺ ടിപ്സ്

1. ഐസ് ട്രേയിൽ പുതിനയില പിച്ചിയിട്ടതിനുശേഷം വെള്ളം ഒഴിച്ച് ഫ്രീസ് ചെയ്ത് ഐസ്ക്യൂബ് ആക്കിയതിനുശേഷം ലെമണേഡിൽ ഒന്നോ രണ്ടോ ക്യൂബിട്ടാൽ നല്ല രുചി കിട്ടും.
2. നാരങ്ങ സിപ്പ്ലോക്ക് ബാഗിൽ ഇട്ടു ഫ്രിഡ്ജിൽ വെച്ചാൽ കുറച്ചു നാൾ കേടു കൂടാതെ ഇരിക്കും.
3. ബ്രോക്കോളി, കോളിഫ്ളവർ മുതലായവയുടെ ഫ്ളവർ ഹെഡ്സ് മുറിച്ചു സിപ്പ്ലോക്ക് ബാഗിലിട്ട് ഫ്രിഡ്ജിൽ വെയ്ക്കുക. ഉപയോഗിക്കുന്നതിന് മുമ്പായി കഴുകി എടുക്കുക.
4. മുട്ട പുഴുങ്ങുമ്പോൾ തിളച്ച വെള്ളത്തിൽ മുട്ട ഇട്ട് അല്പം ബേക്കിംഗ് സോഡയും ചേർത്ത് പുഴുങ്ങുക.
5. വേവിച്ച ചോറ് ഒറ്റ ദിവസത്തിൽ കൂടുതൽ ഫ്രിഡ്ജിൽ വെച്ച് ഉപയോഗിക്കരുത്.

# ദേശങ്ങൾക്കായി



തയ്യാറാക്കിയത്: **ബിജുമോൻ വർക്കി**



**രാജ്യം : അഫ്ഗാനിസ്താൻ**
**തലസ്ഥാനം : കാബൂൾ**
**ഭരണാധികാരി : അഷ്റഫ് ഘാനി**

മധ്യ ഏഷ്യയിലും തെക്കനേഷ്യയിലുമായി വ്യാപിച്ചു കിടക്കുന്ന ഏഷ്യയിലെ ഒരു പരമാധികാര രാജ്യമാണ് അഫ്ഗാനിസ്താൻ. മധ്യേഷ്യയുടെ കവാടം എന്നറിയപ്പെടുന്ന അധിനിവേശങ്ങളുടെ നാടാണിത്. പേർഷ്യൻ സാമ്രാജ്യം, ജെങ്കിസ് ഖാൻ, അലക്സാണ്ടർ ചക്രവർത്തി തുടങ്ങിയവരെല്ലാം പല കാലങ്ങളിലായി ഇവിടെ ആധിപത്യം സ്ഥാപിച്ചിരുന്നു. ഇന്നത്തെ രൂപത്തിലുള്ള അഫ്ഗാനിസ്താൻ നിലവിൽ വന്നത് ദുരാനി സാമ്രാജ്യത്തിന്റെ കീഴിൽ 1746-ലാണ്. എന്നാൽ അധികം താമസിയാതെ ബ്രിട്ടീഷുകാർ ഇവിടെ ആധിപത്യമുറപ്പിച്ചു. 1919-ൽ അമാനുള്ള രാജാവിന്റെ കാലത്താണ് ബ്രിട്ടീഷ് ആധിപത്യം അവസാനിച്ചത്.


1978-ൽ കമ്മ്യൂണിസ്റ്റുകൾ രാജ്യത്തിന്റെ അധികാരം പിടിച്ചു. 1979-ൽ അന്നത്തെ സോവിയറ്റ് യൂണിയൻ അഫ്ഗാന്റെ നിയന്ത്രണം കൈക്കലാക്കി. അമേരിക്ക, പാകിസ്താൻ എന്നീ രാജ്യങ്ങളുടെ പിന്തുണയോടെ മുജാഹിദീനുകൾ നടത്തിയ ചെറുത്തുനിൽപ്പിനെത്തുടർന്ന് 1989-ൽ സോവിയറ്റ് സൈന്യം പിൻവാങ്ങി. തുടർന്ന് ആഭ്യന്തര യുദ്ധങ്ങൾക്കാണ് അഫ്ഗാനിസ്താൻ സാക്ഷ്യം വഹിച്ചത്. പിന്നീട് അമേരിക്കയുടെ മേൽനോട്ടത്തിൽ ജനാധിപത്യ ഭരണത്തിനു അഫ്ഗാനിസ്താനിൽ ആരംഭം കുറിച്ചു. ലോകത്തിൽ ഏറ്റവും അധികം കറുപ്പ് ഉൽപ്പാദിപ്പിക്കുന്ന രാജ്യം ആണ് അഫ്ഗാനിസ്താൻ. അതു രാജ്യത്തിലെ യുവജനങ്ങളെ ലഹരിക്ക് അടിമകൾ ആക്കുന്നു. ക്രിസ്തുവിനെ അറിയുന്നവർ ഏതാനും ആയിരങ്ങൾ മാത്രമാണ് ഈ രാജ്യത്തിൽ ഉള്ളത്. വിശ്വാസികൾ പലവിധ പീഢകൾ അനുഭവിച്ചുവരുന്നു. പലരും കൊല്ലപ്പെടുന്നു. വിശ്വാസികൾക്ക് കൂട്ടായ്മ ആചരിക്കുവാൻ ഒരു സാഹചര്യവും ഇല്ലാത്ത് ഈ രാജ്യത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തുവിന്റെ സ്നേഹം ദേശനിവാസികൾ അറിയേതിനായി പ്രാർത്ഥിക്കാം.



**സംസ്ഥാനം : മഹാരാഷ്ട്ര**
**തലസ്ഥാനം : മുംബൈ**
**മുഖ്യമന്ത്രി : ദേവേന്ദ്ര ഫട്നാവിസ്**

ഇന്ത്യയിലെ മൂന്നാമത്തെ വലിയ സംസ്ഥാനമാണ് മഹാരാഷ്ട്ര. ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഭാഷാ പുനരാവിഷ്ക്കരണത്തിന്റെ ഫലമായി മറാത്തി ഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ഒത്തുചേർന്ന് 1960 മെയ് 1 ന് മഹാരാഷ്ട്ര സംസ്ഥാനം രൂപീകരിക്കപ്പെട്ടു. മഹാരാഷ്ട്രയുടെ തലസ്ഥാനവും രാജ്യത്തിന്റെ സാമ്പത്തിക തലസ്ഥാനവുമാണ് മുംബൈ. ഇന്ത്യയിലെ ഏറ്റവും അധികം വ്യവസായങ്ങൾ ഉള്ളതും ഏറ്റവും സമ്പന്നമായ സംസ്ഥാനമാണ് മഹാരാഷ്ട്ര. മുംബൈയുടെ വൻ സമ്പത്ത് ഘടന അനേകം കുടിയേറ്റ തൊഴിലാളികളെ ആകർഷിക്കുന്നു. അവരിൽ ഭൂരിഭാഗവും ചേരികളിൽ ചെന്നെത്തുന്നു. ഇത് തെരുവ് കുട്ടികളുടെ എണ്ണവും, അനാശാസ്യ പ്രവർത്തനങ്ങളും, കുറ്റകൃത്യങ്ങളും വർദ്ധിക്കുവാൻ കാരണമായി തീരുന്നു.

ഇന്ത്യയിലെ മഹാനഗരങ്ങളിൽ രണ്ടാമത്തെ ഉയർന്ന ക്രൈസ്തവ ജനസംഖ്യ മുംബൈയിലാണ്. തെരുവ് കുട്ടികളുടെ ഇടയിലും, ചേരിപ്രദേശങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങൾ ദൈവസ്നേഹം മനസിലാക്കുവാൻ ഇടയാകുന്നു. സംസ്ഥാനത്ത് നടക്കുന്ന എല്ലാ സുവിശേഷ പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കാം. അനേകർ യേശുവിന്റെ സ്നേഹം അറിയേണ്ടതിനായി പ്രാർത്ഥിക്കാം. സംസ്ഥാന ഭരണസാരഥികളേയും പ്രാർത്ഥനയിൽ വഹിക്കാം.




# DON'T FORGET

When everything is said and done
And on a new track you've begun
When you've finally decided to move on
From all the pain that you held on
Don't forget who helped you through
All the nights you had no clue
When you worried so much about tomorrow
And were filled with trouble and sorrow
Don't forget his loving arm
That protected you from all harm
All the times you felt left alone
Gently did he call you home
Don't forget those patient ears
That listened to your cry and fears
Though you sinned and though you lied
He always remained by your side
Don't forget the tears you shed
And all the ways by which he led
With the finest of wheat you were fed
You were safe and sound when you were in bed
Don't forget those vigilant eyes
That watch over you when you fall and rise
He watches every step you take and every move you make
And every moment that you're awake
Whatever may come, whatever has past
His love for you will forever last



Emlyn James

# സത്യജിത്ത്-ശരണ്യ വിവാഹം

**ചർച്ച് ഓഫ് ഫിലാദൽഫിയയുടെ ആഭിമുഖ്യത്തിൽ, അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച് 2017 ജൂലൈ 22- ന് ബഹ്റിനിൽവെച്ച് നടത്തിയ ശുശ്രൂഷയിൽ നിന്നും....**



പാസ്റ്റർ പി.എം. ജോയി വിവാഹം ആശീർവദിക്കുന്നു








പാസ്റ്റർ വർഗീസ് മാത്യു






പാസ്റ്റർ പി സി. വർഗീസ്




ബ്രദർ തോമസ് ജോസഫ്




HH Rhythm



## CHRISTIANITY

Charles Abraham

We are followers of Christ, thus the Christianity
Some people count it as insanity
But we know that it's completely true
And we start following it since our youth
We're supposed to be different from others
And we're commanded to love our brothers
Coz if you're living your life
You better live it for Christ
Coz He's the one who paid the price
And He's the way, the truth and the life
The Bible is vivid and clear
It says that in the twinkling of an eye we'll disappear
And be with Him for eternity
So as Christians we should try to be,
Witnesses to the world
Reach out the message to every boy and girl
So when He comes to take us home with Him
The entire world could be free of sin

# ദൈവമക്കൾക്കൊരു സന്തോഷവാർത്ത

## –പ്രഭാതപ്രാർത്ഥന–

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ
കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ
വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം

**എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ**
**രാവിലെ 4:45 മുതൽ 5:45വരെ,**
**സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ**




# തക്ക തുണ


## HH Matrimonial

പെന്തെക്കോസ്ത് യുവതി 26, 160 സെ.മീ
**BE (Aeronautical)** ബാംഗ്ലൂരിൽ സ്വകാര്യ സ്ഥാപന
ത്തിൽ ജോലി ചെയ്യുന്നു, തിരുവന്തപുരം ജില്ല.
അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ
നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

ബഹ്റിൻ – 00973 36310950
ഇന്ത്യ – 0091 9495625680

NRI Pentecostal parents invite proposals for their daughter MBBS, (27/152cm) medium colour-working in Bahrain from born again, baptized, ministry minded - qualified boys (preferably Doctors/ M.Tech/Chartered Accounts). Respond with photo and details.

**Whatsapp/Phone: +973 39237627**
**E-mail: matri555@hotmail.com**




## The South Asia Bible Commentary (SABC)

First ever one-volume contextually relevant Bible Commentary for South Asia

A project of Langham Partnership is written by 70 renowned scholars in Asia for the believers in Asia.

An affordable commentary on the entire Bible, written in simple language, using local metaphors and imagery.

Based on the firm conviction and belief of the divine inspiration and authority of the Bible, SABC is a useful tool for the theological students, believers, pastors and leaders of the churches in South Asia and elsewhere.

*Send your email ID to* sabcsales@gmail.com *for a FREE sample (32 pages) to experience this remarkable resource.*




For more details please contact:
OPEN DOOR Publications Pvt. Ltd
**Filadelfia Campus, Church Road, Sanjay Park, Udaipur, Rajasthan 313001, INDIA | Ph : +91-294-2432904, 2433414**
**Email : odpintouch@gmail.com, www.odp.co.in**

# Welcome

## to Bahrain



**Dileep T. BalaKrishnan (Sharon Fellowship Church, Kalpatta, Vayanad) to Bahrain Sharon Fellowship Church**

*Best Wishes from Hello Hope*




STEERING

Managing & Responsible Editor: Dr. **Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative
PHOENIX
MARKETING & CREATIONS W L L
**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**
For Private Circulation only